2017 ജനുവരി

# ദ്യുതി

## വിനാ ദൈന്യേന ജീവനം



എൻ.എൻ.കക്കാടിന്റെ പത്നി ശ്രീദേവി കക്കാട് എഴുതിയ അപൂർവ്വമായ ഒരു വായനാനുഭവം

## പിന്നെയാരെന്നും എന്തെന്നും ആർക്കറിയാം?

സഫലമീ യാത്ര... ഈ കവിതയിൽ ആദ്യം പിറന്നുവീണ വരികളേത്. എൻ.എൻ.കക്കാടിന്റെ സഹോദരൻ കക്കാട് വാസുദേവൻ നമ്പൂതിരി വെളിപ്പെടുത്തുന്നു

## കവർസ്റ്റോറി

## ഒഴിപ്പിച്ചെടുത്ത ചാത്തനും തന്ത്രിമനുഷ്യനും

ഇല്ലങ്ങളിൽ അപൂർവ്വമായി കാണുന്നതാണ് കുട്ടിച്ചാത്തൻ പ്രതിഷ്ഠ. അമ്പലങ്ങളിൽ തിരെയില്ലാത്തതാണ് തന്ത്രിമനുഷ്യൻ. പക്ഷേ, പാടേരിപ്പെരുമയിൽ ഇതുപോലെ പലതുമുണ്ട്.



യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം


GO ORGANIC
Go back to the Roots
fssai
പരിശുദ്ധമായ
വെന്ത വെളിച്ചെണ്ണ
പരിശുദ്ധമായ
ചിരകിയ നാളികേരം
CALL US
9072888828, 9037999929
A PRESERVATIVE FREE PRODUCT FROM NATURE
18/862, Kooriyal Lane, P. O. Chalapuram, Kozhikode - 673002, E-mail: goorganic15@gmail.com


മനോജ് ടി.
തരുപ്പയിൽ ഇല്ലം
Ph: 0495 - 2306641 (O)
9446452218
നമ്പൂതിരീസ് പൂജാസ്റ്റോർ
കോർണർ പ്ലാസ ബിൽഡിംഗ്, 18/636
തളി ഗണപതി ക്ഷേത്രത്തിനു സമീപം
കോഴിക്കോട് - 673 002
എല്ലാവിധ കലശങ്ങൾക്കും പൂജാഹോമാദികാര്യങ്ങൾക്കും
ആവശ്യമുള്ള സാധനങ്ങൾ ലഭിക്കുന്നു
NB:- നേരിട്ടും, ഫോൺ മുഖാന്തിരവും ഓർഡർ സ്വീകരിച്ച് പൂജാ സാധനങ്ങൾ എത്തിച്ചുതരുന്നതാണ്.



പുസ്തകം 1 | ലക്കം 1

# 2017 ജനുവരി

5118 (യുഗാബ്ദം) 1192 (കൊല്ലവർഷം) പൗഷം/ മകരം
ശ്വേതാശ്വരകല്പം-വൈവസ്വര മന്വന്തരം (7) ഹേമന്ദ ഋതു
യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

**ചീഫ് എഡിറ്റർ**
കൊയത്തൊടി ചെറുമുക്കു പരമേശ്വരൻ

**അസോസിയേറ്റ് എഡിറ്റർ**
പാനാട് പദ്മനാഭൻ നമ്പൂതിരി

**മാനേജിംഗ് എഡിറ്റർ**
ഉമശ്രീ കിഴക്കുമ്പാട്

**അംഗങ്ങൾ**
ഡോ. വീട്ടിക്കാട് പരമേശ്വരൻ നമ്പൂതിരി
വി.ഇ. നാരായണൻ നമ്പൂതിരി
വിനോദ് മങ്ങത്തായ
രവി മങ്ങത്തായ

**മാനേജിംഗ് കമ്മിറ്റി**
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി
(പ്രിന്റർ ആന്റ് പബ്ലിഷർ)
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്
(സർക്കുലേഷൻ മാനേജർ)
വിനീത്‌രാജ് കന്മന,
വിനീത് കണ്ടമംഗലം

**ഉപദേശക സമിതി**
പാലാഞ്ചേരി നാരായണൻ നമ്പൂതിരി
(യോഗക്ഷേമ സംസ്ഥാന സമിതി അംഗം)
കോരമ്പറ്റ ശങ്കരൻ നമ്പൂതിരി
(ജില്ലാ സെക്രട്ടറി)
രമേശൻ പുൽപ്പറമ്പിൽ (ജില്ലാ ട്രഷറർ)
ഹേമലതാദേവി പാറക്കോട്
(ജില്ലാ വനിതാ പ്രസിഡന്റ്)

**ആർട്ടിസ്റ്റ്**
പാതിരിശ്ശേരി കൃഷ്ണൻ നമ്പൂതിരിപ്പാട്

**വര**
ചുഴലിപ്പുറം വാസുദേവൻ നമ്പൂതിരി

**ഡിസൈനിംഗ്**
റീഡിഫൈൻ ഗ്രാഫിക്സ്
കോയൻകോ ബസാർ
കോഴിക്കോട്
9847941277

# സമ്പാദം

**അ**ഭിവാദയേ പരമേശ്വര ശർമ്മാƒഹം ഭോ:

യോഗക്ഷേമസഭയുടെ ഒരു പ്രസിദ്ധീകരണം കോഴിക്കോട് ആസ്ഥാനമാക്കി തുടങ്ങാനുള്ള ജില്ലാ സഭയുടെ ആദേശമാണ് 'സ്വസ്തി'ക്ക് നിമിത്തമായത്. 2015-ൽ നമ്മുടെ വനിതാ വിഭാഗം 'അകത്തളം' എന്ന പേരിൽ ഒരു പ്രതീകാത്മക പതിപ്പ് പ്രകാശിപ്പിച്ചിരുന്നു. ചാത്തമംഗലത്ത് നടന്ന വാർഷിക സമ്മേളനത്തിൽ ശ്രീമതി ശ്രീദേവി കക്കാടാണ് അതു നിർവ്വഹിച്ചത്.

വനിതകളുടെ തനത് ആഘോഷമായ തിരുവാതിര, സ്വാമി വിവേകാനന്ദ ജയന്തി (ദേശീയ യുവജനദിനം), ഉത്തരായണ പുണ്യകാലം തുടങ്ങുന്ന മകരസംക്രാന്തി ഇവയെല്ലാം അടുത്തടുത്ത ദിവസങ്ങളിൽ - 2017 ജനുവരി 11, 12, 14- വന്നുചേരുന്നതിനാൽ 'സ്വസ്തി'യുടെ ആദ്യലക്കം ആ സന്ദർഭത്തിലാവുന്നത് സർവ്വഥാ ഉചിതമാവുമെന്ന് സ്വസ്തി പ്രവർത്തകർ വിചാരിച്ചു.

സമുദായാംഗങ്ങളുടെ കൃതികൾ പ്രസിദ്ധീകരിക്കാനും അവർക്ക് പ്രയോജനകരമാവുന്ന കാര്യങ്ങൾ അവരെ അറിയിക്കാനും ഉതകുന്നതാവണം പ്രസിദ്ധീകരണമെന്ന് ഇതിന്റെ ഭാരവാഹികൾ കരുതുന്നു. സമുദായാംഗങ്ങളിൽപ്പെട്ടവരുടെ നേട്ടങ്ങൾ അറിയിക്കാനും ഇതിന്റെ താളുകൾ പ്രയോജനപ്പെടുത്താം. വാട്സ്ആപ്പ് ഗ്രൂപ്പ് പോലെ അംഗങ്ങൾ തമ്മിൽ ബന്ധപ്പെടാനുള്ള ഒരു അച്ചടിവേദിയായി കണക്കാക്കുന്നതും നന്ന്.

കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ഐക്യവും സാമഞ്ജസ്യവും ശാന്തിയും സമാധാനവും ഉണ്ടാകാൻ വ്യക്തികളുടെ മനഃസ്ഥിതിയിൽ സമൂലമാറ്റങ്ങൾ ആവശ്യമായിവരും. വേദാദ്ധ്യയനം, തപസ്സ്, ആചാരം എന്നിവകൊണ്ട് ബ്രഹ്മതേജസ് വർദ്ധിച്ചവരായി മാറാൻ യജ്ഞോപവീതധാരണ വേളയിൽ നാം പ്രതിജ്ഞയെടുക്കുന്നത് അതിനുവേണ്ടിയത്രേ.

**പത്രാധിപർ**

Swasthi Trimonthly, C/o K.M. Parameswaran, "Aryasree', Arakkinar P.O, Beypore, Calicut- 28. Mob: 8089441634
Printed at Premier Printers, Annie Hall Road, Calicut-2

# ആരൊക്കെ/എന്തൊക്കെ



പിന്നെയാരെന്നും,
എന്തെന്നുമാർക്കറിയാം?

ഈ പോർട്രേറ്റിനു
പിന്നിൽ
മൂവായിരം രൂപയുടെ
കഥയുണ്ട്. അതേപ്പറ്റി
കക്കാടിന്റെ അനുജൻ
**വാസുദേവൻ നമ്പൂതിരി**


26



നമ്പൂരി നന്നാവാൻ

9

നമ്പൂരിയുടേയും
യോഗക്ഷേമസഭയുടേയും
പോരായ്മകൾ
വിലയിരുത്തി
നന്നാവാനുള്ള വഴി
പറഞ്ഞുതരുന്ന മുൻ
സംസ്ഥാന സെക്രട്ടറി
**ടി.സി.നാരായണൻ നമ്പൂതിരി**
യുടെ കവിത



ഒപിനൃത്തിന്റെ സുഖം

ആചാരത്തിന്റെ കടുകട്ടിയും
ചൗളത്തിന്റെ വേദനയും
കാത്തിരിപ്പിന്റെ സുഖവും
മറ്റുമായി ഒരു പഴയകാല
ഉപനയനത്തെപ്പറ്റി

**പി. പദ്മനാഭൻ നമ്പൂതിരി**
എഴുതുന്നു

13



പാതിരാത്രിക്ക് സുമംഗലികൾ
ചന്ദ്രനേയും രോഹിണിയേയും
"കയ്യും വളയും കാട്ടി'
നമസ്കരിക്കുന്നതടക്കമുള്ള
അപൂർവ്വ ചടങ്ങുകൾ
തിരുവാതിരയുടെ കേരളത്തനിമ
**കമലം പി.നമ്പൂതിരി** വിവരിക്കുന്നു

48



തിലോദകം

പേരക്കിടാങ്ങൾ ഊഞ്ഞാലാടി
രസിക്കാൻ മുറ്റത്തെ മുത്തൻ
മാവിൽ കയറി ഊഞ്ഞാലിട്ടു
കൊടുത്ത് അന്ത്യയാത്ര
പോയ പിതാവിനെ
സീമന്തപുത്രൻ **എ.പി.നളിനൻ**
അനുസ്മരിക്കുന്നു

21



മുക്കിലിരിക്കും മുത്തശ്ശിയുടെ
മൂക്കു പിടിച്ചാൽ പാട്ട് പാടുക
മാത്രമല്ല രസകരമായ
ഓർമ്മകളും
കവികൾക്കുണ്ടാവും

**പി.എം. നാരായണന്റെ**
റേഡിയോ സ്മരണകൾ

45




തന്ത്രി, മേൽശാന്തി, കീഴ്ശാന്തി തസ്തിക സർവ്വസാധാരണം. എന്നാൽ കോഴിക്കോട്ടെ തളി ക്ഷേത്രത്തിൽ മാത്രമുള്ള അപൂർവ്വ തസ്തിക- തന്ത്രിമനുഷ്യൻ **കവർസ്റ്റോറി** കാണുക.

ഒരു വെല്ലുവിളിയായിരുന്നു അത്. എന്തെങ്കിലും ചെയ്യണംന്ന് പറഞ്ഞു. ആലോചിച്ച് നോക്കട്ടെ. അങ്ങനെ തോറ്റ് കൊടുക്കാൻ വയ്യല്ലൊ. ദോഷാന്ന് അറിയാം .അതിന്ള്ള പ്രായശ്ചിത്തൊക്കെ ചെയ്ത്ട്ടാ ഇവിട്ന്ന് പോയത്. ഇവര്ടെ സമ്മതൊക്കെ വാങ്ങിപ്പോയി. ഏതോ കാലം മുമ്പാട്ടോ ഇതൊക്കെ. സാമൂതിരിപ്പാട് ചോദിച്ചു, തൊടങ്ങല്ലേ? ങ്ങും, തൊടങ്ങാം. അത്നെന്ന്യാ വന്നത് ന്ന് പറഞ്ഞു.

28

കവിയുടെ സഹധർമ്മചാരിണി **ശ്രീദേവി കക്കാടിന്റെ** ചെറുകഥ
വിനാ ദൈന്യേന ജീവനം 5

അദിതി എന്ന ദുഃഖപുത്രിയെ **പി.എം.സാവിത്രി അന്തർജ്ജനം** ഓർമ്മിക്കുന്നു. 44

കള്ളകൃഷ്ണന്റെ ഓടക്കുഴൽ കട്ട് ഒളിപ്പിച്ചുവെച്ച ഒരു കള്ളി. “ബാംസുരി ചോരി മന്ദിർ’ എന്നൊരു ക്ഷേത്രമാണവിടെ. രാധാകൃഷ്ണ ജീവിതത്തിലെ അപൂർവ്വ നിമിഷങ്ങളുടെ സ്മരണകൾക്ക് എത്രയെത്ര സ്മാരകങ്ങൾ രാധാകൃഷ്ണ പ്രണയഭൂമിയിലുണ്ടായ ഒരു മുങ്ങിക്കുളിയുടെ അനിർവ്വചനീയമായ അനുഭൂതിയാണ് **മീര താമരക്കുളം** പങ്കുവെക്കുന്നത്. 41

## കവിതകൾ

ഗായത്രി- **ഡോ. കെ.മാധവൻ** 12

**വയോജനദിന ചിന്ത** മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി 24

**അവർണ്ണനീയം** സതി കണ്ടമംഗലം 23

**ബലിക്കാക്ക** കാർത്തിക പി.എസ്. 52

**ഇതുതാൻ വിദ്യാർത്ഥി ലക്ഷണം** എം.ഡി. ജയൻ 19

**യോഗക്ഷേമസഭാ വിശേഷങ്ങൾ** 53

**പാണിഗ്രഹണം** 51


Pulse Oximeters / Pulse Oximeters with NIBP & ECG
Multiparameter Monitors
Syringe Infusion Pumps / Infusion Pumps
Fetal / Vascular Dopplers
Fetal Monitors
Capnograph
Entonox (Painless Delivery System)
Surgical Diathermy Units
Suction Irrigation Pumps
Infant Warmers/ Phototherapy Units
Medical Gas pipeline project works
Accessories for all medical equipments

Authorised Dealer
24h
Ph: +91-495 2702928
E-mail:info@biocarecalicut.com
www.biocarecalicut.com

Channel Partner:
EMCO MEDITEK PRIVATE LIMITED
SPARK MEDITECH PVT. LTD
BOC A member of The Linde Group

Biocare Medical Systems
16/797 A, 2ND FLOOR,AMINA BUILDING,
Railway Station Road,Calicut-2

CONTACT PERSONS
LINESH THAMARAKKULAM
+91-9847009640
PRAVEEN KAMBALATH
+91-9947145406

❒ ശ്രീദേവി കക്കാട്

# വിനാ ദൈന്യേന ജീവനം



ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. ക്ലോക്കിൽ രണ്ടടിയ്ക്കുന്ന ശബ്ദം. നിദ്രാദേവിയ്ക്കെന്തീ പിണക്കമാവോ? കുട്ടിക്കാലത്ത് 'ഉറക്കം വരുന്നില്ല' എന്നു പറഞ്ഞപ്പോൾ അമ്മ ഉപദേശിച്ചതാണ്: 'നാമം ജപിച്ചു കിടന്നാൽ മതി. ഉറക്കം താനെ വന്നോളും' എന്ന്. അന്നൊക്കെ നാരായണ നാരായണാ എന്ന് അയ്മ്പതുവരെയൊക്കെ എണ്ണുമ്പോഴേക്കും ഉറക്കത്തിലേക്കു വീണിരിക്കും. ഇനി അതും പരീക്ഷിക്കാം. നാരായണ നാരായണ നാരായണ എന്ന് എണ്ണാൻ തുടങ്ങി. നൂറുവരെയെത്തുമ്പോഴേക്കും എണ്ണം തെറ്റരുതല്ലോ എന്ന ജാഗ്രതയിൽ ബുദ്ധിയ്ക്ക് ഏറെ ഉണർവ്വായി. അന്നൊരിക്കൽ സ്വാമിജി പ്രഭാഷണത്തിൽ പറഞ്ഞതോർത്തു' ഭൂതകാലത്തെക്കുറിച്ച് വേവലാതി കൊള്ളതാരിക്കുക; ഭാവിയെപ്പറ്റി ഉൽക്കണ്ഠപ്പെടാതിരിക്കുക; എല്ലാ ഇന്നുകളും ഇന്നലെത്തെക്കാൾ നന്നായിട്ടുണ്ട് എന്ന് വിചാരിക്കുക; നിഷേധാത്മക ചിന്തകളെ ആട്ടിയോടിച്ച് മനസ്സിൽ പ്രസന്ന ചിന്തകൾ നിറയ്ക്കുക-


ഇന്നലെയുടെ മേൽ ചരമാവരണം വീണു
നാളെയൊരിക്കലുമണയില്ല
ശാശ്വതമൊന്നേ സത്യം അതിന്!
ഇന്നിൻ കാറ്റുലയും മലവാകപ്പൂവുകൾ
വാരിയണിഞ്ഞുരസിക്കാം

പറയാനെന്തെളുപ്പം! കഴിഞ്ഞ കാലത്തെ ദു:ഖചിന്തകളും അശുഭചിന്തകളുമാണല്ലോ മനസ്സിലേയ്ക്കോടിയെത്തുന്നത്! ഈ ഓർമ്മകളുടെ പെരുംഭാണ്ഡമൊന്നിറക്കിവെച്ച് സ്വസ്ഥമായി ഉറങ്ങാൻ കഴിഞ്ഞെങ്കിൽ?

അയ്യോ എന്താണാലോചിച്ചത്? ഓർമ്മകൾ ഇല്ലാതായെങ്കിലെന്നോ? കഴിഞ്ഞാഴ്ച ശാരദേടത്ത്യേ കാണാൻ പോയത് എങ്ങനെ മറക്കും.

'അമ്മയ്ക്ക് കുറേശ്ശെ ഓർമ്മപ്പിശകു തുടങ്ങിയിട്ടുണ്ട്' എന്ന് ഒരിക്കൽ ഫോൺ ചെയ്തപ്പോൾ സരസ്വതി പറയുകയുണ്ടായി. എന്നാലും ഇത്രയ്ക്കു കരുതിയില്ല. ഞാൻ ഗേറ്റു കടന്ന് കയറിച്ചെല്ലുമ്പോൾ കുളിച്ച് ചന്ദനവും കുങ്കുമവും കുറിയിട്ട് തൂവെള്ള മുണ്ടും വേഷ്ടിയും ധരിച്ച് പ്രസന്ന ഭാവത്തിൽ പൂമുഖത്തിരിക്കുന്നു ശാരദേട്ത്തി. എന്നെ കണ്ടപ്പോൾ എണീറ്റു. വരൂ വരൂ എത്രകാലായി കണ്ടിട്ട്? ഇവടേയ്ക്കുള്ള വഴിയൊന്നും മറന്നില്ലാല്ലേ?' സന്തോഷത്തോടെ അടുത്ത കസാലയിൽ പിടിച്ചിരുത്തി.

'സരസ്വതി ഇതാരാവന്നേന്ന് നോക്ക്. സുഭാഷിണി'
'അല്ലമ്മേ സുഭദ്രേടത്തി'
അതേ അതേ സുഭദ്ര-പേരങ്ങു മറന്നുപോയി.
ഭദ്രേ കുട്ടികളെയൊന്നും കൊണ്ടുവന്നില്ലേ
'ഏടത്തീ അവരൊക്കെ വലുതായില്ലേ?
അവരൊക്കെ വലുതായീല്ലേ? നിന്റെ മകൻ




അരുണിന്റെ പഠിപ്പു കഴിഞ്ഞോ?

ഏടത്തീ അരുൺ പഠിച്ച് എൻജിനീയറായി.

മദ്രാസിൽ ജോലികിട്ടി. അവന്റെ കല്യാണോം കഴിഞ്ഞു. അരുണിന്റെ കല്യാണത്തിന് എത്ര ഉത്സാഹമായിട്ടാണ് ഏടത്തി പങ്കെടുത്തത്?'

'ആ ഇപ്പോൾ ഓർമ്മ വന്നു. അരുണിന്റെ ഭാര്യ ശാലിനി. നിന്റെ മോള് ശ്രീജയോ? അവളുടേം കല്യാണം കഴിഞ്ഞൂല്ലേ'

'ശാരദേട്ത്തീ ശ്രീജയുടെ കുട്ടിയെ കാണിക്കാൻ ഞാനും ശ്രീജയും ഭർത്താവും കൂടി കഴിഞ്ഞ മാസത്തിലാ ഇവടെ വന്നത്. അവരിപ്പോൾ ബോംബേലാ'

'ഓ ശരി ശരി ഇപ്പോ ഓർമ്മ വന്നു. ഇടയ്ക്കൊരോർമ്മപ്പിശക്. ഒന്നും വിചാരിക്കണ്ട ട്ടോ'

അതിനിടെ സരസ്വതി ചായയും പലഹാരവും

ടീപോയിൽ കൊണ്ടു വെച്ചു

'മോളേ സരസ്വത്യേ നിയ്ക്കില്ല്യേ ചായ'

'അമ്മ ഇപ്പോൾ ചായേം പലഹാരോം

കഴിച്ചതല്ലേള്ളൂ?'എന്നു പറഞ്ഞ് സരസ്വതി അകത്തേയ്ക്കു പോയി.

രണ്ടുപേരും കൂടി ബിസ്കറ്റ് എടുത്തു തിന്നുന്നതിനിടെ

സ്വകാര്യമായി 'നോക്ക് ഭദ്രേ, ഇന്ന് പുലർന്ന്

ഈ നേരം വരെ അവളെനിക്ക് ജലപാനം തന്നിട്ടില്ല.

ദുഷ്ട. കയ്യു വളരുന്നോ കാലുവളരുന്നോ എന്ന്

കൊഞ്ചിച്ച്

ആറ്റുനോറ്റു വളർത്തിയ ഏക മകളാണ്. ആർക്കും

ഈ ഗതി വരുത്തരുതേ ഗുരുവായൂരപ്പാ'

'സമയം പോലെ എല്ലാ കാര്യവും ചിട്ടയായി

ചെയ്തു കൊടുത്തിട്ടും അമ്മ ഇങ്ങനെ'

സരസ്വതി തേങ്ങി

'അമ്മയ്ക്കു സുഖല്യാഞ്ഞിട്ടല്ലേ' എന്ന് സരസ്വതിയെ ആശ്വസിപ്പിച്ചു

വിഷയം മാറ്റാനായി ചോദിച്ചു.

ശാരദേടത്തിയുടെ ഒപ്പം ജോലി ചെയ്ത ടീച്ചർമാരും കൂട്ടുകാരുമൊന്നും വരാറില്ലേ?

ഇല്ല ആരും വരാറേയില്ല. ഇടയ്ക്ക് വരാറുണ്ടായിരുന്നത് സുഭദ്രയാണ് ഇപ്പോൾ

ആയാളേം കണ്ടിട്ട് കുറെകാലായി.

'അപ്പോ അമ്മേടെ മുമ്പിൽ ഇരിക്കണതാരാ?' എന്ന് സരസ്വതി.

'അതൊക്കെനിയ്ക്കറ്യാം. പോ അവിടന്ന്'

എന്ന് അമ്മ

എന്താ അമ്മേം മോളും കൂടി ഒരു വക്കാണം! എന്നു ചോദിച്ചുകൊണ്ട് അയൽക്കാരി സുശീലയും ഭർത്താവ് രാജനും വന്നതു കണ്ടപ്പോൾ.

പെട്ടെന്ന് എണീറ്റ് ശാരദേടത്തി

സുശീലേ വല്യ കഷ്ടായിട്ടോ. രാജന് ഏക്സിഡന്റ് പറ്റീന്ന് പേപ്പറിലു കണ്ടിട്ട് ഞാൻ കൊറെ കരഞ്ഞു. ഇപ്പോഴെങ്ങനെണ്ട് ആസ്പത്രീന്ന് എന്നാണ് ഡിസ്ചാർജ്ജ് ചെയ്യണത്?'

'ശരദേടത്തീ ഇത് രാജേട്ടനാണ്. ഒരപകടോം പറ്റീട്ടില്ല'

'ആവു സമാധാനം ഞാൻ വിചാരിച്ചതേ ഇതു നിന്റെ മകൻ വിവേകാണെന്നാ

അമ്മേ പേപ്പറിൽ ആക്സിഡന്റ് എന്ന വാർത്ത കണ്ടത്

വേറേതോ രാജനാണ്' എന്ന് സരസ്വതി

സുശീലയുടെ കുടുംബ കാര്യങ്ങളൊക്കെ സംസാരിച്ച് കുറച്ചു നേരം ഇരുന്നു.

യാത്ര പറഞ്ഞ് ഇറങ്ങുമ്പോൾ ശാരദേടത്തി സ്വകാര്യമായി 'മോളേ ഇപ്പോ ഇറങ്ങീത് ആരാ കണ്ടിട്ട് നല്ല പരിചയം'- സരസ്വതിയുടെ മറുപടി കേൾക്കാൻ നിൽക്കാതെ വിങ്ങുന്ന മനസ്സുമായാണ് അവിടന്നു പോന്നത്.

വിദ്യാർത്ഥികളുടെ പഠനത്തിലും അച്ചടക്കത്തിലും കർശന നിലപാടെടുക്കുമെങ്കിലും കുട്ടികൾക്ക് പ്രിയപ്പെട്ട അദ്ധ്യാപിക, സഹപ്രവർത്തകരെ വരച്ച വരയിൽ നിർത്താറുള്ള ഗൗരവ പ്രകൃതിയായി പ്രധാനാദ്ധ്യാപിക; വീട്ടിലെ എല്ലാ കാര്യങ്ങളും ചിട്ടയായി ശ്രദ്ധിക്കുന്ന ഗൃഹനായിക, സേവന നിരതയായ ഭാര്യ, സ്നേഹമയിയായി അമ്മ, ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ആദരവു തോന്നിക്കുന്ന വ്യക്തിത്വത്തിനുടമ- അങ്ങനെയെല്ലാമുള്ള ശാരദ ടീച്ചറുടെ ഇന്നത്തെ അവസ്ഥ കണ്ട് വല്ലാതെ നൊമ്പരപ്പെട്ടു. എന്തു രോഗം വന്നാലും ഈ സ്ഥിതി വരരുതേ ഈശ്വരാ! പിന്നെ ഏതവസ്ഥയാ ഭേദം? സർവ്വ ചേഷ്ടകളും മരവിച്ച് ഓർമ്മ മാത്രമായി മിണ്ടാൻ പോലുമാവാതെ വേദന തിന്നുന്ന സ്ഥിതിയോ?' അതോർക്കാനേ വയ്യ. പിന്നെയോ? ഈശ്വരഹിതമെന്താരറിഞ്ഞു?

അനായാസേന മരണം,<br>
വിനാദൈന്യേന ജീവനം<br>
ദേഹിമേ കൃപയാ കൃഷ്ണാ<br>
ത്വാമഹം ശരണം ഗതാ'

ഈ മന്ത്രം ദിവസവും ഭക്തിയോടെ ചൊല്ലാറുണ്ടല്ലോ. അങ്ങനെ പ്രാർത്ഥിച്ചു കിടന്നപ്പോൾ ഈശ്വരൻ മുമ്പിലെത്തി ചോദിക്യാണ്. മരണം ഏതു രൂപത്തിൽ

വരുന്നതാണിഷ്ടം?

ആലോചിക്കാൻ നിന്നില്ല പുലിയായി വന്നെന്നെ പേടിപ്പിക്കാതെ കിളിയായി വന്നെന്റെ പ്രാണനെ കൊത്തിയെടുത്തോളൂ'

ഇത്രയും പറയേണ്ട താമസം, ജനൽപ്പടിയിൽ ഓരോമനക്കിളി വന്നിരുന്നു ചിലയ്ക്കുന്നു

'സമയമായി സമയമായി'

അയ്യയ്യോ അത്രയ്ക്കായോ? ഇത്തിരി ഇടതരണേ. വിദേശത്തു പഠിക്കാൻ പോയ എന്റെ പേരക്കുട്ടി

എപ്പോഴും കഥ കഥ എന്നു പറഞ്ഞ് പിന്നാലെ നടക്കാറുള്ള ഓമനക്കുട്ടൻ. അവന് ജോലിയായിക്കണ്ടിട്ട്. കുസൃതിക്കുടുക്കയായ പൗത്രി വല്യ പെണ്ണായി. എന്നാലും അമ്മമ്മേ അമ്മമ്മേ എന്നു പറഞ്ഞ് മുടി പിന്നിക്കൊടുക്കാൻ പിന്നാലെക്കൂടും. അവൾടെ കല്യാണം കഴിഞ്ഞ് അടുത്ത തലമുറയിലെ സന്തതിയുടെ മുഖം ഒരു നോക്കു കണ്ടിട്ട്. അടുത്ത മാസമാണ് അനുജത്തിയുടെ ഷഷ്ടിപൂർത്തി. അതിൽ പങ്കെടുക്കാതെങ്ങനെ- അങ്ങനെ എത്രയെത്ര മോഹങ്ങൾ.

എണ്ണിയെണ്ണിക്കുറയുന്നിതായുസ്സും<br>
മണ്ടി മണ്ടിക്കരേറുന്നു മോഹവും'<br>
എന്ന് കവി പാടിയതെത്ര പരമാർത്ഥം!

'സമയമില്ല സമയമില്ല' - കിളി

'ഇത്തിരി നേരമെങ്കിലും ഞാനെന്റെ വിൽപ്പത്രമൊന്നെഴുതി വച്ചോട്ടെ! അത്രെങ്കിലും സമയം.

വിളിച്ചു വരുത്തീട്ട് അവധി ചോദിക്കുന്നോ? കിളിയുടെ ഭാവം മാറി. കഴുകനെപ്പോലെ കണ്ണുരുട്ടി കൊക്കു പിളർന്നു.

'അയ്യോ' എന്നു കരഞ്ഞതേ ഓർമ്മയുള്ളൂ. അമ്പലത്തിലെ കൂട്ടമണിയടി പോലത്തെ ശബ്ദം കേട്ടാണ് ഞെട്ടിയുണർന്നത്. ഇതേതു സ്ഥലം? മരിച്ചു ചെന്നാൽ ഇത്ര പ്രകാശമുള്ളിടത്താണോ എത്തുക? ആവോ! പകച്ചു ചുറ്റും നോക്കി. അല്ലാ ഇതു ഭൂമി തന്നെ. ചുറ്റും പരിഭ്രമിച്ച മുഖങ്ങൾ മകനും മകളും പേരക്കുട്ടികളും - ഡ്രിപ്പു തരുന്ന കയ്യിൽ മകൻ മുറുകെപ്പിടിച്ചിരിക്കുന്നു. ചിരിച്ചുകൊണ്ട് സമാധാനിപ്പിക്കുന്നു. ഇന്നലെ രാത്രി ഷുഗർ കുറഞ്ഞ് അമ്മയ്ക്ക് ബോധമില്ലാതായി. പുലരാൻ കാക്കാതെ പെട്ടെന്ന് ആസ്പത്രിയിൽ വന്നതാണ്. ഇപ്പോൾ സമാധാനമായി. അപ്പോൾ ജനൽപ്പടിയിൽ കണ്ട കിളി? എല്ലാം സ്വപ്നമായിരുന്നുവോ? ആ യാത്ര യാഥാർത്ഥ്യമായെങ്കിലെന്ന് ഒരു വേള ചിന്തിച്ചു.

ദൈവഹിതം ആരറിഞ്ഞു.

**സ്വസ്തി പ്രജാഭ്യഃ പരിപാലയന്താം**
**ന്യായേന മാർഗ്ഗേണ മഹീം മഹീശാഃ**
**ഗോബ്രാഹ്മണേഭ്യശ്ശുഭമസ്തു നിത്യം**
**ലോകാസ്സമസ്താസ്സുഖിനോ ഭവന്തു**



ഉത്തിഷ്ഠത!
ജാഗ്രത!
പ്രാപ്യവരാൻ നിബോധത!


**(ജനുവരി 12**
**ദേശീയ യുവജന ദിനം)**

**'സ്വസ്തി'ക്ക് ശുഭാശംസകൾ!**

ദാമോദരൻ നമ്പൂതിരി എൻ.
നാറണിയാട്ട് ഇല്ലം.
പി.ഒ. ഫറോക്ക് കോളേജ് - 673632
ഫോൺ: 9447332611

❐ ടി.സി. നാരായണൻ നമ്പൂതിരി

# നമ്പൂരി നന്നാവാൻ



**കോ**ഴിക്കോട് ആസ്ഥാനമായി 1970 ൽ രൂപീകൃതമായ കേരള നമ്പൂതിരി സമാജത്തിന്റേയും (19/1970) അതു ലയിച്ച് 1976 ൽ തൃശൂർ ആസ്ഥാനമായി (83/1976) ഉണ്ടായ യോഗക്ഷേമ സഭയുടേയും മുന്നണി പ്രവർത്തകനാണ് ടി.സി. നാരായണൻ നമ്പൂതിരി. എൽ.ഡി. ക്ലാർക്കായി സർക്കാർ സർവ്വീസിൽ ചേർന്ന് റവന്യു വകുപ്പിൽ നിന്ന് ഡെപ്യൂട്ടി കലക്ടറായി റിട്ടയർ ചെയ്ത അദ്ദേഹം 1987 ൽ കോഴിക്കോട് നടന്ന യോഗക്ഷേമസഭയുടെ പത്താം വർഷികത്തിൽ വെച്ച് സംസ്ഥാന ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 'അഭിനവ നാരായണീയം'എന്ന പേരിൽ പദ്യരൂപത്തിൽ ആത്മകഥ എഴുതി പ്രസിദ്ധീകരിച്ചു. അരഡസൻ കവിതാ സമാഹാരങ്ങൾ വേറെയുണ്ട്. 'അഭിനവനാരായണീയ' ത്തിലെ 'ശേഷപർവ്വ' ത്തിലെ എട്ടാം അദ്ധ്യായം 'നമ്പൂരി നന്നാവാൻ' എന്ന തലക്കെട്ടോടുകൂടി പുനഃപ്രസിദ്ധീകരിക്കുകയാണ്.

വ്യക്തികളുടെ മനോഭാവത്തിൽ ഭാവാത്മക മാറ്റം വരുത്തിക്കൊണ്ടേ സമുദായത്തിലും രാഷ്ട്രത്തിലും പരിണാമം സാദ്ധ്യമാക്കാനാവൂ എന്ന സന്ദേശമാണ് ശതാഭിഷിക്തനായ ബ്രഹ്മശ്രീ തരുപ്പ നാരായണൻ നമ്പൂതിരി നൽകുന്നത്.

'ഇന്നത്തെ മന:സ്ഥിതി മാറാത്ത കാലത്തോളം
ഒന്നിനും കഴിയില്ല നന്നാക്കാൻ നമ്പൂരിയെ'
ഭാർഗ്ഗവക്ഷേത്രത്തിനും നമ്പൂതിരിക്കും തമ്മിൽ
ഓർക്കുകിലഭേദ്യമായുണ്ടുപോലൊരു ബന്ധം!
പ്രമുഖസ്ഥാനത്താണു പണ്ടവരോധിച്ചതീ
ഭൂമിദേവരെ ഭൃഗുനന്ദനെന്നും കേൾപ്പൂ!
എത്രയും മെച്ചപ്പെട്ട ഭരണം നടത്തുവാൻ
ക്ഷത്രിയ സമാനമായവർക്കു കഴിഞ്ഞു പോൽ!
ചരിത്രപുരുഷന്മാരായിരുന്നവരിന്നു
ദരിദ്രനാരായണന്മാരായിക്കഴിയുന്നു!!
വേദവിജ്ഞാനത്തിനോ വൈദികപ്രവൃത്തിക്കോ
ഭൂദേവനില്ലാതായി കുത്തകസ്വഭാവങ്ങൾ
വങ്കിടസ്ഥാനം പോയി സേവിച്ചു നടന്നുള്ള
ശിങ്കിടിക്കാർ തങ്ങളേക്കാളുമുന്നതരായി!



ഭൂപരിഷ്കാരം വന്ന കേരളസംസ്ഥാനത്തി-
ന്നാപത്തു മുക്കാലിന്നും പാത്രമായ് നമ്പൂതിരി
പാട്ടനെല്ലിലും മിച്ചവാരത്തിങ്കലുംകണ്ട
നേട്ടങ്ങളൊരു സുപ്രഭാതത്തിലില്ലാതായി
ജീവിതമസഹ്യമായ് മുന്നോട്ടു പോകാമെന്ന
ഭാവുക പ്രതീക്ഷകൾക്കർത്ഥവുമില്ലെന്നായി
ഉന്നതജാതിക്കാരാണെന്നതുകൊണ്ടേത്രയും
പിന്നിലായെല്ലാത്തിനും ജാതിസംവരണത്താൽ
ഒരുങ്ങി യോഗക്ഷേമം ലാക്കാക്കി പ്രവർത്തിക്കാൻ
ഒരുമട്ടിലും രക്ഷകാണാത്ത കുറച്ചു പേർ!
ആഢ്യത്വം നിലനിന്ന കാലത്തെ സ്വയംകൃത
വിഢ്ഢിത്തം പലതും വിട്ടൊഴിയേണ്ടയാത് വന്നു!
മാറ്റങ്ങൾ പലതുമുൾക്കൊള്ളുവാനൊരുങ്ങിയീ
നൂറ്റാണ്ടിൽ നമ്പൂതിരി ഗതി മറ്റില്ലായ്കയാൽ:
**പൊന്തിവന്നിതു പലേ പേരിലും സമുദായ**
**സംഘങ്ങൾ നാടൊട്ടുക്കും ബോധവൽക്കരിക്കുവാൻ!**
**മലബാർ പ്രദേശത്തു 'കേരള നമ്പൂതിരി-**
**സമാജ' മെന്നൊന്നുണ്ടായ് സംഘടിപ്പിച്ചീടുവാൻ!**
**അതിലെ പ്രവർത്തകന്മാരിലന്നൊരാളായി**
**പതിയെ ഞാനും പുത്തൻ ദൗത്യത്തിൽ പ്രവേശിച്ചു**
**ചിതറിക്കിടക്കുന്ന സമുദായാംഗങ്ങൾക്കു**
**പുതിയൊരുത്തേജനം നൽകുവാൻ ഞങ്ങൾക്കൊത്തു**
**നമ്മുടെ പ്രശ്നങ്ങൾക്കു പരിഹാരങ്ങൾ കാണാൻ**
**നമ്മളൊന്നിച്ചേ പറ്റൂ കൂട്ടണം മുറവിളി**
ചാത്തനാട്ടുണ്ണികൃഷ്ണൻ നമ്പൂരിപ്പാടും മറ്റും
ഒത്തുചേർന്നുണ്ടാക്കിയ മുൻസഭ പൊളിഞ്ഞതും
പിന്നീടു നാരായണൻ മൂസാമ്പൂരിതൻ ശ്രമാൽ

വന്ന മറ്റൊരുസഭ കൂടുതൽ ജീവിച്ചതും
ഒടുക്കമെഴുപത്തിയാറിലെ തൃശ്ശൂർ യോഗം
എടുത്തലയനത്തീർപ്പെല്ലാരും കൈക്കൊണ്ടതും
ശുഭാപ്തി വിശ്വാസത്തോടിന്നത്തെ യോഗക്ഷേമ
സഭയായ് സംസ്ഥാനത്തു വ്യാപിക്കാനുറച്ചതും
സജീവമായിട്ടതിലൊക്കെയും പ്രവർത്തിക്കാൻ
ആജീവനാന്താംഗത്വമുള്ള ഞാൻ ശ്രമിച്ചതും
സർവ്വീസിൽ നിന്നുവിട്ട ശേഷം ഞാനൊരുകൊല്ലം
സംസ്ഥാന സെക്രട്ടറി സ്ഥാനത്തു വർത്തിച്ചതും
കഴിയും വിധമെല്ലാം സഭയെ പോഷിപ്പിക്കാൻ
കഠിനാദ്ധ്വാനം ചെയ്തു രാപ്പകൽ ശ്രമിച്ചതും
ബ്രഹ്മവർഗ്ഗത്തിന്റെ ദുരവസ്ഥക്കുതെല്ലെങ്കിലും
ശാമ്യമാമെന്തെങ്കിലും ചെയ്യേണ്ടതുണ്ടെന്നായി
സംഗതിയിതെങ്കിലും സഭയെ സമുദായം
അംഗീകരിച്ചിട്ടില്ലയെന്നതാണതിൻ രസം
**ഉള്ളതുകൊണ്ടങ്ങനെ കഴിഞ്ഞാൽ മതിയെന്നു-**
**ള്ളുകള്ളിലെ വിചാരവും കുഴപ്പം വേണ്ടെന്നതും**
**ഇനിയും നമ്പൂതിരി പരിവർത്തനത്തിന്നു**
**തുനിയാൻ മടിക്കുന്ന പ്രത്യേക സ്വഭാവവും**
**എന്തിനും മുന്നിൽ നിൽക്കുമവിശ്വാസവും പിന്നെ**
**ചിന്തകൾക്കതീതമാം നിഷ്ക്രിയത്വവുമാവാം**
**ഒന്നുകിലിതിൻ പിന്നിൽ, അല്ലെങ്കിൽ നന്നാകുവാൻ**
**ഇനിയും സമയമായിട്ടില്ലയെന്നായിടാം**
**ഇന്നത്തെ മനസ്ഥിതി മാറാത്ത കാലത്തോളം**
**ഒന്നിനും കഴിയില്ല നന്നാക്കാൻ നമ്പൂതിരിയെ**
സ്വാർത്ഥചിന്തയും ചതിബ്ഭയവും തന്റേതൊന്നും
വ്യർത്ഥമായ് ചെലവാക്കുന്നതിലെയനിഷ്ടവും
അന്യന്റെയാത്മാർത്ഥതയംഗീകരിക്കുന്നതിൽ
ദൈന്യത നിറഞ്ഞുള്ള പുച്ഛവുമസൂയയും
●




യോഗക്ഷേമസഭയുടെ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരിക്കുന്ന 'സ്വസ്തി' ത്രൈമാസികത്തിന് എല്ലാ മംഗളങ്ങളും ആശംസിക്കുന്നു.

**ഒ.ടി. വാസുദേവൻ നമ്പൂതിരി**
(കേരള നമ്പൂതിരി സമാജത്തിന്റെ മുൻ.ജനറൽ സെക്രട്ടറി)
ശിവാലയം
പി.ഒ. കല്ലുരുട്ടി, വഴി: ഓമശ്ശേരി



❒ ഡോ. കെ. മാധവൻ


# ഗായത്രി



ഏതൊരുമഹാമന്ത്രമെൻ
പ്രാണനിൽ കുടികൊൾവൂ
ആയതിൻ സാധനയാകട്ടെയെൻ
ശിഷ്ടകാല സമർപ്പണം
മുപ്പാരിനും പ്രാണനേകുന്ന
ദേവതേജോജ്ജ്വലതാരകം
സർവ്വർക്കും രക്ഷയേകുന്ന
ആത്മചൈതന്യവിസ്മയം
സർവ്വവും വിജയിക്കുന്ന
സർവ്വലോക മഹാബലം

കുഞ്ഞുനാളിൻ മുഹൂർത്തത്തിൽ
ഗുരുവോതിയ വിസ്മയം
ഉള്ളിന്റെ ഉള്ളം കാണാൻ
കാതിലോതിയ ചേതന
സർവ്വചൈതന്യം നിറയുന്ന
സാവിത്രം സർവ്വാത്ഭുതം
സർവ്വലോകവും ജ്വലിക്കുന്ന
ശ്രേഷ്ഠമന്ത്രമെൻ ഗായത്രി
നമിക്കട്ടെ ഞാൻ തിരുമുമ്പിൽ
കോടികോടി ജപങ്ങളാൽ

●



❑ പദ്മനാഭൻ നമ്പൂതിരി

# ഒപിന്യത്തിന്റെ സുഖം

***മൂന്നുകൊല്ലത്തിലേറെ നീളുന്ന കടുത്ത ബ്രഹ്മചര്യത്തിന്റെ ചിട്ടവട്ടങ്ങളിലൂടെ കടന്നുപോകുന്നതിന്റെ പ്രയാസം പുതുതലമുറയിലെ മൂന്നരമണിക്കൂറിന്റെ ഉപനയനക്കാർക്ക് അറിയാനിടയില്ല. ഉപനയനത്തിൽ തുടങ്ങി മൂന്നാം മണിക്കൂറിൽ സമാവർത്തനം നടത്തുന്നതാണ് 'ന്യൂജെൻ' ഉപനയനം. പഴയൊരു 'ഓനിച്ചുണ്ണി' യുടെ അനുഭവക്കുറിപ്പാണ് ഇത്.***



ഏറ്റവും വല്യ സുഖം എന്താണെന്ന് നമ്പൂരിയോടു ചോദിച്ചാൽ കൂത്തിനു പോയതും ഉറക്കമൊഴിഞ്ഞതും മോരുകൂട്ടി ഉണ്ടതും തൊട്ട് മൂത്രശങ്ക തീർത്തതു വരെ ഉണ്ടാവും. അതു പോലെ തന്നെ ഒന്നായിരുന്നു ഒപിന്യത്തിന്റെ സുഖം. അതിനു വേണ്ടി കാത്തിരുന്ന നാളുകൾക്കുമുണ്ട് ഓർമ്മയുടെ സുഗന്ധം.

സംഗതി മറ്റൊന്നുമല്ല. ഒപിന്യം കഴിഞ്ഞാൽ വല്യ ആളാവും. വലിയ ആളായി എന്നു മറ്റുള്ളവർ അംഗീകരിച്ചു തരും. മീശ വച്ചാലെന്ന പോലെ. മുണ്ടുടുത്താലെന്ന പോലെ. നാലാളു കാണെ പുക വലിച്ചാലെന്ന പോലെ. ഒപിന്യം കഴിഞ്ഞാൽ ചെറിയ കുട്ടി അല്ലാതാവും.

കുഞ്ഞോമനേ എന്നു വിളിച്ചിരുന്നവർ ണ്ണ്യമ്പൂര്യേന്ന് വിളിക്കും.

വല്യ നമ്പൂരാരെപ്പോലെ പൂണൂലുണ്ടാവും.

മുതിർന്നവർക്ക് കിട്ടുന്ന പല പരിഗണനയും ലഭിക്കും.

ശാന്തിക്ക് പോവാം.

ചാത്തത്തിനും ക്രിയക്കും പോവാം.

സ്വന്തമായി നാലു കാശുണ്ടാക്കാം.

മാത്രമല്ല,ഒപിന്യത്തിന് വരുന്നവരൊക്കെ സമ്മാനങ്ങളും തരും.

സംഗതി ശരിക്കും രണ്ടാം ജന്മം തന്നെ.

അതു കൊണ്ടാണല്ലൊ ദ്വിജൻ എന്നു പറയുന്നത്.

പക്ഷികളും ദ്വിജന്മാരാണ്. അവർക്കുമുണ്ട് രണ്ടു ജന്മം. മുട്ടക്കുള്ളിലാണ് കുട്ടിക്കാലം. മുട്ട വിരിഞ്ഞ ശേഷമുള്ളത് രണ്ടാം ജന്മവും. അതേ ദ്വിജത്വമാണ് കിട്ടാൻ പോവുന്നത്.

അതെന്തായാലും വലിയ ആളാവുന്ന ആ രണ്ടാം വരവിന് വേണ്ടി കാത്തിരുന്ന കാലം ഒന്നു വേറെ ത്തന്നെ. ആറു വയസ്സു കഴിഞ്ഞിട്ടേയുള്ളൂ. മൂന്നാം ക്ലാസിൽ പഠിക്കുന്ന കാലം. ഒപിനിക്കാൻ പോവുന്നു എന്നു പറഞ്ഞത് മുത്തശ്ശിയാണ്. അപ്പോൾ തന്നെ രണ്ടിഞ്ചു വലിപ്പം കൂടി. ഒപ്പം കളിക്കാറുള്ള മേത്തലെ ഉണ്ണിയോടു പറഞ്ഞു.

'ഇനി എന്നെ തൊടാനൊന്നും പാടില്ല. മുത്തശ്ശനെപ്പോലെ വല്യ നമ്പൂര്യാവാൻ പോവാണ്.

പിന്നെ നായന്മാരായ കുട്ട്യോൾടെ കൂടെ തൊട്ടു കളിക്കാനൊന്നും പറ്റില്ല്യ.'

ഓരോദിവസം ഓരോ പുതിയ കാര്യങ്ങൾ കേൾക്കാൻ തുടങ്ങി.

ഒപിന്യത്തിനു മുമ്പ് നക്ഷത്ര ഹോമം കഴിക്കണമത്രെ.

പിന്നെ ചൗളം.

അതും കഴിഞ്ഞേ ഒപിന്യം വയ്ക്കൂ. അതിനു മുഹൂർത്തം നോക്കാനുമുണ്ട്.

അപ്പം പെട്ടെന്ന് നടക്കുന്ന ഏർപ്പാടല്ല ഒപിന്യം എന്നു മനസ്സിലായി.

എന്നാലും കുഴപ്പമില്ല. കാത്തിരിപ്പ് തുടർന്നു.

ഒരു ദിവസം മുത്തശ്ശി പറഞ്ഞു . നാളെ നക്ഷത്രഹോമം തുടങ്ങാണ്. നേർത്തെ കുളിക്കണം.

രാവിലെ കുളിച്ച് തയ്യാറായി നിന്നു.

തറയിലെ മുത്തശ്ശനാണ് വാദ്ധ്യാർ. അമ്മാത്തെ മുത്തശ്ശനേക്കാൾ ശുണ്ഠിക്കാരൻ. കുറേശ്ശെ പേടി തുടങ്ങി.നഖം കടിച്ചെന്നോ മറ്റോ പറഞ്ഞ് ലഹളയാക്കിയാൽ .... കുഴഞ്ഞതു തന്നെ.

അദ്ദേഹം വന്നു.

കുളിക്കാൻ പോയി.

എത്രയായിട്ടും ആൾ കുളിച്ചു വരുന്നില്ല.

ചെന്നു നോക്കി. കുളക്കടവിൽ വിസ്തരിച്ചുള്ള തേവാരമാണ്.

ഈശ്വരാ, സ്കൂളിൽ പോവാൻ നേരം വൈകുമല്ലോ.

ഉള്ളിൽ പരിഭ്രമം കൂടി.

പരീക്കുട്ടി മാഷുടെ ക്ളാസിൽ നേരം വൈകിച്ചെന്നാൽ..... അതാലോചിക്കാൻ പോലും വയ്യ.

കുറച്ചു കഴിഞ്ഞപ്പോൾ തറയിലെ മുത്തശ്ശൻ കുളിച്ചെത്തി.

വടക്കിനിയിൽ ഹോമത്തിനുള്ളതെല്ലാം ഒരുക്കിയിട്ടുണ്ട്. പക്ഷേ,മുത്തശ്ശൻ നേരെ തെക്കിനിയിലേക്കാണ് കേറിയത്. തേവാരം കഴിഞ്ഞിട്ടില്ല. സൂര്യനമസ്കാരത്തിനുള്ള പുറപ്പാടാണ്. 108 എണ്ണം ഉണ്ടത്രെ. സമയം എട്ടു മണി കഴിഞ്ഞിട്ടുണ്ടാവും. ഏഴു വയസ്സുള്ള ഒരു കുട്ടി വെറും വയറ്റിൽ ഭക്ഷണമൊന്നും കഴിക്കാതെ കാത്തിരിക്കുന്ന കാര്യം അറിഞ്ഞ മട്ടില്ല. പത്തു മണിക്കു മുമ്പ് സ്കൂളിൽ എത്തേണ്ടുന്നതിനെപ്പറ്റിയും വേവലാതിയില്ല. സങ്കടവും ദേഷ്യവും ഒന്നിച്ച് വരാൻ തുടങ്ങി.

എട്ടര കഴിഞ്ഞപ്പോൾ സ്വാദ്ധ്യായം കഴിഞ്ഞ് മുത്തശ്ശനെത്തി. നക്ഷത്ര ഹോമം തുടങ്ങി.

കത്താത്ത ചകിരി. പുതലിച്ച മേലേരി. ആകപ്പാടെ പുക മയം. കണ്ണു നിറഞ്ഞത് പുക കൊണ്ടാണെന്ന് മുത്തശ്ശി കരുതി. പക്ഷേ, പത്തു മണി കഴിഞ്ഞ് സ്കൂളിൽ പോവുന്ന കാര്യം ഓർത്ത് പേടിച്ചായിരുന്നു കണ്ണു നിറഞ്ഞത്.

അമ്മാമൻ ഒരു ഉപായം പറഞ്ഞു തന്നു. ശാരദ ടീച്ചറോട് പറഞ്ഞാൽ ക്ളാസിൽ കയറ്റും. അവർക്ക് ഇതെല്ലാം അറിയും. അമ്മാത്ത് അടുത്തുള്ളവരാണ്. മാത്രമല്ല , അവരുടെ മുത്തശ്ശൻ നമ്പൂരിയുമാണ്. പരീക്കുട്ടി മാഷിൽ നിന്ന് അന്ന് ഒരു വിധം രക്ഷപ്പെട്ടു.

പക്ഷേ,തീർന്നില്ല.

കഷ്ടകാലം തുടങ്ങിയിട്ടേ ഉണ്ടായിരുന്നുള്ളൂ.

അശ്വതി , ഭരണി, കാർത്തിക തുടങ്ങി 27 നക്ഷത്രങ്ങൾ.

ഇവർക്കൊക്കെ ഹോമം വേണം. ആകാശത്തുള്ള സമസ്ത നക്ഷത്രങ്ങൾക്കും ഹോമം വേണമെന്നു പറഞ്ഞാലും അന്ന് സഹിക്കുകയേ മാർഗ്ഗമുള്ളൂ.

എല്ലാ ദിവസവും ഹോമം പറ്റില്ല. സ്വാദ്ധ്യായ ദിവസവും അനദ്ധ്യായ ദിവസവും .അങ്ങനെ ചിലതുണ്ട്. ചില ദിവസം രണ്ടു നക്ഷത്രങ്ങൾക്ക് ഒന്നിച്ചു ഹോമം. അപ്പോൾ സ്കൂളിലെത്താൻ പതിനൊന്നര ആവും. പരീക്കുട്ടി മാഷു പോലും പിന്നെ ഒന്നും ചോദിക്കാതായി. നമ്പൂരിക്കുട്ടിക്ക് എല്ലാ ദിവസവും എന്തെങ്കിലും കർമ്മമോ ക്രിയയോ കാണുമെന്ന് അവർക്കും മനസ്സിലായി.

അങ്ങനെ രണ്ടു മാസത്തിലേറെ നക്ഷത്രങ്ങളുമായി മൽപ്പിടുത്തം.

ഒറ്റയ്ക്കു മുങ്ങിക്കുളിക്കണം. നീന്തലും പഠിക്കണം. എന്നാലേ ചൗളം കഴിക്കാനാവൂ.

കല്പടവിൽ നിന്ന് പിടി വിട്ട് കിഴക്കോട്ട് തിരിഞ്ഞ് മുങ്ങാനാവണം. കുട്ടികൾ കല്ലിൽ പിടിച്ചാണ് മുങ്ങുക.കല്ലിൽ നിന്ന് പിടിത്തം വിട്ട് നേരെ മുങ്ങിയാൽ കല്പടവിൽ ചന്തികുത്തി കുളത്തിൽ വീഴും. അത് ശ്രദ്ധിക്കണം.മുത്തശ്ശിയിൽ നിന്ന് അത് വശപ്പെടുത്തി. പിന്നെ രണ്ടു തേങ്ങ കൂട്ടിക്കെട്ടി നീന്താനും പഠിപ്പിച്ചു.

പിൽക്കാലത്ത് വിഷ്ണുനാരായണൻ നമ്പൂതിരിയുടെ നീരാട്ട് വായിച്ചപ്പോൾ ഓർമ്മയിലെത്തിയത് അതേ ബാല്യം. ആ വരികൾ ഇങ്ങനെ:

തനിച്ചാറ്റിലുണ്ണിക്കു മുങ്ങിക്കുളിക്കാ
നിനിശ്ശീലമാക്കേണമന്നെന്റെ ചൗളം
കഴിച്ചോരു നാളച്ഛനോതീ പുലർച്ച
ക്കെണീറ്റമ്മ കയ്യിൽ പിടിച്ചൊട്ടു ദൂരം
നടത്തിപ്പുഴക്കല്ലിൽ വച്ചിഞ്ച കീറി
പ്പതച്ചു തളിർത്താളിതേച്ചിട്ടു പിന്നെ
അരക്കൊപ്പമുള്ളാറ്റു നീരിങ്കലെന്നെ
ച്ചരൽത്തട്ടിൽ നിർത്തി തുടിച്ചോളുകീ ഞാൻ
കരക്കുണ്ട് പേടിക്ക വേണ്ടെന്നു ചൊല്ലി.....



ഒറ്റക്കു മുങ്ങിക്കുളിച്ചാലേ ശുദ്ധമാവൂ.

ജപിച്ചു തളിക്കാൻ പഠിക്കണം. ആചമിക്കാൻ പഠിക്കണം. എന്തിന് മൂത്രമൊഴിക്കാൻ പോലുമുണ്ട് ഒപിനിച്ചുണ്ണിക്ക് നിയമങ്ങൾ. ആചമനം പഠിക്കാൻ ഒരാഴ്ച. ദധിക്രാവ്ണ്ണോ പഠിക്കാൻ മൂന്നാഴ്ച. ഓരോ ദിവസവും പുതിയ പുതിയ കാര്യങ്ങൾ. അങ്ങനെ ഓരോ കാര്യങ്ങൾ.

ഒപിന്യം അത്ര സുഖള്ള ഏർപ്പാടല്ലെന്ന് കുറേശ്ശെ തോന്നാൻ തുടങ്ങി.

അപ്പോഴേക്കും ചൗളത്തിനു സമയമായി.

കാതു കുത്തുന്നത് അന്നാണ്.

കൂർത്ത മുള്ളാണ് ഉപയോഗിക്കുന്നത്. കാലിന് മുള്ളു കുത്തുമ്പോഴത്തെ വേദന നന്നായി അനുഭവിച്ചിട്ടുണ്ട്. ഇഞ്ചക്ഷന്റെ വേദനയും കഠിനമാണ്.ഇതെന്തായാലും അതിലേറെ വേദന ഉണ്ടാവും. തീർച്ച. ആ വേദനക്ക് വേണ്ടി ദിവസങ്ങൾ എണ്ണി കാത്തിരിക്കുന്നതാണ് അതിലേറെ വേദനയും വിഷമവും. അതിൽ നിന്ന് ഒഴിവാകാൻ പറ്റുമോ? ഒരു രക്ഷയുമില്ല. ഒഴിവാകാൻ പറ്റില്ലെന്ന് മാത്രമല്ല സമാവർത്തനം കഴിയുവോളം കാതിന്റെ ഓട്ട തൂരാതെ നോക്കുകയും വേണം. ഒപിന്യത്തിന്റെ സുഖം തീരെ ഇല്ലാതാവാൻ തുടങ്ങി. വല്ല നായരോ മറ്റോ ആയി ജനിച്ചാൽ മതിയായിരുന്നു.

ഒടുവിൽ ആ ദിവസമെത്തി.

ചൗളം.

കളത്തൊടി തെഞ്ചീരിയാണ് ചൗളത്തിന്റെ വാദ്ധ്യാൻ. മൂപ്പർക്ക് കാതു കുത്തും അറിയാം.

നിരവധി ചൗളം കഴിച്ചിട്ടുണ്ട്. കുട്ടികൾ കരഞ്ഞാൽ മൂപ്പർക്ക് പുല്ലാണ്.

പിടിച്ചു വെയ്ക്കാനൊന്നും ഒരാളും വേണ്ട. തട്ടിത്തെറിപ്പിക്കാൻ നോക്കിയാൽ മുള്ളു കൊണ്ട് കാതു മാത്രമാവില്ല കയ്യും കുത്തും. അമ്പോ! ഇതു പോലെ ക്രൂരന്മാരായ വാദ്ധ്യാൻമാരെ സൃഷ്ടിക്കുന്ന ദൈവത്തോടു പോലും ദേഷ്യം തോന്നി.

മെലിഞ്ഞ മുള്ളാണെങ്കിൽ വേദന കുറയുമത്രെ.

സിറിഞ്ചിന്റെ സൂചി പോലെ.

ആ വഴിക്ക് പരിശ്രമിച്ചാലോ. തെഞ്ചീരിയോടു മയത്തിൽ ചോദിച്ചു.

പക്ഷേ, മുള്ള് വല്ലാതെ മെലിഞ്ഞാൽ കുത്തുന്നതിനിടയിൽ പൊട്ടിപ്പോവും. പിന്നെ വീണ്ടും കുത്തണം.

അത് ആലോചിക്കാനേ വയ്യ.

എന്തും സഹിക്കാനുള്ള ശക്തി തരാൻ അയ്യപ്പനോടു പ്രാർഥിച്ചു. പല പ്രാർത്ഥനയും അയ്യപ്പൻ കേട്ടിട്ടുണ്ട്.

കുറെ കഴിഞ്ഞപ്പോൾ അല്പം സമാധാനമായി. എല്ലാ നമ്പൂരിമാരും കാതു കുത്തിയവരാണ്. അവരൊക്കെ അത് സഹിച്ചവരാണ്. അപ്പോൾ സഹിക്കാൻ പറ്റുന്ന വേദന തന്നെയാവണം.

കുളിച്ച് തയ്യാറായി വന്നു.

ഹോമവും മറ്റും കഴിഞ്ഞു.

ഇനി ഏതു നിമിഷവും അതു സംഭവിക്കാം.

ഈശ്വരാ, കാത്തോളണേ.

നടുമുറ്റത്തെ നാലു കോലായയുടെ കിഴക്കേ കോലായയിൽ ഇരുന്നു. പള്ളിയറക്കു മുന്നിൽ.

തെഞ്ചീരി തയ്യാറായി നിൽക്കുന്നു. അമ്മയും മറ്റുള്ളവരും അപ്പുറത്തുണ്ട്.

കരയാൻ തയ്യാറായിട്ടായിരുന്നു ഇരിപ്പ്. കരയുന്ന ശബ്ദം പുറത്തു വരാതെ നോക്കണം. അതിനെങ്കിലും കഴിയണം.

വാദ്ധ്യാർ മുള്ളിന്റെ അറ്റം ചന്ദനത്തിൽ മുക്കി.

ചില മന്ത്രങ്ങൾ ചൊല്ലി.നേരേ കാതിലേക്ക്.

കണ്ണു മുറുക്കി അടച്ചു.

കാതിൽ മുള്ള് അമരുന്നുണ്ടോ?

ചെറിയ ഒരു തണുപ്പ്. തരിപ്പും. പക്ഷേ, വേദനിക്കുന്നില്ലല്ലോ.

കരയാൻ തയ്യാറെടുത്തത് വെറുതെയായി.

ചന്ദനം കൊണ്ട് അടയാളമിട്ടതായിരുന്നു. ഇനി എപ്പഴാണാവോ കുത്തുന്നത്?

വീണ്ടും ചില മന്ത്രങ്ങൾ.

മുള്ളും ചന്ദനവും ഒരിക്കൽ കൂടി കാതിന്റെ കുന്നിയിലേക്ക്.

ഇത്തവണ കാത് പിടിച്ചു താഴ്ത്തുന്നുമുണ്ട്.

ഇല്ല, വേദനിക്കുന്നില്ല. പക്ഷേ, അത്ര പരിചയമില്ലാത്ത ഒരു ശബ്ദം. 'ക്രിം' എന്ന് അല്പം നീട്ടിപ്പറഞ്ഞാലെന്ന പോലെ. മറ്റേക്കാതിലും അതേ വിദ്യ പ്രയോഗിച്ചു. മന്ത്രങ്ങൾക്ക് അറുതിയില്ല.

ഇനി എപ്പോഴാണാവോ തുളക്കൽ കർമ്മം?

അപ്പോൾ വാദ്ധ്യാർ പറഞ്ഞു. ഇനി എഴുന്നേൽക്കാം.

മെല്ലെ കാതു തൊട്ടു നോക്കി. ഉവ്വ് . കുത്തൽ കഴിഞ്ഞിരിക്കുന്നു.

കണ്ണിൽ വെള്ളവും നിറഞ്ഞിട്ടുണ്ട്.

ഭാഗ്യം , കരയുന്ന ശബ്ദം പുറത്തു വന്നിട്ടില്ല.

വേദന അറിയാതിരുന്ന പോലെത്തന്നെ.

ഒരു കാര്യം അന്ന് മനസ്സിലായി. ചൗളം നിശ്ചയിച്ച അന്നു മുതൽ അനുഭവിച്ച വെപ്രാളം വെറുതെയായിരുന്നു. അത്രക്ക് ഭയപ്പെടേണ്ട ഒന്നല്ല കാതുകുത്ത്.

അനിവാര്യമായ വേദനകളെ ആശങ്ക കൂടാതെ നേരിടാനുള്ള പാഠം കൂടിയായി ആ കാതു കുത്ത്.

നക്ഷത്രഹോമത്തിനും ചൗളത്തിനും കാതുകുത്തിനും പിറകെ ഒപിന്യവും കഴിഞ്ഞു.

വിലക്കുകളുടെയും നിയന്ത്രണങ്ങളുടെയും ഒരു വലിയ ലോകത്താണ് എത്തിയത്.

പപ്പടം കൂട്ടാൻ പാടില്ല, ഇഡ്ഡലി കഴിക്കാൻ പാടില്ല തുടങ്ങി ഭക്ഷണത്തിനു വിലക്കുകൾ.

സ്കൂളിൽ പോവുന്ന സമയം ഒഴിച്ചുള്ള മുഴുവൻ സമയത്തും ശുദ്ധമായിരിക്കണം.

അടുത്ത വീട്ടിലെ കുട്ടികൾക്കൊപ്പം പന്തു കളിക്കാനോ തൊട്ടു കളിക്കാനോ പാടില്ല.

അങ്ങനെ കളിച്ചാൽ അടുത്ത ഭക്ഷണത്തിനു മുമ്പ് കുളി നിർബന്ധം.

'സ്നാനം പഞ്ചവിധം പ്രോക്തം' എന്ന പ്രമാണം മുത്തശ്ശൻ ചൊല്ലാറുണ്ട്. മുങ്ങിക്കുളിയല്ലാതെ മറ്റു അഞ്ചു തരത്തിൽ കുളിക്കാമത്രെ. 'ആപോഹിഷ്ഠാ' എന്നു ജപിച്ചു തളിച്ചാൽ ശുദ്ധമാവാത്തത് ഒന്നുമില്ലെന്നും പറയാറുണ്ട്. എന്നാൽ ഒരിക്കൽ പോലും അതിലേതെങ്കിലും ഒരു കുളി കൊണ്ട് ഒപ്പിക്കാൻ അനുവാദം കിട്ടിയിട്ടില്ല. കേവലം ജപിച്ചു തളി കൊണ്ട് ശുദ്ധമാവാനും അനുവാദമുണ്ടായില്ല. ഏതു തണുപ്പത്തും മുങ്ങിക്കുളി മാത്രമായിരുന്നു . 'സ്നാനം പഞ്ച നേരം പ്രോക്തം' എന്നതായി പ്രമാണം. ചില ദിവസം അഞ്ചും ആറും കുളി കുളിക്കേണ്ടി വന്നതും മറക്കാനാവില്ല. പലജാതി അയിത്തങ്ങളുള്ളതിൽ ഏതെങ്കിലുമൊന്ന് വന്ന് പിടികൂടിയിട്ടുണ്ടാവും. പൂമുഖപ്പടിയുടെ അറ്റത്തു നിന്ന് വൈദ്യുതി പോലെ പ്രവഹിച്ചെത്തിയ അയിത്തം എത്രയോ തവണ കുളിപ്പിച്ചിട്ടുണ്ട്.അമ്മാത്തെ പൂമുഖപ്പടി അന്ന് ഇളകുന്നതാണ്.ഏതാണ്ട് മേശയുടെ ഗണത്തിലേ പെടൂ.അയിത്തം പാസ് ചെയ്യുന്നതാണ് അത്.

സ്കൂളിൽ നിന്ന് മറ്റു കുട്ടികൾ തരുന്ന മിഠായി അവിടെവച്ച് തിന്നാനാവില്ല. അയിത്തമായിട്ട് തിന്നാൻ പാടില്ലല്ലൊ. അങ്ങനെ ചെയ്താൽ ഈശ്വരകോപം ഉണ്ടാവും. ഒരു വഴിയേ ഉള്ളൂ. കുളിക്കുന്ന സമയം വരെ കാത്തു നിൽക്കുക.അക്കാലത്ത് മിഠായി തിന്നിരുന്നത് ഇങ്ങനെയാണ്:



ഉച്ചക്ക് ഒരു മണിക്ക് സ്കൂൾ വിട്ടാൽ നേരേ അമ്മാത്തേക്ക് ഓട്ടം. പത്തു മിനിട്ടു കൊണ്ട് എത്തും. ഷർട്ടും ട്രൗസറും അഴിച്ച് വച്ച് തോർത്തുമായി കുളത്തിലേക്ക് . നേരെ ഒറ്റച്ചാട്ടം. മുങ്ങി കരയ്ക്കു കയറി ജപിച്ചു തളിച്ച് വീണ്ടും മുങ്ങൽ . തോർത്തുന്നതിനിടയിൽ കയ്യിൽ കരുതിയ മിഠായി വായിലേക്ക്.

പിന്നെ, ഉണ്ണുന്നതിനിടയിൽ തല നന്നായി തോർത്തുന്ന പണി മുത്തശ്ശിക്കാണ്. അപ്പോഴേക്കും ഒന്നര കഴിയും. വീണ്ടും സ്കൂളിലേക്ക് ഓട്ടം. ഇതായിരുന്നു ദിനചര്യ.

മിഠായി തിന്നാനുള്ള ഈ ബദ്ധപ്പാടിനേക്കാൾ കടുത്തതായിരുന്നു പപ്പടം കൂട്ടാൻ പറ്റാത്ത അവസ്ഥ. അതിന് ഒരു പരിഹാരമുണ്ടായിരുന്നു. വെള്ളില അരിമാവിൽ മുക്കി കാച്ചിയെടുക്കുക. ഒപിനിച്ചുണ്ണികൾക്കുള്ള സ്പെഷൽ പപ്പടമാണ് അത്. മറ്റുള്ളവർ ഇഡ്ഡലിയും സാമ്പാറും അടിച്ചു വീശുമ്പോൾ കൊഴക്കട്ട കൊണ്ട് പകരം വീട്ടാനേ തരമുള്ളൂ.

ഭക്ഷണം കഴിക്കാനുമുണ്ട് ചില ചിട്ടവട്ടങ്ങൾ.

വിശക്കുമ്പോൾ വാരി വിളമ്പിത്തിന്നാനൊന്നും പറ്റില്ല.

'ഭവതി ഭിക്ഷാം ദേഹി'യെന്ന് ഭിക്ഷ ചോദിക്കണം. ചോറ് വിളമ്പിത്തരൂ എന്നൊന്നും പറയരുത്. സംസ്കൃതമാണ് ബ്രഹ്മചാരിയുടെ ഭാഷ. അമ്മയായാലും ഓപ്പോളായാലും അമ്മായി ആയാലും ഭവതി തന്നെ. ചമത ഇടുമ്പോൾ മെഴുകിത്തരാൻ ആളു വേണം. എന്തു വലിയ പുല വന്നാലും ഒപിനിച്ചുണ്ണിയെ ബാധിക്കുകയുമില്ല. അങ്ങനെ നൂറുകൂട്ടം പ്രത്യേകതകളും വിശേഷ പരിഗണനകളും.

ഭക്ഷണത്തിൽ മാത്രമല്ല മറ്റു പല കാര്യത്തിലും നിഷ്ഠകളുണ്ടായിരുന്നു. എവിടെ പോവുമ്പോഴും കൃഷ്ണാജിനം കരുതണം. എത്തിയ സ്ഥലത്ത് രാത്രി നിൽക്കേണ്ടി വന്നാൽ ചമത മുടങ്ങരുത്. കൃഷ്ണാജിനം വെച്ചു മറന്നു പോവുന്നതാണ് ഒരു ഒപിനിച്ചുണ്ണിക്കു പറ്റുന്ന ഏറ്റവും വലിയ അക്കിടി. അത് പല തവണ പറ്റിയിട്ടുണ്ട്.

ഇഷ്ടഭോജ്യങ്ങൾ വേണ്ടെന്നു വയ്ക്കാനുള്ള ആ പാഠവും പിൽക്കാലത്ത് പ്രയോജനപ്പെട്ടു. ചില ഇഷ്ടങ്ങൾ വലിയ വിഷമം കൂടാതെ തന്നെ വേണ്ടെന്നു വയ്ക്കാനായി.

അതിലും വിലയ ഗുണം എത്ര വലിയ പരി

ഹാസവും നേരിടാനുള്ള സിദ്ധി ലഭിച്ചു എന്നതാണ്. ബ്രഹ്മചാരി ആയിരുന്ന ആ മൂന്നു കൊല്ലം സ്കൂളിലും സമ പ്രായക്കാർക്കിടയിലും ഏതെല്ലാം വിധത്തിൽ അപഹാസ്യനായി എന്നതിന് കണക്കില്ല.

കാതിലെ ഈർക്കിലായിരുന്നു ആദ്യ കാലത്തെ പ്രശ്നം. അത് കാണാതെ കഴിച്ചു കൂട്ടാൻ ഒരു ഉപായം കണ്ടെത്തി. ഈർക്കിൽ രണ്ടറ്റവും കാതിനു സമമായി മുറിക്കുക. എന്നിട്ടും ചില കുട്ടികൾ അതു കണ്ടെത്തി. പിന്നെ കടുകു മണി കാതിന്റെ ഓട്ടയിലിട്ടു നോക്കി. ഓട്ട തൂരാതെ നോക്കണം. അല്ലെങ്കിൽ സമാവർത്ത നത്തിനു വീണ്ടും കാതു കുത്തേണ്ടി വരും.

കാതിൽ ഈർക്കിൽ, അരയിൽ മേഖല, തല യിൽ ശിഖ, പൂണൂലിനൊപ്പം കൃഷ്ണാജിനം. ചമത സമയത്ത് ഉപയോഗിക്കാൻ ദണ്ഡ്. രണ്ടു കൊല്ല ത്തോളം നീട്ടി വളർത്തിയ മുടിയും. കമണ്ഡലു കൂ ടി ആയാൽ ശരിക്കും സന്യാസി ആയി. സാമാന്യ മനുഷ്യന്റെ രൂപത്തിലല്ലാതെയുള്ള ഈ വേഷം മാ ത്രം മതിയായിരുന്നു മറ്റുള്ളവരുടെ പരിഹാസത്തിനു പാത്രമാവാൻ.

ശിരസ്സിലെ ശിഖ സ്കൂൾ കുട്ടികൾക്ക് 'സ്വിച്ച്' ആയി. എത്ര അമർത്തി മാടി വച്ചാലും ശിഖ മുഴച്ചു തന്നെ നിൽക്കും. മുടി വെട്ടാനെത്തുന്ന കേളപ്പനോ ട് കെഞ്ചിയാണ് ശിഖയുടെ നീളം അല്പമെങ്കിലും കുറയ്ക്കുന്നത്. മുത്തശ്ശൻ അറിഞ്ഞാൽ കേളപ്പനും ചീത്ത കേൾക്കും. ശിഖ പിടിച്ചു വലിക്കുന്ന കുട്ടി കൾക്കിടയിൽ കുടുങ്ങിപ്പോയ ദിവസങ്ങൾ ഒരിക്കലും മറക്കാൻ പറ്റില്ല. മേത്തലെ ഉണ്ണിയും മറ്റും സ്കൂളിൽ വച്ചും ണ്ണ്യമ്പൂരിയെന്നാണ് വിളിക്കുക. ഇത് മറ്റു ചില കുട്ടികൾ കേട്ടു. ചിലർ അത് പരിഷ്കരിച്ചു ണ്ണ്യന്തൂരി.

തീർന്നില്ല റാഗിംഗ്. അക്കാലത്ത് മകരവ്രത വും കർക്കിടക വ്രതവുമായി രണ്ടു ദീർഘവ്രതങ്ങൾ ഉണ്ട്. ഒരു മകരത്തിൽ വ്രതം കൊണ്ടാൽ അടുത്ത മകരത്തിലേ അഴിയൂ. അതു വരെ ക്ഷൗരം പാടില്ല. കർക്കിടകവും അങ്ങനെ തന്നെ. മുടി കഴുത്തു വരെ യെങ്കിലും നീണ്ടിട്ടുണ്ടാവും. അപ്പോൾ പേരിടൽ മറ്റൊ ന്നാവും. ഹിപ്പ്യമ്പൂരി.

പക്ഷേ, ശാരീരിക ഉപദ്രവം അധികം ഉണ്ടാവില്ല. പേടിയുണ്ട്. പല മന്ത്രങ്ങളും അറിയുന്ന ആളാണ് നമ്പൂരി. കരിയാത്തൻ കോട്ടയിലും മറ്റും ഉറഞ്ഞു തുള്ളുന്ന കോമരത്തെ മുത്തശ്ശൻ പുണ്യാഹം തളിച്ച് അടക്കം വരുത്തുന്നത് അവരിൽ പലരും കണ്ടിട്ടു ണ്ട്. അധികം കളിച്ചാൽ വല്ല മാന്ത്രിക പ്രയോഗവും നടത്തിയാലോ? ചിലർ സേവ പിടിക്കാൻ തുടങ്ങി. നല്ല ചില മന്ത്രങ്ങൾ അവർക്കും പറഞ്ഞു കൊടുക്ക ണം. അയ്യട! നമ്പൂരിയാവുന്നതിന്റെ സുഖം വീണ്ടും അനുഭവിക്കാൻ തുടങ്ങി.

സ്കൂൾ പൂട്ടിയാൽ രണ്ടു മാസം കളിച്ചു രസി ക്കാം. പക്ഷേ , ഉപിനിച്ചുണ്ണി ആവുമ്പോൾ അതും പ്രയാസമാണ്. 'മൊതലോറ' എന്ന വേദ പഠനം അക്കാ ലത്താണ് പതിവ്. രണ്ടു മാസമെങ്കിലും എടുത്താലേ വേദം ഒരു വട്ടം ചൊല്ലിത്തീരൂ. അമ്മയുടെ അമ്മാമ നായ കരിപ്പാല അമ്മാമനാണ് വേദാധ്യാപകൻ. താ മസം കരിപ്പാലയിലും. അവിടെ പാശനും കൂട്ടുണ്ട്. കുട്ടികളോട് ഇത്ര ഉദാരമായി പെരുമാറുന്ന നമ്പൂരി മാരായ കാരണവന്മാരെ അതിനു മുമ്പോ പിമ്പോ കണ്ടിട്ടില്ല. ആ വേദാധ്യയന കാലം ശരിക്കും നല്ലൊരു ഗുരുകുല വാസമായി. വേറെയുമുണ്ടായി ഗുണങ്ങൾ. അത്യാവശ്യം നേദ്യം വെക്കാൻ പഠിച്ചു. പായസമു ണ്ടാക്കാനും.

ഇനി പൂജ കൂടി പഠിച്ചാൽ എല്ലാമായി.

അച്ഛന്റെ അമ്മാമനായ പഴങ്ങോട്ടുപൊറ്റ വല്യ മ്മാമനായിരുന്നു പൂജയിലെ ഗുരു.

പോൺസ് പൗഡറിന്റെ ടിന്നിനെ വിഷ്ണുവി ഗ്രഹമാക്കി.

കീറി നുറുക്കിയ പേപ്പർ കഷണങ്ങൾ പൂക്ക ളും. 'പൂജ' കഴിഞ്ഞാൽ പൗഡർ ടിന്നിന്റെ ചുറ്റിലും ചിതറിക്കിടക്കുന്ന 'നിർമ്മാല്യം' വാരാൻ മാളുച്ചോളു ണ്ടാവും. ക്ലാസിൽ നോട്ടെഴുതും പോലെ മന്ത്രങ്ങൾ എഴുതിയെടുത്തു. പുസ്തകം നോക്കി ചൊല്ലി ഹൃ ദിസ്ഥമാക്കി. ഒരു വിധം നേരെ ആയി എന്നു ബോ ധ്യമായ ഒരു ദിവസം വല്യമ്മാമൻ പറഞ്ഞു. ഇനി അമ്പലത്തിൽ തന്നെ ആവാം. അങ്ങനെ ആദ്യമായി പൂജാരിയുടെ വേഷവും.

കോവിൽ മങ്ങാട്ടപ്പൻ ശരിക്കും അനുഗ്രഹിച്ചു. ഒട്ടും പിഴച്ചില്ല.

ചെറിയ കുട്ടിയെ വലിയ നമ്പൂരിത്തത്തിലേക്ക് ഉപനയിച്ച ആ ഗുരുക്കന്മാരൊക്കെ മനസ്സിലുണ്ട്.

അവരുടെ അനുഗ്രഹവും കൂട്ടിനുണ്ട്. എങ്കിലും ജീവിതത്തിന്റെ വലിയ വഴികളിലേക്ക് ഉപനയിക്കാൻ പ്രാപ്തിയുള്ള മഹാഗുരുക്കന്മാരെ തേടുകയാണ് ഇപ്പോഴും.

●

❐ എം.ഡി. ജയൻ

# ഇതുതാൻ വിദ്യാർത്ഥിലക്ഷണം

500,1000 (അഞ്ഞൂറ്, ആയിരം) രൂപാ നോട്ടുകൾ റദ്ദാക്കിയും പുതുതായി 2000 ത്തിന്റെയും 500 ന്റെയും നോട്ടുകൾ അടിച്ചിറക്കിയും പണത്തിന്റെ വില സാധാരണക്കാരായ പൗരന്മാർ കഴിഞ്ഞ രണ്ടു മാസമായി മനസ്സിലാക്കിക്കൊണ്ടിരിക്കുകയാണല്ലോ. ഉറുപ്പികയും അണയും ഓട്ടമുക്കാലും ചില്ലിക്കാശും ചെമ്പുകാശും നിലവിലുണ്ടായിരുന്ന സ്വതന്ത്ര്യപ്രാപ്തിയുടെ നാളുകളിൽ ഇല്ലത്തു നിന്നും ആദ്യമായി കോളേജിൽ ചേർന്നു പഠിക്കാൻ തയ്യാറായ ഒരു നമ്പൂരി വിദ്യാർത്ഥിയുടെ സാമ്പത്തിക അച്ചടക്കം അദ്ദേഹത്തിന്റെ വാക്കുകളിൽ :



*പ്രൊഫ മോഴികുന്നം ദാമോദരൻ നമ്പൂതിരി*

'ഒരു കോളേജ് വിദ്യാർത്ഥിയുടെ സമ്പ്രദായങ്ങളൊന്നും എനിക്ക് ഉണ്ടായിരുന്നില്ല. സുഖപ്രദവും സ്വതന്ത്രവുമായ മനോഭാവം. വൃത്തിയായ വേഷം, നല്ല ഭക്ഷണം ഇവയൊന്നും തന്നെ എനിക്കുണ്ടായിരുന്നില്ല. മൂന്നു ഷർട്ട്, മൂന്ന് മുണ്ട് കഴിഞ്ഞു. രണ്ടാഴ്ച കൂടുമ്പോൾ വീട്ടിലേക്ക് വരുക വളരെ കണിശമായിരുന്നു. അപ്പോൾ ഒരലക്ക്. മുക്കിത്തിരുമ്പിക്കൊണ്ട് ഷർട്ട് രണ്ടാഴ്ച തുടർച്ചയായി ഉപയോഗിക്കും. ഇരുന്നാഴി എണ്ണ നാലു മാസം തേക്കാൻ മതി. ഒരു സോപ്പ് മൂന്നു മാസം– അങ്ങിനെ പിശുക്കിയാണ് ഉപയോഗിക്കുക. അച്ഛൻ അങ്ങിനെ നിർദ്ദേശിച്ചിരുന്നുവൊ, സംശയമാണ്. ഞാൻ തന്നെ ഒരു പിശുക്കനാണ്. അതു ശരിയല്ലെന്നും മാനമായി ജീവിക്കണമെന്നും എന്നോട് ഉപദേശിക്കാൻ ആരുമില്ല. അഥവാ വല്ലവരും ഉപദേശിച്ചാൽ അവർ ധാരാളികൾ. സ്വാർത്ഥികൾ എന്നാണെന്റെ നില.

വാസ്തവത്തിൽ ആ കൊല്ലത്തെ ജീവിതം ഭയങ്കരമാണ്. പിന്നീട് ഒരു സന്ദർഭത്തിൽ ഒരു വലിയ രാഷ്ട്രീയ പ്രവർത്തകൻ ഞാനുമായി ഇടപഴകിയശേഷം പറയുകയുണ്ടായിട്ടുണ്ട്. എന്നെപ്പോലെ ജീവിക്കുന്നവർ പതിനായിരത്തിന് ഒന്നേ ഉള്ളൂവെന്ന്. അച്ഛൻ വീട്ടിൽ വെച്ചു കണക്കു കൂട്ടിയതിൽ കവിഞ്ഞ് ഒരണപോലും ഞാൻ ചെലവാക്കിയിരുന്നില്ല. ദിവസത്തിൽ ഒരു ക അരയണയായിരുന്നു

പാലക്കാട്ട് നാലുകൊല്ലം താമസിച്ചിട്ടും രണ്ടാമതൊരു കണ്ണാടിയോ ചീർപ്പോ ചെരുപ്പോ വാങ്ങിയിട്ടില്ല. ഒരു ശീലക്കുട വാങ്ങിയില്ല. കൊല്ലത്തിൽ രണ്ടിലധികം ഷർട്ടുകൾ തുന്നിച്ചില്ല. നാലോറഞ്ചോ രണ്ടു ക്രഷ്ഷോ കഴിച്ചില്ല. സിനിമക്കു പോയിട്ടില്ല. പൗഡറോ വാസ്‌ലേനോ വാങ്ങിയില്ല. പാൽ കഴിച്ചില്ല. ഒരു സിഗരറ്റ് വലിച്ചിട്ടില്ല. അങ്ങിനെയുള്ള ജീവിതംകൊണ്ട് എന്തുകിട്ടി? ആരോഗ്യം തകർന്നില്ലെങ്കിലും കുറച്ചു മോശമായി. എന്റെ നിലയിലുള്ള വിദ്യാർത്ഥികളേക്കാൾ കൊല്ലത്തിൽ 200 കയോളം കുറച്ചാണ് എനിക്കു ചെലവു വന്നിരുന്നത്. പക്ഷെ പുസ്തകം വാങ്ങേണ്ടിടത്ത് വളരെയൊന്നും പിശുക്കിയിട്ടില്ല'

വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നു വിശ്വസിച്ച് പാലക്കാട് വിക്ടോറിയാ കോളേജിൽ പഠിക്കുകയും കോഴിക്കോട് ഗവൺമെന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽ ആയി റിട്ടയർ ചെയ്യുകയും തറവാട് കാരണവരായി ശതാഭിഷേകമെല്ലാം കഴിഞ്ഞ് അടുത്തകാലത്ത് അന്തരിക്കുകയും ചെയ്ത പ്രൊഫ. മോഴികുന്നം ദാമോദരൻ നമ്പൂതിരിയുടെ നേരനുഭവമാണ് നാം വായിച്ചത്.

(എഴുതിവെച്ച പ്രസിദ്ധീകരിച്ചിട്ടില്ലാത്ത ആത്മകഥയിൽ നിന്ന്) ●

ബജറ്റ്. പന്ത്രണ്ടണ ഊൺ. രാവിലെയും ഉച്ചക്കും ഉച്ചതിരിഞ്ഞും ഓരോ വെറും ചായ. ഇതിൽ നിന്നും ഭർഗ്ഗിച്ചു പണമുണ്ടാക്കിയിരുന്നു ഞാൻ എന്നോർക്കുമ്പോൾ ഇന്ന് അത്ഭുതം തോന്നുന്നു. ഒന്നേ മുക്കാൽ രൂപയുണ്ടെങ്കിലേ വീട്ടിലെ മാതിരി മര്യാദക്കു ജീവിക്കാനൊക്കൂ. മൂന്ന് ഔൺസ് അരി ചോറും ചപ്പാത്തിയും എല്ലാം കൂടിയാൽ വയറിന്റെ മൂന്നിലൊന്നാവില്ല. പക്ഷെ അങ്ങിനെ ജീവിച്ചു. എന്തിനു വേണ്ടി? അത് എന്റെ തന്നെ ആവശ്യമായിരുന്നു എന്നൊരു തോന്നൽ.

ഞാൻ പലദിവസങ്ങളിലും രാവിലെ ചായ കഴിക്കില്ല. ഉച്ചക്കൊന്നും കഴിക്കില്ല. വൈകുന്നേരം അരഅണയുടെ ദോശ കിട്ടുന്ന സ്ഥലമന്വേഷിച്ച് ഒരു ദോശയും ഒന്നേകാൽ അണയുടെ വെള്ള ച്ചായയും (പാലുവെള്ളം) കഴിക്കും. രണ്ടാഴ്ച കൂടുമ്പോൾ വെള്ളിയാഴ്ച വൈകുന്നേരം തന്നെ വീട്ടിലേക്കു പോരും. ചായ കൂടി കഴിക്കാതെ. തിങ്കളാഴ്ച വീട്ടിൽ നിന്നു ചായ കഴിച്ചു പോകും.

പട്ടണത്തിന്റെ നടുക്ക്, പൊടിപടലത്തിനിടക്ക്, പകർച്ചവ്യാധികളുടെ മദ്ധ്യത്തിൽ വേണ്ടത്ര ഭക്ഷണം കഴിക്കാതെ വൃത്തിയായി വസ്ത്രധാരണം ചെയ്യാതെ ജിവിച്ചു. പക്ഷെ ദീനമൊന്നുമുണ്ടായില്ല, ഭാഗ്യം.

# നിങ്ങൾ അറിഞ്ഞിരിക്കണം

വ്യാസം വസിഷ്ഠ നപ്താരം
ശക്തിം പൗത്രമകൽമഷം
പരാശരസുതം വന്ദേ
ശുകതാതം തപോനിധിം

വസിഷ്ഠന്റെ പ്രപൗത്രനും, ശക്തിമഹർഷിയുടെ പൗത്രനും പരാശര മഹർഷിയുടെ സുതനും ശുകബ്രഹ്മർഷിയുടെ പിതാവുമായ, കൽമഷം തൊട്ടുതീണ്ടാത്ത തപോനിധിയായ, വേദവ്യാസനെ വന്ദിക്കുന്നു എന്നാണല്ലോ മുകളിൽ ഉദ്ധരിച്ച ശ്ലോകത്തിന്റെ താല്പര്യം. ആർഷ പാരമ്പര്യം എന്നു പറയുന്നതിന്റെ ഒരു ഉദാഹരണം കൂടിയാണിത്.

യോഗക്ഷേമ സമുദായാംഗങ്ങൾക്ക് ഗ്രാമം, ഗോത്രം, പ്രവരം, ഗൃഹപ്പേർ, ഇല്ലപ്പേർ എന്നിവയോടൊപ്പം അറിഞ്ഞിരിക്കേണ്ടതാണ് മാതൃഗൃഹവും (അമ്മാത്തു) അച്ഛന്റേയും അമ്മയുടേയും മാതൃഗൃഹങ്ങളും. മുത്തശ്ശന്മാരുടെയും മുത്തശ്ശിമാരുടെയും പേർ വിവരങ്ങളും ധരിച്ചിരിക്കണം. മുതുമുത്തശ്ശന്മാരുടെയും 'ബയോഡാറ്റ' കൾ മനസ്സിലാക്കിയാൽ അത്യുത്തമമായി.

❐ എ.പി. നളിനൻ എം.എ.ഡി.ജെ



# തിലോദകം

**(ഇരുപത്തിയഞ്ചു വർഷങ്ങൾക്കു മുമ്പ് 1991 ൽ 62-ാം വയസ്സിൽ അന്തരിച്ച കവിയും നിരൂപകനും വാഗ്മിയും ശ്രീകൃഷ്ണപുരം വി.ടി.ബി. കോളേജ് പ്രിൻസിപ്പലും ശ്രീശങ്കര ട്രസ്റ്റ് ചെയർമാനുമായിരുന്ന പ്രൊഫ. എ.പി.പി. നമ്പൂതിരിയെ സീമന്തപുത്രൻ സ്മരിക്കുന്നു)**



ആദ്യകാലങ്ങളിൽ ഉത്തര-മദ്ധ്യകേരളത്തിലായിരുന്നു അച്ഛൻ കൂടുതൽ യാത്ര ചെയ്തത്. സാഹിത്യ സമ്മേളനങ്ങളിലും കലാസമിതികളുടേയും കലാലയങ്ങളുടെയും വാർഷികങ്ങളിലും പങ്കുകൊള്ളാൻ ഏറെ യാത്ര ചെയ്തിട്ടുണ്ട്. കേരള ഗ്രന്ഥശാലാ സംഘത്തിന്റെ ഉപാദ്ധ്യക്ഷൻ, കേരള സർവ്വകലാശാലയുടെ സെനറ്റ് മെമ്പർ എന്ന നിലകളിൽ തെക്ക് തിരുവനന്തപുരത്തേക്കും പിന്നെ യാത്രകൾ നീണ്ടു.

പല അഖില കേരള നാടക മത്സരങ്ങളുടേയും ജൂറി അംഗമെന്ന നിലയിൽ ഈ കൊച്ചു സംസ്ഥാനത്തിന്റെ പല കോണുകളിലും അച്ഛൻ ചെന്നെത്തി. അവസാന കാലത്ത് ശ്രീശങ്കര ട്രസ്റ്റിന്റെ ചെയർമാൻ പദവി ഏറ്റെടുത്തതോടെ തിരുവനന്തപുരത്തേക്കും കിളിമാനൂർക്കും തൃശൂർക്കുമൊക്കെയായി യാത്ര അധികവും. കിളിമാനൂരിൽ ട്രസ്റ്റിനു ലഭിച്ച മുപ്പതു ഏക്കർ സ്ഥലത്ത് ഒരു പുതിയ കോളേജ് അനുവദിച്ചു കിട്ടാനും ശ്രീകൃഷ്ണപുരം വി.ടി.ബി. കോളേജ് അപ്ഗ്രേഡ് ചെയ്തു കിട്ടാനും തെക്കോട്ടുള്ള തുടർച്ചയായ യാത്രകൾ അച്ഛനെ ശാരീരികമായി കുറച്ചൊക്കെ തളർത്തിയിരുന്നു. എന്നാൽ അക്ഷരാർത്ഥത്തിൽത്തന്നെ അച്ഛൻ അന്ത്യയാത്രക്കൊരുങ്ങുകയായിരുന്നുവെന്ന് കരുതാൻ പ്രത്യക്ഷമായ ഒരു സൂചനയും ഞങ്ങൾക്ക് ലഭിച്ചിരുന്നില്ല. അവസാനമായി അച്ഛൻ കിളിമാനൂർക്ക് പുറപ്പെടുന്നതിന് മൂന്നു മണിക്കൂർ മുമ്പ് മാത്രമാണ് തൃശൂരിൽ നിന്ന് ഏതോ ആന്തരിക പ്രേരണയാൽ ഞാൻ കോഴിക്കോട് എത്തിയത്. ചാലപ്പുറത്തെ 'നളിനാലയ' ത്തിന്റെ ടെറസ്സിൽ വാട്ടർടാങ്കിന്റെ ഔട്ട്ലെറ്റ് പൈപ്പിന്റെ ചോർച്ച മാറ്റുന്ന അച്ഛനെയാണ് ഞാൻ കണ്ടത്.

അന്നു വൈകുന്നേരം അഞ്ചുമണിയോടെ 'എക്സ്പ്രസ്' ബസ്സിൽ അച്ഛന് കിളിമാനൂർക്ക് പോകണം. ഒന്നോ രണ്ടോ മണിക്കൂർ മാത്രം ശേഷിക്കുന്നു. അതിനിടയിലും പേരക്കുട്ടികൾക്ക് തിരുവാതിരക്ക് ഊഞ്ഞാലിടാൻ മുറ്റത്തെ മുത്തൻമാവിൽ അച്ഛൻ തന്നെ കോണിവെച്ച് കയറി. കാർ ഷെഡ്ഡിലെ ഉത്തരത്തിൽ ഊഞ്ഞാലിടാമെന്ന് ഞാൻ പറഞ്ഞപ്പോൾ അച്ഛൻ അനുകൂലിച്ചില്ല: 'കുട്ടികൾ ആടേണ്ടതല്ലേ, പൊട്ടിയാലോ?'

# കോഴിക്കോട്ടെ യോഗക്ഷേമസഭ പിന്നിട്ട വഴികൾ

1964 ൽ നമ്പൂതിരി സമാജം സംഘടിപ്പിക്കാൻ മുന്നിൽ നിന്നു പ്രവർത്തിച്ചത് യശശ്ശരീരനായ ചാത്തനാട്ട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാടും ഇപ്പോൾ നവതി ആഘോഷിക്കുന്ന ചേക്രക്കൽകൃഷ്ണൻ നമ്പൂതിരിയും ചേളന്നൂർ, കക്കോടി, കുറ്റിക്കാട്ടൂർ, പെരുമണ്ണ തുടങ്ങിയ സ്ഥലങ്ങളിലെ ബ്രഹ്മാലയങ്ങളിൽ വിപുലമായ സമ്പർക്ക പ്രവർത്തനം നടത്തി.

കല്ലായി റോഡിലെ എം.സി.സി. ബാങ്ക് ഓഡിറ്റോറിയത്തിൽ കേരള നമ്പൂതിരി സമാജത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ച വിപുലമായ യോഗം സംഘടിപ്പിക്കപ്പെട്ടു. 19/1970 നമ്പറായി കോഴിക്കോട് ആസ്ഥാനമായി റജിസ്റ്റർ ചെയ്ത കേരള നമ്പൂതിരി സമാജത്തിന്റെ സ്ഥാപക പ്രസിഡന്റ് പി.വി. നാരായണൻ നമ്പൂതിരിയും സെക്രട്ടറി ഒ.ടി. വാസുദേവൻ നമ്പൂതിരിയുമായിരുന്നു. 1975 ഡിസംബർ 21 ന് തൃശൂരിൽ നടന്ന ലയന സമ്മേളനത്തിൽ വെച്ച് സംസ്ഥാന സംഘടനയായി. 1976 ൽ തൃശൂർ ആസ്ഥാനമായി 83/76 നമ്പറായി യോഗക്ഷേമ സഭ റജിസ്റ്റർ ചെയ്തപ്പോൾ സംസ്ഥാന അദ്ധ്യക്ഷനായി കെ.എൻ.എസ്സിന്റെ അന്നത്തെ സംസ്ഥാന അദ്ധ്യക്ഷനായിരുന്ന പൂമുള്ളി നീലകണ്ഠൻ നമ്പൂതിരിപ്പാടിനെയാണ് തെരഞ്ഞെടുത്തത്. കോഴിക്കോട് ജില്ലാ ഘടകത്തിന്റെ അദ്ധ്യക്ഷൻ ഒ.ടി. വാസുദേവൻ നമ്പൂതിരിയും സെക്രട്ടറി മങ്ങത്തായ കൃഷ്ണൻ നമ്പൂതിരിയുമായിരുന്നു. യശശ്ശരീരനായ പ്രൊഫസർ വി.എ. കേശവൻ നമ്പൂതിരിയും കോഴിക്കോടിന്റെ പ്രതിനിധിയായി ലയന സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 1977 ൽ യശ:ശ്ശരീരനായ പി.വി. നാരായണൻ നമ്പൂതിരി ജില്ലാ പ്രസിഡന്റായപ്പോഴും 1982–85 കാലത്ത് യശശ്ശരീരനായ കണ്ണിപറമ്പ് നടുവിലേടം രാമൻ നമ്പൂതിരി (എൻ.ആർ) ജില്ലാ പ്രസിഡന്റായപ്പോഴും ജില്ലാ സെക്രട്ടറിയായി മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി സേവനമനുഷ്ഠിച്ചു.

1985 ൽ സി. കൃഷ്ണൻ മൂസ്സ് ജില്ലാ പ്രസിഡന്റും യശശ്ശരീരനായ മങ്ങത്തായ ദാമോദരൻ നമ്പൂതിരി (എം.ഡി.എൻ), ജില്ലാ സെക്രട്ടറിയുമായി. 1987 ൽ കോഴിക്കോട്ടു വെച്ച് സംസ്ഥാന സമ്മേളനം നടന്നപ്പോൾ ജില്ലയുടെ അമരത്ത് ഇവർ സാരഥികളായി.

താഴെ നിന്ന് ഞാൻ കയർ എറിഞ്ഞു കൊടുത്തു. കോണിയിൽ ചാരി നിന്ന് അച്ഛൻ ഊഞ്ഞാൽ കെട്ടി. ഒരു മണിക്കൂറിനകം ധൃതിപ്പെട്ട് അച്ഛൻ യാത്രയാകുമ്പോൾ ഊഞ്ഞാലിൽ സ്വയം മറന്നാടുകയായിരുന്നു എന്റെ മൂത്തമകൾ; മുത്തച്ഛനെ യാത്രയാക്കാൻ പോലും മറന്നുകൊണ്ട് . ഞാൻ ഓർമ്മിപ്പിച്ചിട്ടാണ് അവളും മറ്റു കുട്ടികളും പടിവരെ ചെന്ന് മുത്തച്ഛനെ യാത്രയാക്കിയത്. ഗേറ്റിനരികിലെ പേരച്ചുവട്ടിൽ നിന്നുകൊണ്ട് പേരക്കുട്ടികൾക്കു നേരെ കൈവീശി അച്ഛൻ യാത്ര പറഞ്ഞ് മറഞ്ഞു.

പിറ്റേന്ന് തിരുവാതിര രാത്രിയിൽ മനസ്സു മരവിപ്പിക്കുന്ന ഒരു ഫോൺ സന്ദേശമാണ് ഞങ്ങളെ തേടിയെത്തിയത്. മടക്കയാത്രയിൽ നങ്ങ്യാർകുളങ്ങരവെച്ച് തല ചുറ്റിവീണ അച്ഛന്റെ നില ഗുരുതരമാണെന്ന ആലപ്പുഴ മാതൃഭൂമി ബ്യൂറോയിൽ നിന്നുള്ള ആദ്യ സന്ദേശം. ഏറെ കഴിഞ്ഞില്ല, രണ്ടാമതൊരു സന്ദേശം വന്നു; അച്ഛൻ ഞങ്ങളെ വിട്ടുപിരിഞ്ഞുവെന്ന സത്യം അറിയിച്ചുകൊണ്ട്.

ഗുരുപൂജകൂടിയാണ് എന്നെ സംബന്ധിച്ചിടത്തോളം പിതൃസ്മരണ. നാലു വർഷം ഫറൂഖ് കോളേജിൽ അച്ഛന്റെ മലയാളം ക്ലാസിൽ ശിഷ്യനായി ഇരിക്കാൻ എനിക്ക് സൗഭാഗ്യം കിട്ടിയിട്ടുണ്ട്. അദ്ധ്യാപകനെന്ന നിലയിലാണ് അച്ഛന്റെ ജീവിതത്തിന്റെ പൂർണ്ണതയെന്ന് ആ നിമിഷങ്ങളിലെല്ലാം തോന്നിയിട്ടുമുണ്ട്. ●





# അവർണ്ണനീയം

❐ സതി കണ്ടമംഗലം

ചില പുഷ്പങ്ങൾ അങ്ങനെയാണ്
ആർക്കോ വേണ്ടി വിരിയുന്നു
ആരാലോ വളർത്തപ്പെടുന്നു
ആർക്കോ തന്നെ സമ്മാനിയ്ക്കുന്നു
ആരെങ്കിലുമാൽ അറുക്കപ്പെടുന്നു

ചുവന്നനിരത്തിനഴകേകുന്നു
പുലരിപ്പൂക്കൾ ധാരാളം
ആരും നോക്കാനില്ലെങ്കിലും
ആരൊക്കെയോ അവരെ നോക്കുന്നു

അകൃത്രിമ സൗന്ദര്യത്താൽ
അസുലഭ സുഗന്ധത്താൽ
അഴകേറും ലാസ്യനർത്തനത്താൽ
ആസ്വാദകരേറുന്ന കുസുമങ്ങൾ

ആരും മിണ്ടിയില്ലെങ്കിലും
ഒരായിരം രഹസ്യമുള്ളിൽ
ആരും തലോടിയില്ലെങ്കിലും
ഒട്ടേറെ തേങ്ങലുകൾ ഉള്ളിൽ
ആരും നനച്ചില്ലെങ്കിലും
ഒരുപാടു നനവിനു സാക്ഷികൾ

മനസ്സിനു കുളിരേകുന്നവ
വേദനയ്ക്കു സാന്ത്വനമേകുന്നവ
ഓടിയൊളിക്കാൻ തണലേകുന്നവ
നേർത്ത സൗരഭ്യത്താൽ
ആടിയുലയുന്ന പൂമേനിയാൽ
പതിഞ്ഞ താരാട്ടിനാൽ
അലിഞ്ഞലിഞ്ഞ്....
ഓർമ്മകളിൽ മായുന്നവ


പാതയോരത്തെ പൂക്കൾ
അവയെ ആരും പുകഴ്ത്തുന്നില്ല
എങ്കിലും അവ എന്നെന്നും
ഉല്ലാസപറവകളായുലാത്തുന്നു
ഉണങ്ങി ഊർന്നു പറന്നു പോകുന്നു.
ചാറ്റൽ മഴയിൽ ഒഴുകി ഒഴുകി
ഒരു നേർത്തുനേർത്ത
നീർച്ചാലായ് മറയുന്നു

ചിലപൂക്കൾ അങ്ങനെയാണ്
വിവരണങ്ങൾക്ക് അതീതമായവ
●


❐ മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി



# വയോജനദിനചിന്ത



ഒരു മുല്ലപ്പൂമാല കോർത്തു ഞാൻ കൊണ്ടന്നിട്ടു-
ണ്ടതു നിൻമുടിക്കെട്ടിൽ ചൂടിയ്ക്കാം സഖീ വരൂ
ഒക്ടോബർ ഒന്നാണിന്നീസുദിനം നമുക്കത്രേ
ഒട്ടൊരു മാധുര്യത്തിൽ നമുക്കിന്നാഘോഷിയ്ക്കാം
തൂവെള്ളമുടിയിൽ ഞാൻ ചാർത്തുമീ വെള്ളപ്പൂക്കൾ
വേറിട്ടു കാണാതിന്നു നിന്നിലേ ലയിയ്ക്കയായ്!
പോയ കാലത്തിൻ മുഗ്ദ്ധസ്മരണയുണർത്താനീ
ത്താരുകൾക്കാവുന്നെങ്കിൽ എത്ര ധന്യരീ നമ്മൾ!!
കാലുകൾ വിറയ്ക്കുന്നോ? നിൽക്കേണ്ട, നമുക്കല്പ-
മീമരച്ചോട്ടിൽച്ചാരിയിരിയ്ക്കാം മുന്നേപ്പോലെ
കാണുക, കണ്ണിൻ കാഴ്ച മങ്ങിയെന്നാലും, ദൃശ്യ-
മോഹനമുൾക്കാഴ്ചകൾ നമ്മിലുണ്ടല്ലോപാരം
ചാരെയില്ലല്ലോ മക്കളെങ്കിലും നമുക്കങ്ങു
ദൂരെ നിന്നാശംസകളയയ്ക്കുന്നതേ മതി!
വായുവിൽ പരക്കുന്നൂ പേരമക്കൾ തൻ സ്നേഹ
മേറിടും വിളി നമുക്കാനന്ദം പകരുവാൻ
അവരെത്താലോലിയ്ക്കാം മനസ്സിൽ കൂടെക്കൂട്ടി
മുറുക്കിപ്പുണർന്നാത്മ നിർവൃതിയതുൾക്കൊള്ളാം
നാമതിൽ പരിതൃപ്തരാവണമതാണല്ലോ
പോയ കാലത്താൽ നമ്മൾ നേടിയ പ്രകാശങ്ങൾ
ആനന്ദം മനസ്സിലെ യാനന്ദമത്രേമുഖ്യം
നീവരു സഖീ നമുക്കിന്നതിൻ പുണ്യം നേടാം
●



കക്കാട് വാസുദേവൻ നമ്പൂതിരി വരച്ച എൻ.എൻ.കക്കാടിന്റെ പോർട്രേറ്റ്

**സഫലമീ ചിത്രം....**

**എൻ.എൻ.കക്കാടിന്റെ ഈ പോർട്രേറ്റിനു പിന്നിൽ ഒരു കഥയുണ്ട്. ചിത്രം വരച്ചതിന് പ്രതിഫലമായി 3000 രൂപ സ്വന്തം അനിയന് നൽകിയ അപൂർവ്വമായ അനുഭവം. അതേപ്പറ്റി അടുത്ത താളിൽ**

❒ കക്കാട് വാസുദേവൻ

# ''പിന്നെയാരെന്നും, എന്തെന്നുമാർക്കറിയാം?''

യശ:ശ്ശരീരനായ എൻ.എൻ. കക്കാടിന്റെ 'സഫലമീയാത്ര' എന്ന പ്രശസ്ത കവിതയിലെ പ്രവചന സമാനമായ വരി അനുജനായ എന്നോടു പറഞ്ഞ സന്ദർഭം ഞാൻ ഓർക്കുകയാണ്. ഞാൻ വരച്ച ഏട്ടന്റെ ഛായാപടം (പോർട്രേറ്റ്) ചേവായൂരിലെ താമസസ്ഥലമായ 'ക്ലീമി'ൽ കൊണ്ടുപോയി കാണിച്ചു.

''അ..അസ്സലായി. ഞാൻ നിരീച്ചതിലും നന്നായി.'' അതായിരുന്നു ആദ്യ പ്രതികരണം.

''ലേശം കൂടി ചെയ്യാനുണ്ട്. ആ ജനലിൽകൂടി തുരുത്തമലകൂടി വരക്കൂ. അത് എന്റെ ഇച്ഛയാണ്''- അഭിപ്രായം ഉടനെ വന്നു.

''എടോ ഇപ്പളേ എനിക്ക് കാണാൻ പറ്റൂ.

പിന്നെയാരെന്നുമെന്തെന്നുമാർക്കറിയാം.''

അന്നാണ് 'സഫലമീയാത്ര'യിൽ കുറിച്ചിട്ട വാക്കുകൾ ആദ്യമായി ആ മുഖത്തു നിന്ന് എനിക്കു കേൾക്കാൻ കഴിഞ്ഞത്. വിക്കി വിക്കി പറഞ്ഞ വാക്കുകൾ മറക്കാനാവുന്നില്ല.

ബാലുശ്ശേരി കൂട്ടാലിടയിലെ തറവാട്ടിലെ മാളികമുറിയായിരുന്നു ചിത്രരചനക്കായി ഞാൻ സജ്ജീകരിച്ച സ്ഥലം. ആദ്യമായി അച്ഛന്റേയും ജ്യേഷ്ഠന്റേയും ഓരോ പോർട്രേറ്റ് പെയിന്റ് ചെയ്ത് ഗാലറി പ്രവർത്തനം തുടങ്ങാമെന്നു കരുതി വരച്ചു തുടങ്ങി. ആകാശവാണിയിൽ നിന്നും തൽക്കാലം ലീവെടുത്ത് ചികിത്സയിൽ കഴിയുകയാണ്. റേഡിയോസ്റ്റേഷന്റെ ലാസ്റ്റ് ഇന്റർവ്യൂവിന്റെ ഒരു ഫോട്ടോ കോപ്പി എനിക്കു തന്ന് ''പറ്റുംച്ചാൽ വരക്കൂ'' എന്ന് പറഞ്ഞ് ജ്യേഷ്ഠൻ അനുഗ്രഹാശിസ്സുകളും നൽകി.

ഏട്ടന്റെ വാക്കുമുൻനിർത്തി വരക്കാൻ തുടങ്ങിയപ്പോൾ വിചാരിക്കാത്ത വേഗത്തിൽ ഫോട്ടോ പൂർത്തിയാക്കാൻ കഴിഞ്ഞു.

## ശ്രീ. കക്കാട് വാസുദേവൻ നമ്പൂതിരി



പഴയ കുറുമ്പ്രനാട് രാജ്യത്തെ പ്രമുഖ തന്ത്രികുടുംബമാണ് കക്കാട്ടില്ലം. കവി എൻ.എൻ.കക്കാടിനെപ്പോലെ ഇളയ അനുജൻ വാസുദേവൻ നമ്പൂതിരിപ്പാടും തന്ത്രശാസ്ത്രത്തിൽ ജ്ഞാനിയാണ്. 'ശ്രീചക്രപൂജ' അതിന്റെ പരമ്പരാഗത രീതിയിൽ വാസുദേവൻ നമ്പൂതിരിപ്പാട് അനുഷ്ഠിച്ചുവരുന്നു. നിരവധി ക്ഷേത്രങ്ങളിൽ തന്ത്രിയായ അദ്ദേഹം ചിത്രകല അഭ്യസിച്ചു. കൂട്ടാലിടയിൽ സ്റ്റുഡിയോ നടത്തിയിരുന്നു. യോഗക്ഷേമസഭയുടെ ബാലുശ്ശേരി ഉപസഭാ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. ജ്യേഷ്ഠനുമായി ഉണ്ടായിരുന്ന ആത്മബന്ധമാണ് അനുഭവത്തിൽ കാണുന്നത്.

യശഃശരീരനായ കോട്ടൂർ പുതുമന രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ അനുജന്റെ വേളി ക്ഷണിക്കാൻ ഇല്ലത്ത് വന്നപ്പോൾ ചിത്രശാലയിലും വന്നു. അദ്ദേഹം ഏട്ടന്റെ പോർട്രേറ്റ് കാണുകയും ഭക്ത്യാദരപൂർവ്വം അതിന്റെ മുമ്പിൽ നിന്ന് ഏട്ടനേയും വേളിക്ക് ക്ഷണിച്ചാണ് മടങ്ങിയത്.

കുറച്ചു ദിവസം കഴിഞ്ഞ് ജ്യേഷ്ഠനെ കാണാൻ ചേവായൂരിലെ ക്ലീമിൽ ഞാൻ ചെന്നപ്പോൾ ''എവി



*ജ്യേഷ്ഠന്റെ സഹധർമ്മിണി ശ്രീദേവി കക്കാട്*

ടെ എന്റെ ഫോട്ടോ? അതും കൊണ്ട് വന്നാൽ മതി'' എന്നു പറഞ്ഞാണ് എതിരേറ്റത്. ഫോട്ടോ വരച്ചു കഴിഞ്ഞ കാര്യം ഏട്ടൻ അറിഞ്ഞു കഴിഞ്ഞിരിക്കുന്നു. തീരെ അവശനായി കഴിയുന്ന ജ്യേഷ്ഠനെ പോർട്ടറേറ്റ് കാണിക്കുന്നത് ഉചിതമല്ലെന്ന ധാരണയായിരുന്നു എനിക്ക്. പറഞ്ഞ സ്ഥിതിക്ക് മടിച്ചു മടിച്ചു കൊണ്ടാണ് ഫോട്ടോ കൊണ്ടുവന്ന് കാണിച്ചത്. ഉടനെ വന്നു അഭിനന്ദനവും നിർദ്ദേശങ്ങളും.

ഇതിനിടയിൽ ജ്യേഷ്ഠൻ മൂവ്വായിരം രൂപയുടെ ചെക്കെഴുതി മൂത്ത മകൻ ശ്രീകുമാറിനെക്കൊണ്ട് ഞാനറിയാതെ എന്റെ പോക്കറ്റിൽ നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. ഏട്ടന്റെ ഭവനത്തിൽ ചെന്നപ്പോൾ ഊരിയിട്ട ഷർട്ട് മടങ്ങാൻ നേരത്താണ് ഞാൻ ധരിച്ചത്. കൂട്ടാലിടയിൽ തിരിച്ചെത്തിയ ശേഷമാണ് ഏട്ടന്റെ ചെക്ക് എന്റെ ശ്രദ്ധയിൽ പെട്ടത്. എന്റെ കലാസപര്യക്ക് ഏട്ടന്റെ കയ്യിൽനിന്ന് കിട്ടിയ വിഷുക്കൈനീട്ടം. എങ്കിലും അതു കണ്ടപ്പോൾ എനിക്ക് ആദ്യം ഒരു ഞെട്ടലാണുണ്ടായത്.

തായമ്പക അദ്ദേഹത്തിന് ഹരമാണ്. ഞങ്ങളുടെ ഭഗവതീക്ഷേത്രത്തിലെ ഉത്സവക്കാലത്ത് ഒരു വിഷമവുമില്ലാതെ കനമുള്ള ചെണ്ട തോളിലിട്ട് വിളക്കിനു മുമ്പിൽ നിന്ന് തായമ്പക കൊട്ടുന്ന ഏട്ടനെ മറക്കാനാവില്ല. എണ്ണങ്ങൾ വൃത്തിയായി മനോധർമ്മത്തിലൂടെ കൊട്ടി അരങ്ങു കൊഴുപ്പിക്കാൻ അദ്ദേഹത്തിന് നല്ല സാധകമുണ്ടായിരുന്നു. തായമ്പകയുടെ നാലാംകാലം കൊട്ടിക്കലാശിക്കുമ്പോൾ 'തിരുവാതിര ഞാറ്റുവേല' എന്നാണ് അദ്ദേഹത്തിന്റെ ഭാഷ.

ഞാൻ ഒരു കവിത എഴുതി ഒരു ദിവസം ജ്യേഷ്ഠനെ കാണിച്ചു. എനിക്ക് ചിത്രകലയിലാണ് സ്വതസ്സിദ്ധമായ കഴിവെന്നറിയാവുന്ന അദ്ദേഹം എന്നെ കാവ്യരചനയിൽ പ്രോത്സാഹിപ്പിച്ചില്ല. ''എടോ നീ കുറച്ചുകാലം എഴുതാതിരിക്ക്. സഹിക്കാൻ വയ്യാതാകുമ്പോൾ ഒരു പെയിന്റിങ് ചെയ്യ്. എന്നിട്ടും അടങ്ങാത്തപ്പോൾ ഒരു ചെറുകഥയെഴുത്. പദങ്ങളുടെ ഒരു ബാങ്ക് ബാലൻസ് ഉണ്ടാവട്ടെ എന്നിട്ടു മതി കവിതയെഴുത്ത്''. കുറേ കഴിഞ്ഞ് വീണ്ടും ഞാൻ കവിതയെഴുതി കാണിച്ചപ്പോൾ ''അസ്സലായി'' എന്ന് അനുമോദിച്ച കാര്യവും ഓർക്കുന്നു.



ഇല്ലങ്ങളും നാലുകെട്ടുകളും വില്ലകൾക്ക
ഇല്ലങ്ങൾ തനിമയും പഴമയും നില
വിശേഷം പങ്കു വയ്ക്കുകയാണ് സ്വസ്
ഓരോ ലക്കത്തിലും ഓരോ ഇല്ലങ്ങ
മേഖലകളിൽ നൂറ്റാണ്ടുകള
ഇല്ലത്തെക്കുറിച്ചാണ

# ഒഴിപ്പിച്ചെടുര

സ്റ്റാഫ് പ്രതിനിധി

ഒരില്ലത്ത് എത്ര ഉരലുണ്ടാവും?

ഒന്ന്. അല്ലെങ്കിൽ രണ്ട്. പന്തീരായിരം പറ പാട്ടം കിട്ടാനുള്ള ഇല്ലത്തു പോലും അതിലധികം ഉരലുണ്ടാവില്ല.

പക്ഷേ, പാടേരിയിൽ പത്തുവിരലിൽ നിൽക്കില്ല കണക്ക്!

പതിനെട്ടായിരുന്നു ഉരലുകൾ!!

നമ്പൂരിമാരുടെ കാര്യം അങ്ങനെയാ



**ും ഫ്ളാറ്റുകൾക്കും വഴി മാറിയിട്ടും ചില
നിർത്തുന്നു. അത്തരം ഇല്ലങ്ങളുടെ
്തി. ഇല്ലപ്പെരുമയെന്ന ഈ പംക്തിയിൽ
ളുടെ വിശേഷം. താന്ത്രിക മാന്ത്രിക
ുടെ പാരമ്പര്യമുള്ള പാടേരി
ന് ആദ്യലക്കത്തിൽ.**

# ത്ത ചാത്തൻ

ണ്. ഒന്നും പറയാൻ പറ്റില്ല. ഏലംകുളത്ത് രാഷ്ട്രീയമെങ്കിൽ വൈദ്യമഠത്തിൽ ചികിത്സ. ഓരോ ഇല്ലത്തും ഓരോ പ്രത്യേകത കാണും. പടിപ്പുരയുടെ പൊക്കം. വടക്കിനിയുടെ നീളം. ആനവാതിലിന്റെ ഉയരം. കുളത്തിന്റെ വിസ്താരം ...അങ്ങനെയങ്ങനെ നമ്പൂരിപ്പെരുമയ്ക്ക് നിയതമായ നിർവചനങ്ങളൊന്നുമില്ല.

അതെന്തായാലും പതിനെട്ട് ഉരലുകളും പത്തു പതിനഞ്ച് ചിരവകളും.

അധികം പാട്ടം കിട്ടാനുള്ളതു കൊണ്ടല്ല. ഉണ്ണാൻ ആളു കൂടുതലുള്ളത് കൊണ്ടുമല്ല. ഇടിയ്ക്കാൻ കുറച്ചധികം അവിലുള്ളതു



*രാമൻ നമ്പൂതിരിപ്പാട്*



*ശക്രൻ നമ്പൂതിരിപ്പാട്*

## താന്ത്രികവും മാന്ത്രികവും പോലെ ഇരട്ടകൾ

പാടേരി ഇല്ലത്തെ രണ്ടു പ്രശസ്തരായിരുന്നു പരേതരായ രാമൻ നമ്പൂതിരിപ്പാടും ശക്രൻ നമ്പൂതിരിപ്പാടും . താന്ത്രികവും മാന്ത്രികവും പോലെ ഇരട്ടകളായിരുന്നു ഇരുവരും. താന്ത്രികത്തിലും മാന്ത്രികത്തിലുമുള്ള പാരമ്പര്യത്തെ ജനഹൃദയങ്ങളിലെത്തിച്ചുകൊണ്ട് പാടേരിക്ക് പെരുമയും പ്രശസ്തിയും നേടിക്കൊടുത്തത് ഇവരാണ്. താന്ത്രിക കർമ്മത്തിലായിരുന്നു ശക്രൻ നമ്പൂതിരിപ്പാടിന് പ്രശസ്തിയെങ്കിൽ മന്ത്രവാദത്തിലും പാചകകലയിലും അതി വിദഗ്ദ്ധനായിരുന്നു രാമൻ നമ്പൂതിരിപ്പാട്. ഇവരുടെ പൂർണ്ണ ശിക്ഷണത്തിലാണ് ഇന്നു ജീവിച്ചിരിക്കുന്ന പിൻമുറക്കാർ എല്ലാവരും അഭ്യസിച്ചത്. ഇവർ രണ്ടുപേരും കുട്ടിച്ചാത്തനെ സേവിച്ച് ഉപാസന നടത്തി പ്രത്യക്ഷ ലക്ഷണങ്ങൾ കാണിച്ചു തന്നവരാണ്.

ഇന്നത്തെ കാരണവർ ശങ്കരൻ നമ്പൂതിരിപ്പാടും അദ്ദേഹത്തിന്റെ സഹോദരൻ നാരായണൻ നമ്പൂതിരിപ്പാടും (കോവൂർ) കുഞ്ഞൻ നമ്പൂതിരിപ്പാടും സുനിൽ നമ്പൂതിരിപ്പാടും താന്ത്രികകാര്യങ്ങൾക്ക് നേതൃത്വം നൽകി ഇന്നും പ്രവർത്തിച്ചു വരുന്നു. വരും തലമുറയ്ക്ക് പ്രത്യാശയായി തന്ത്രവിദ്യാപീഠത്തിൽ നിന്ന് താന്ത്രികകർമ്മങ്ങൾ പഠിച്ച് നവീൻ ശങ്കർ നമ്പൂതിരിപ്പാട് ഈ മേഖലയിൽ സജീവമാണ്.

ഏകദേശം 41 ക്ഷേത്രങ്ങളിൽ നവീകരണകലശങ്ങൾക്ക് പ്രധാനക്രിയ ചെയ്യുകയും അമ്പതോളം ദ്രവ്യകലശങ്ങൾക്ക് കാർമ്മികത്വം വഹിക്കുകയും ഇത്രയും കാവുകളിൽ കുടിവെപ്പുകലശം നടത്തുകയും പത്തോളം മറ്റു തന്ത്രിമാരുടെ കലശങ്ങൾക്ക് സദസ്യനായി പ്രവർത്തിക്കുകയും ചെയ്ത പ്രശസ്ത തന്ത്രിയാണ് സുനിൽ നമ്പൂതിരിപ്പാട്.

കൊണ്ട്. പത്തെണ്ണൂറ് കിലോ അവിൽ.

അതേ, അവിലാണ് പാടേരിപ്പെരുമയിലെ തനിമ!

ഇവിടത്തെ ഇഷ്ടദേവതയായ കരിങ്കുട്ടിച്ചാത്തന്റെ ഇഷ്ടാഹാരം. കഴിഞ്ഞ കൊല്ലത്തെ കണക്കെടുത്താൽ 800 കിലോയിലേറെ വരും.കുറഞ്ഞ ദിവസം കൊണ്ട് ഇത്രയേറെ അവിലിടിക്കണമെങ്കിൽ ഉരലും ഉലക്കയും കുറച്ചധികം വേണ്ടി വരും.

വാങ്ങിക്കൊണ്ടു വരുന്ന അവിൽ പോരാ. ഇവിടെ വറുത്തു കുത്തിയത് വേണം.

ചില ദേവതകൾ അങ്ങനെയാണ്. ഇഷ്ടാനിഷ്ടം കടുകട്ടിയാണ്!!കുട്ടിച്ചാത്തന്മാരാവുമ്പോൾ പറയുകയും വേണ്ട.

അപ്പോൾ ഇത്രയും അവിലിനുള്ള നെല്ലോ? അതി നല്ലേ കോഴിക്കോട് സാമൂതിരി കരമൊഴിവായി പതിച്ചു കൊടുത്ത പാടം. എത്രപറ നെല്ലിനും പ്രയാസമില്ല.

അതിനു പിന്നിൽ വേറെയുമുണ്ട് കഥ.

പഴയകാലം മുതൽ സാമൂതിരിയുടെ തന്ത്രം പാടേരിയ്ക്കാണ്. തന്ത്രം മാത്രമല്ല മന്ത്രവാദവും. സാമൂതിരിപ്പാടിന്റെ കീഴിൽ തളി ഉൾപ്പെടെയുള്ള ക്ഷേത്രങ്ങളിൽ തന്ത്രം . കോവിലകത്ത് അത്യാവശ്യത്തിന് മന്ത്രവാദവും.

ആയിടെ ഒരിക്കൽ സാമൂതിരിക്ക് നേരെ പറക്കൂളികളുടെ ഉപദ്രവമുണ്ടായി. ഒടി മറയലും ആഭിചാരവും ഒക്കെ സർവസാധാരണമായിരുന്ന ആ പഴയ കാലം. സാമൂതിരി ഉണ്ണാനിരുന്നാൽ വിളമ്പിയ ഭക്ഷണം ഇലയിൽ നിന്ന് അപ്രത്യക്ഷമാവും. ഒരു വറ്റും ഉണ്ണാൻ കിട്ടില്ല.

ഇപ്പോഴത്തെ കാരണവർ വലിയ ശങ്കരൻ നമ്പൂതിരിപ്പാട് ആ കഥയുടെ കെട്ടഴിച്ചു:

“ഇരിക്കപ്പൊറുതി ഇല്ല്യാതായീന്ന് പറഞ്ഞാൽ മതിയല്ലൊ.സാമൂതിരി പാടേരിക്ക് ആളെ അയച്ചു.”

“ഇങ്ങനൊക്കെയാണ് സ്ഥിതി. നേരംവണ്ണം ഉണ്ണാൻ പറ്റാതായി. നമ്പൂരിപ്പാട് വല്യ മന്ത്രവാദിയൊക്കെ ആണല്ലൊ. ഈ ബാധകളെ ഒഴിപ്പിക്കാൻ പറ്റ്വോ?”

ഒരു വെല്ലുവിളിയായിരുന്നു അത്. എന്തെങ്കിലും ചെയ്യണംന്ന് പറഞ്ഞു. ആലോചിച്ച് നോക്കട്ടെ. അങ്ങനെ തോറ്റ് കൊടുക്കാൻ വയ്യല്ലൊ. ദോഷാന്ന് അറിയാം .അതിന്ള്ള പ്രായശ്ചിത്തൊക്കെ ചെയ്ത്ട്ടാ ഇവിട്ന്ന് പോയത്. ഇവര്ടെ സമ്മതൊക്കെ വാങ്ങിപ്പോ



*മലബാറിലെ പ്രശസ്ത ക്ഷേത്രമായ കോഴിക്കോട് അഴകൊടി ദേവീക്ഷേത്രത്തിൽ 22 വർഷം മുമ്പ് പാടേരി സുനിൽ നമ്പൂതിരിപ്പാട് ധ്വജപ്രതിഷ്ഠ നടത്തുന്നു.*

യി. ഏതോ കാലം മുമ്പാട്ടോ ഇതൊക്കെ.

സാമൂതിരിപ്പാട് ചോദിച്ചു ,തൊടങ്ങല്ലേ?

ങ്ങും, തൊടങ്ങാം. അത്നെന്ന്യാ വന്നത് ന്ന് പറഞ്ഞു.

ഒന്നല്ല, നൂറുബാധകൾ ഉണ്ടായിരുന്നു. പറക്കൂളികൾ.

മന്ത്രവാദത്തിനുള്ള ഒരുക്കങ്ങളായി. ആവാഹനം തുടങ്ങി. പറക്കൂളികൾ ഒന്നൊന്നായി വലയിലായി. പക്ഷേ,സാമൂതിരിപ്പാടിന് ബോദ്ധ്യമാവണമെങ്കിൽ നേരിൽ കാണണം. ഒളിഞ്ഞു മറഞ്ഞു നിന്നാൽപ്പോരാ.

എങ്കിൽ നേരിട്ട് കണ്ടോളൂ എന്നായി കാരണവർ.

ഒരു നിമിഷം!

കോവിലകത്തിന്റെ തൂണുകളിൽ അതാ പിടിച്ചു കെട്ടിയ നിലയിൽ 99 കൂളികൾ!!

സാമൂതിരി വാളൂരി. എല്ലാത്തിന്റേയും കഥ കഴിഞ്ഞു. നൂറാമത്തേതിനു നേരേ വാളോങ്ങിയപ്പോൾ ഇവിടന്ന് വിലക്കി.

“വേണ്ട,ഇതിനെ ഞാൻ കൊണ്ടു പോയ്ക്കൊള്ളാം. ഇവിടെ ഇനി ഉപദ്രവമുണ്ടാവില്ല.”

അങ്ങനെയാണ് പറക്കൂളികളുടെ നേതാവായ പറക്കുട്ടിച്ചാത്തനെ ഇല്ലത്തു കൊണ്ടു വന്ന് പ്രതിഷ്ഠിച്ചത്.

സാമൂതിരിപ്പാട് ചോദിച്ചു, എന്താ പ്രതിഫലം വേണ്ടത്.

പ്രതിഫലത്തിനൊന്നുമല്ല ചെയ്തത്. സാമൂതിരിപ്പാടിന് ഉപദ്രവം മാറിക്കിട്ട്യാ മതി.

എന്നാ കുട്ടിച്ചാത്തന് നേദ്യത്തിനുള്ള സ്ഥലം ഇരിക്കട്ടെ എന്നായി സാമൂതിരിപ്പാട്. അങ്ങനെ കൊല്ലത്തോടു കൊല്ലം നിവേദ്യത്തിന് നെല്ലുണ്ടാക്കാൻ പാടവും പതിച്ചു നൽകി. ആ പറക്കുട്ടീനെ പിടിച്ചുകെട്ടിക്കൊണ്ടോന്ന ആളാണ് ചാത്തനാട്ടേക്ക് പോയത്.



*പാടേരി വലിയ ശങ്കരൻ നമ്പൂതിരിപ്പാട്*

ഇപ്പഴും ചാത്തനാട്ട് നമ്പൂതിരിപ്പാട് ഇവടെ വന്നാൽ പറക്കുട്ടിക്ക് നെയ്‌വിളക്ക് വെച്ച് തൊഴും.

പതിവുകൾക്കപ്പുറമുള്ള പഴമയിലേക്ക് പോയാൽ പാടേരിപ്പെരുമയുടെ വേരുകൾ എത്തുക തളിപ്പറമ്പിലാണ്. പെരും ചൊല്ലെഴുന്ന 64 നമ്പൂതിരി ഗ്രാമങ്ങളിലെ പെരിഞ്ചെല്ലൂരിൽ. സാമൂതിരിയുടെയും മറ്റും താന്ത്രിക ആവശ്യങ്ങൾക്കായി കോഴിക്കോട്ടെത്തിയ ഒരു കൂട്ടർ ഇവിടെ സ്ഥിരതാമസമാക്കി. കൂടെപ്പോന്ന ഉപാസനാമൂർത്തികളെ ഇവിടെ ഇല്ലത്ത് തന്നെ പ്രതിഷ്ഠിക്കുകയും ചെയ്തു. ആദ്യം മുക്കത്തിനടുത്ത ഒഴലൂരിലായിരുന്നു. (അവിടെ ഇപ്പോഴും ഒഴലൂർ പറമ്പുണ്ട്. പാടേരിയുടെ വേരുകളുള്ള തളിപ്പറമ്പിലുമുണ്ട് ഒഴലൂർ. ഇപ്പോൾ ഇല്ലം നിൽക്കുന്ന സ്ഥലവും ഒഴലൂർ തന്നെ.) ഏതു നല്ല കാര്യങ്ങൾ തുടങ്ങുന്നതും തളിപ്പറമ്പ് രാജരാജേശ്വരനെ സ്മരിച്ചു കൊണ്ടാണ്. 700 കൊല്ലങ്ങൾക്കിപ്പുറവും അതിന് മുടക്കമില്ല.

പെരിങ്ങൊളം ഹൈസ്കൂളിൽ നിന്ന് ഹെഡ്മാസ്റ്ററായി വിരമിച്ച ഗോവിന്ദൻ നമ്പൂതിരിപ്പാടിന് ചാത്തൻമാരെപ്പറ്റി അല്പം കൂടി പഴയ കഥ പറയാനുണ്ട്.

''പൂർവികർ തളിപ്പറമ്പിൽ നിന്നാണ് വന്നത്ന്ന് പറഞ്ഞല്ലൊ. 700വർഷം കഴിഞ്ഞതായാണ് പ്രശ്നത്തിൽ കണ്ടത്. അന്നേ കൂടെപോന്നവരാണ് ചാത്തന്മാർ. തളിപ്പറമ്പിൽ നിന്ന് മുക്കത്ത്. മുക്കത്ത് നിന്ന് ഇവിടെ. പാതിരിശ്ശേരിയായിരുന്നു ആദ്യം. അവിടത്തെ ഏട്ടനും അനിയനും തമ്മിൽ പിരിഞ്ഞു. ഏട്ടൻ ഇവിടെയെത്തി. ഏട്ടന്റെ ഒപ്പം കുട്ടിച്ചാത്തന്മാരും വന്നു. എന്നാൽ അവർ അകത്ത് കയറിയില്ല. ഇല്ലം സംരക്ഷിച്ചോളാം എന്ന ഉറപ്പിന്മേലാണ് അവരെ പിന്നീട് അകത്ത് കുടിവച്ചത്.''

നമ്പൂതിരിയില്ലങ്ങളിൽ ഒട്ടും സാധാരണമല്ല കുട്ടിച്ചാത്തൻ പ്രതിഷ്ഠ.

ശ്രീകോവിൽ നട തുറന്നാലെന്ന പോലെ പൂമുഖവാതിൽ തുറന്നാൽ നേരെ കാണുന്നത് ചാത്തൻ പ്രതിഷ്ഠയുള്ള പള്ളിയറയാണ്. മുറ്റത്ത് നിന്നാൽ നേരെ തൊഴാം. ഇതും അത്ര സാധാരണമല്ല. അതായത് ഇല്ലത്തിന്റെ ഏറ്റവും പ്രധാന സ്ഥലമാണ് ചാത്തന്മാർക്ക് നൽകിയിട്ടുള്ളത്. ഭഗവതി, കരിയാത്തൻ, പൂക്കുട്ടി, കരിങ്കുട്ടി, ഉച്ചക്കുട്ടി, രക്തേശ്വരി, പറക്കുട്ടി തുടങ്ങി ഏഴു പ്രതിഷ്ഠകളുണ്ട് പള്ളിയറയിൽ. ഇല്ലത്ത് പുലയോ വാലായ്മയോ വന്നാൽ ഇവർക്കും



*ഗോവിന്ദൻ നമ്പൂതിരിപ്പാട്*

''ഒരിക്കൽ തിറേന്റന്ന് ഇവിടത്തെ ഒരു കാരണവർ മരിച്ചു. വല്യ അദ്ഭുതാണ് ആ സംഭവം. ഞങ്ങളൊക്കെ കുട്ട്യപ്ഫൻ ന്ന് വിളിച്ചീർന്ന ആള്. നമ്മളെ പി. കെ.എം. രാജേന്റ്യാക്കെ അച്ഛൻ. കഴിഞ്ഞ സാമൂതിരീടെ അച്ഛൻ. കുട്ട്യപ്ഫന്റെ ഒടുക്കത്തെ മകനായിരുന്നു കഴിഞ്ഞ സാമൂതിരി. കുട്ട്യപ്ഫന് ഒരസുഖോം ണ്ടായിർന്ന്ല്യ. ഒരു തെറേന്റ് അന്നാണ്. അന്ന് തിറ ഒരു മാസം നീട്ടി.അങ്ങനെയൊരു നീട്ടലേ ഉണ്ടായിട്ടുള്ളൂ ഇവിടെ.''

ബാധകം. പിന്നെ പുല കഴിഞ്ഞേ പൂജയുള്ളൂ. മറ്റേതെങ്കിലും ഇല്ലക്കാർ വന്ന് പൂജ കഴിക്കുന്ന പതിവും ഇല്ല. അതിനും കാരണമുണ്ട്. ചാത്തന്മാരുടെ മൂലമന്ത്രങ്ങൾ പുറമെ ഒരാൾക്കും പറഞ്ഞു കൊടുക്കാറില്ല. തറവാട്ടിലെ അംഗങ്ങൾക്ക് മന്ത്രോപദേശമായി കൈമാറിപ്പോരുന്നതാണ് പതിവ്.

ചെറിയ കുട്ടിയായിരിക്കെ ഏതോ ഗ്രന്ഥം തുറന്നു നോക്കിയതിന് അന്നത്തെ കാരണവരുടെ ചീത്ത കേട്ടത് ഗോവിന്ദൻ നമ്പൂതിരിപ്പാടിന്റെ ചെവിയിലുണ്ട്. വല്ല മന്ത്രവും നോക്കുകയാണെന്നാവും കാരണവർ ധരിച്ചത്.

''തോന്ന്യാസം കാട്ടരുത്. ഉപദേശം വേണം''.

പുസ്തകങ്ങൾ നോക്കി സ്വന്തം നിലയിൽ പഠിക്കാൻ ശ്രമിച്ചെന്ന് ധരിച്ചായിരുന്നു ആ കാരണവർ വഴക്ക് പറഞ്ഞത്.

പ്രത്യേകമന്ത്രങ്ങളാണ് ,അത്തരം മന്ത്രങ്ങൾ ആചാര്യനിൽ നിന്ന് ഉപദേശരൂപത്തിലേ പഠിക്കാവൂ.

''പണ്ട് കാളകാട് വല്യ കാരണോര് എടയ്ക്കെടക്ക് വരും. ഇവിട്ത്തെ കാരണോരും ആയിട്ട് വല്യ ലോഹ്യായിരുന്നു. ആള് ഭയങ്കരനാണ്. രാത്രി ങ്ങനെ സംസാരിച്ച് നടക്ക്ആ പോലും, ഒറ്റയ്ക്ക്. കുട്ടിച്ചാത്തനോട് പറയാ, ഇവിട്ത്തെ കാര്യോം ബന്ധോം ഒക്കേ. അദ്ദേഹം പറഞ്ഞിട്ട്ണ്ട്. ഇല്ലത്തും ഇവിടേം ഒരുപോലെ ആണ്ട്ടോ.സംശയിക്കണ്ടാ. ഇവിട്ത്തെ കാരണോന്മാരോട് പറഞ്ഞതാ. വ്യത്യാസൊന്നൂല്ല്യ. അവടേം ഇവടേം ഒന്ന്വന്ന്യാട്ടോ. അക്കാലത്ത് വെളിച്ചപ്പാട്നൊക്കെ വല്യ ശക്ത്യായിരുന്നൂ. ഒരിക്കൽ കോമരം കാളകാടിനോട് വെളിച്ചപ്പെട്ട് ചോദിച്ചൂത്രെ. എന്താ അവടേം ഇവടേം ഒന്നായിട്ട് തോന്ന്ണ്ണ്ടോ? രണ്ടായി കണ്ട്ല്യ. അതായിരുന്നു മറുപടി.''

വെളിച്ചപ്പാടന്മാർക്ക് ചിലതൊക്കെ മുൻകൂട്ടി കാണാൻ കഴിയുംന്നാ വിശ്വാസം. നടന്ന സംഭവാണ്.

ഗോവിന്ദൻ നമ്പൂതിരിപ്പാട് മറ്റൊരു കഥ പറയുകയാണ്:

''ഒരിക്കൽ തിറേന്റന്ന് ഇവിടത്തെ ഒരു കാരണവർ മരിച്ചു. വല്യ അദ്ഭുതാണ് ആ സംഭവം. ഞങ്ങളൊക്കെ കുട്ട്യപ്ഫൻ ന്ന് വിളിച്ചീർന്ന ആള്. നമ്മളെ പി. കെ.എം. രാജേന്റ്യാക്കെ അച്ഛൻ. കഴിഞ്ഞ സാമൂതിരീടെ അച്ഛൻ. കുട്ട്യപ്ഫന്റെ ഒടുക്കത്തെ മകനായിരുന്നു കഴിഞ്ഞ സാമൂതിരി. കുട്ട്യപ്ഫന് ഒരസുഖോം ണ്ടായിർന്ന്ല്യ. ഒരു തെറേന്റ് അന്നാണ്. അന്ന് തിറ ഒരു മാസം നീട്ടി.അങ്ങനെയൊരു നീട്ടലേ ഉണ്ടായിട്ടുള്ളൂ ഇവിടെ. തൊട്ടു മുമ്പത്തെ കൊല്ലാ മുത്തശ്ശൻ മരിച്ചത്.ഒരു കൊല്ലം ദീക്ഷ. ദീക്ഷക്കാലത്ത് ഒന്നും വയ്യാന്നല്ലേ. അങ്ങനെയാണ് മകരം 20 എന്നത് കുംഭം 20ലേക്ക് നീട്ടിയത്. തിറേന്റന്ന് ഉച്ചയായപ്പം വെളിച്ചപ്പാട് ധൃതി വയ്ക്കാൻ തുടങ്ങി. ഉച്ചക്കുട്ടീന്റെ തോറ്റം തൊടങ്ങീട്ടേള്ളൂ. വെളിച്ചപ്പാട് ഒരച്ചില്ട്ത്ത് വന്നു. ന്റെ കോലം എത്രേം വേഗം തിരുമുറ്റത്ത് എത്തിച്ചോളണം. നേരം വൈകാൻ പാടില്യാന്ന്. കല്പനയല്ലേ? എന്തെങ്കിലും കാരണം ണ്ടാവും ന്ന് മണ്ണാന്മാർക്കും തോന്നി. എന്താന്ന് ആർക്കും മനസ്സിലായീല. വേഷം കെട്ടിക്കഴിഞ്ഞ്ണ്ടായീന്ന്ല്യ. പിടിച്ച്



*പാടേരിയിലെ ഗുരുവായൂരപ്പൻ ക്ഷേത്രത്തിനു മുന്നിൽ സുനിൽ നമ്പൂതിരിപ്പാട്*

ങ്ങട് കൊണ്ടോന്നു. ഉടുത്തു കെട്ടൊക്കെ വേഗം തീർത്ത് മണ്ണാന്മാർ മുറ്റത്ത് എത്തി. എന്തോ ണ്ടല്ലോന്ന് ഓല്ക്കും തോന്നി. തിറ വേഗം അവസാനിപ്പിച്ചു.''

അന്ന് എങ്ങന്യാച്ചാൽ, ഇന്നാട്ട്ലെ മണ്ണാന്മാരെല്ലാരൂം ണ്ടാവും. തിറ കുടികൂട്ടി മണ്ണാന്മാരെ എല്ലാരേം പിരിച്ചു വിട്ടു. തിറ കഴിഞ്ഞാൽ ആരും അധികനേരം ഇവിടെ നിൽക്കാൻ പാടില്ല. എല്ലാരും പോയി. കാരണോര് കുളിക്കാനും പോയി. അന്നൊക്കെ പുഴക്കൽ പോയിട്ടാണ് കുളി. കുളി മുഴോനായ്യോന്ന് നിശ്ചല്യ. തല കരയ്ക്കലും കാല് വെള്ളത്തിലുമായിട്ടായിരുന്നു. വല്ലാത്ത അദ്ഭുതായിരുന്നു അത്. സൂചന വെളിച്ചപ്പാടിലൂടെ തന്നു. അന്നൊക്കെ വെളിച്ചപ്പാടന്മാർക്ക് നല്ല ശക്തി ആയിരുന്നു.

നൂറ്റൊന്നു നാഴി അവിലാണ് പ്രധാന വഴിപാട്. 101 നാഴി അവിൽ, 101 പലം ശർക്കര,101പൂവൻപഴം,101 നാളികേരം . പിന്നെ ചുക്കുപൊടി ഇത്യാദിയും. മകരം 20 നാണ് തിറ. അതിനു രണ്ടാഴ്ച മുമ്പെങ്കിലും അവിലു വഴിപാടുള്ളവർ പറയണം. എന്നാലേ തയ്യാറാക്കാൻ പറ്റൂ. തിറ ദിവസം ദീപാരാധനയ്ക്കു ശേഷമാണ് അവിൽ പൂജ. അതിനുശഷം തിറയ്ക്കു വന്ന എല്ലാവർക്കും അവിൽ പ്രസാദം നൽകും. കഴിഞ്ഞ കുറെ വർഷങ്ങളായി തിറദിവസങ്ങളിൽ അന്നദാനവുമുണ്ട്. പണ്ട് കാലത്ത് ഇത്രയധികം ഉരലുകൾ ഉണ്ടായത് ഈ അവിലിനു വേണ്ടി മാത്രമാണ്.അവിലിടിക്കാനായി അവകാശമുള്ള സ്ത്രീകളും ഉണ്ടായിരുന്നു. കുളിച്ച് വ്രതശുദ്ധിയോടെ വേണം തയ്യാറാക്കാൻ. പ്രദേശത്തെ നമ്പൂതിരിമാരൊക്കെ തിറ ദിവസം പാടേരിയിലെത്തും.ചിലർ അതിനു മുമ്പു തന്നെ. ഇത്രയധികം അവിൽ കൂട്ടുചേർക്കാൻ പത്തിരുപത് ആളെങ്കിലും വേണ്ടിവരും. നൂറ്റൊന്നു നാഴി അവിൽ ആദ്യം വഴിപാട് ചെയ്തത് തന്ത്രി കിഴക്കുമ്പാട് നമ്പൂരിപ്പാട് ആയിരുന്നുവെന്ന് കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട് അനുസ്മരിക്കുന്നു.

ഇവിടത്തെ പരദേവത പ്രധാനമായും ഭഗവതി കുട്ടിച്ചാത്തന്മാരാണ്. കുട്ടിച്ചാത്തന്മാരിൽ ഏറെ പ്രധാനം കരിങ്കുട്ടിച്ചാത്തനാണ്. മന്ത്രവാദ വിഷയത്തിലും ഉപാസനാ വിഷയത്തിലും ഈ ദേവതയ്ക്കാണ് പ്രാധാന്യം. 101 നാഴി കുഴച്ച അവിൽ നിവേദ്യമാണ് ചാത്തന് ഏറ്റവും പ്രധാനം.

കുട്ടിച്ചാത്തൻ മാത്രമല്ല ഇവിടെയുള്ളത്.ഗുരുവായൂരപ്പനുമുണ്ട്.

വടക്കോട്ട് പയ്യന്നൂരിലെ കാളകാട് വരെ നീളു

മ്പോൾ തെക്കോട്ട് ഗുരുവായൂർ വരെ നീളുന്ന ഐതിഹ്യപ്പെരുമയുണ്ട് പാടേരിക്ക്. ഇവിടത്തെ ഒരു കാരണവർ സ്ഥിരമായി ഗുരുവായൂർ പോയിരുന്നു. വയസ്സായതോടെ ദീർഘയാത്ര വയ്യാതായി. തൊഴൽ മുടങ്ങുമെന്നോർത്ത് നമ്പൂതിരിപ്പാടിന് വിഷമമായി. ഒരു ദിവസം ഗുരുവായൂരപ്പൻ സ്വപ്നത്തിൽ വന്നു. ഇല്ലത്തോട് ചേർന്ന് ഒഴുകുന്ന പുഴയിലെ കയത്തിൽ ഒരു വിഗ്രഹം കാണുമെന്നും ഗുരുവായൂരപ്പനെന്ന് സങ്കല്പിച്ച് അതെടുത്ത് പ്രതിഷ്ഠിച്ചാൽ മതിയെന്നുമായിരുന്നു സ്വപ്നദർശനം. പിറ്റേന്നു തന്നെ നമ്പൂതിരിപ്പാട് പുഴയിലിറങ്ങി .ദർശനമുണ്ടായ സ്ഥലത്തു മുങ്ങിയപ്പോൾ വിഗ്രഹം കിട്ടുകയും ചെയ്തു.

പുതിയ തലമുറയിലെ നവീൻശങ്കർ ഇങ്ങനെ പറയുന്നു:

''പുഴയിൽ നിന്ന് കിട്ടിയ ഈ വിഗ്രഹം ധാരാളം ഉത്സവങ്ങളും മറ്റും ഒക്കെ ഉണ്ടായിരുന്ന ഒരു ക്ഷേത്രത്തിലേത് ആണെന്നാണ് പ്രശ്നത്തിൽ പറഞ്ഞത് . കിഴക്കു ദേശത്തെ ഏതോ ഒരു അമ്പലത്തിൽ ഉണ്ടായിരുന്നതാണത്രെ. അത് ഒഴുകി വന്ന് ഇവിടെയെത്തി. ആ സ്വപ്നദർശനപ്രകാരം മുങ്ങിത്തപ്പിയപ്പോൾ കിട്ടുകയും ചെയ്തു. ഇവിടെ അമ്പലം പണ്ടും ഉണ്ടായിരുന്നു. പക്ഷേ അതൊക്കെ നശിച്ചു പോയിരുന്നു. വീണ്ടും ഇദ്ദേഹമാണ് പ്രതിഷ്ഠിച്ചത്. അങ്ങനെ പുഴയിൽ നിന്ന് വിഗ്രഹം കണ്ടെടുത്ത് പ്രതിഷ്ഠിച്ച അന്നത്തെ ആ കാരണവരാണ് ഇവിടത്തെ ആചാര്യൻ. അദ്ദേഹത്തിന്റെ സ്മരണക്കായി ആചാര്യന് ദിവസവും നെയ്‌വിളക്ക് വെക്കുന്നുണ്ട്. അദ്ദേഹം ഉപയോഗിച്ചത് എന്നു കരുതുന്ന വലിയൊരു പലകയും ഉണ്ട്. വിജയദശമി ദിവസം ഓത്തു ചൊല്ലുമ്പം വിദ്യാരംഭത്തിനു മുമ്പ് ആ പലകയ്ക്ക് അഭിവാദ്യം ചെയ്ത് നമസ്കരിക്കും.സാമാന്യത്തിലേറെ വലിപ്പമുണ്ട് ആ പലകയ്ക്ക്.''

വിഗ്രഹം കിട്ടിയ ഈ പുഴയ്ക്കുമുണ്ട് മറ്റെങ്ങുമില്ലാത്ത പ്രത്യേകത. കിഴക്കു നിന്ന് ഉദ്ഭവിച്ച് പടിഞ്ഞാട്ട് ഒഴുകുന്നതാണ് സാധാരണ കേരളത്തിലെ പുഴകൾ. ഈ ചെറുപുഴയും അങ്ങനെത്തന്നെ.പക്ഷേ, പാടേരിപ്പറമ്പ് കഴിയുവോളം ഇതിന്റെ ഒഴുക്ക് കിഴക്കോട്ടാണ്. ഈ ഭാഗത്ത് പുഴയുടെ ദിശ മാറുന്നതാണ് ഇതിനു കാരണം. ഈ പുഴയിലെ വെള്ളം

## കുട്ടിച്ചാത്തന്മാരുടെ ശക്തി

കുട്ടിച്ചാത്തന്മാരുടെ ശക്തിയ്ക്കും സിദ്ധിയ്ക്കും ദൃഷ്ടാന്തങ്ങൾ ഒരു പാടുണ്ട് .

''ദാരുബിംബായിരുന്നു ആദ്യം. കുറെ ഭാഗം കേടായി. മാറ്റണോന്ന് സംശായി. പ്രശ്നക്കാരും ഒന്നും പറയ്ണ്ല്യ. അപ്പം കാളകാട് കാരണവരാണ് പറഞ്ഞത്. മാറ്റിക്കോളൂ.ഞാനാണ് പറയ്ണത്. എന്നിട്ടാണ് പഞ്ചലോഹാക്കീത്. പൂക്കുട്ടി കരിങ്കുട്ടി. കുട്ടിശാസ്താവാണ് രണ്ടും. ഇവടെ ശൈവായിട്ടാണ് ഞങ്ങൾ ആരാധിക്കുന്നത്. കാളകാട്ട് വൈഷ്ണവായിട്ടാണ്. കാളകാട്ട് അവതാരാണല്ലൊ,കുട്ടിച്ചാത്തന്റെ. പറക്കുട്ടീനെ പിടിച്ച് കൊണ്ടോന്നതാണ്. നേരത്തെ പറഞ്ഞില്ലേ? സാമൂതിരീടെ കഥ.അങ്ങനെ കൊണ്ടു വന്നതാണ് പറക്കുട്ടിയെ. ആദ്യം പറക്കുട്ടിക്ക് തിറ ഉണ്ടായിരുന്നില്ല. പെൺകുട്ടികൾ ണ്ടാവാൻ വേണ്ടി ഒരു ബന്ധു നേർന്നതാണ് ആദ്യത്തെ തിറ. അതിന് ശേഷം എല്ലാ കൊല്ലോം പറക്കുട്ടിക്കും കൂടി തിറ ആവാമെന്ന് വച്ചു. മുപ്പത്തഞ്ച് കൊല്ലത്തോളമായി. ഇപ്പം ധാരാളം വഴിപാടും വരാൻ തുടങ്ങി.''

**- ഗോവിന്ദൻ നമ്പൂതിരിപ്പാട്**

കൊണ്ടാണ് ഇവിടത്തെ ഭഗവാന് അഭിഷേകം. ഗുരുവായൂർ ഏകാദശി തൊട്ട് ഗുരുവായൂരിന്റെ എല്ലാ വിശേഷങ്ങളും ഇവിടത്തെയും വിശേഷം. ഇപ്പോൾ നവീകരണത്തിന്റെ തിരക്കിലാണ് പാടേരിയിലെ ഗുരുവായൂരപ്പൻ.

ഈ ഗുരുവായൂരപ്പന്റെ മുന്നിൽ വച്ചാണ് പുതുതലമുറയിലെ പ്രശസ്ത തന്ത്രി സുനിൽ നമ്പൂതിരിപ്പാടിനെ കണ്ടത്.

ചന്ദനവും കളഭവുമായിരുന്നില്ല കയ്യിൽ.

കുമ്മായം!

തൊട്ടു തന്നെ കല്പണിക്കാരും. പണ്ട് പാടേരിയിൽ ഒരു ഗോപ്യപ്ഫൻ ഉണ്ടായിരുന്നുവത്രെ.തച്ചുശാസ്ത്രത്തിൽ കേമനായിരുന്നു. അദ്ദേഹം വാസ്തു

വിദ്യയിൽ തച്ചനെ തോല്പിച്ച കഥ ആരോ പറഞ്ഞു കേട്ടിട്ടുണ്ട്. കയ്യിൽ കുമ്മായവുമായി നിൽക്കുന്ന സുനിൽ നമ്പൂതിരിപ്പാടിനെ കണ്ടപ്പോൾ ആ ഗോപ്യപ്ഫനെ ഓർത്തു പോയി.

ഗുരുവായൂരപ്പന്റെ ആലിന് തറ കെട്ടുകയാണ്.നവീകരണത്തിന്റെ ഭാഗമാണ് ഇത്. വേർപാടും നവീകരണങ്ങളുമായി മറ്റ് ക്ഷേത്രങ്ങളിൽ പോവുമ്പോൾ സ്വന്തം ക്ഷേത്രം മറക്കരുതല്ലൊ. ദിവ്യമായ ആ വിഗ്രഹത്തിന്റെ ചൈതന്യം എത്ര വർദ്ധിപ്പിച്ചാലും അധികമാവില്ല.

ക്ഷേത്രങ്ങളുടെ സ്മരണ ഉണർത്തുന്നതാണ് ഇവിടത്തെ പുതുതലമുറക്കാരുടെ വീടുകളും.

ശ്രീവത്സം, കൗസ്തുഭം, ഗോകുലം,ശ്രീപാദം,പവിത്രം, പ്രണവം,സ്വസ്തികം, സൗപർണ്ണിക, കൃഷ്ണമയം..... ഇവയെല്ലാം പുതിയ തലമുറക്കാരുടെ വീടുകൾ . തറവാടിനോട് ചേർന്നും അല്ലാതെയും പത്തോളം ബ്രാഞ്ചുകൾ . എല്ലാവർക്കും ഒത്തു കൂടാൻ തറവാട്. തറവാട്ടു ഭരണത്തിന് ട്രസ്റ്റ്. അതിന്റെ ചുമതല മാനേജിംഗ് ട്രസ്റ്റിയ്ക്ക്. ഇപ്പോഴത്തെ കാരണവർ വലിയ ശങ്കരൻ നമ്പൂതിരിപ്പാടാണ് മാനേജിംഗ് ട്രസ്റ്റി. ഏറ്റവും മുതിർന്ന നമ്പൂതിരിപ്പാടും ഏറ്റവും മുതിർന്ന അന്തർജനവും തറവാട്ടിലാണ് താമസം. സഹായത്തിന് എല്ലാരുമുണ്ട് വിളിപ്പാടിനുള്ളിൽ. പ്രമുഖരായ പല തന്ത്രികുടുംബങ്ങളും കുടുംബത്തോടൊപ്പം തന്ത്രവും ഭാഗിച്ചവരാണ്. പക്ഷേ,പാടേരിയിൽ തന്ത്രം ഭാഗിച്ചിട്ടില്ല. എല്ലാ അംഗങ്ങൾക്കും അവകാശമുണ്ട്.

ഓണം,തിറ, തുടങ്ങി എല്ലാ വിശേഷങ്ങളും തറവാട്ടിലാണ്.

താന്ത്രികവും മാന്ത്രികവും മാത്രമല്ല വൈദികവും വഴങ്ങും പാടേരിയിൽ.വലിയ വലിയ ഓത്തന്മാർ.

ശ്രീകൃഷ്ണേടത്ത് ഓത്തൂട്ടിന് ഗായത്രം കൊട്ടിച്ച ആളാണ് പഴയ കാരണവരായ ഗോവിന്ദൻ നമ്പൂതിരിപ്പാട്.ഏറ്റവും വലിയ ഓത്തായ ഗായത്രത്തിലായിരുന്നു അതെന്ന് പഴയതലമുറക്കാർ ഓർക്കുന്നു. വെളിച്ചപ്പാട് വശമാക്കിയ വാസുദേവൻ നമ്പൂതിരിപ്പാട്, തിരുവനന്തപുരത്തെ മുറജപത്തിന് പങ്കെടുത്ത ശക്രൻ നമ്പൂതിരിപ്പാട്, താമരക്കുളം ഭാഗവതരുടെ ശിഷ്യനായിരുന്ന ഗോവിന്ദൻ നമ്പൂതിരിപ്പാട്. (കഥകളിസംഗീതത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രാവീണ്യം.) തച്ചുശാസ്ത്രത്തിൽ കേമനായിരുന്ന ഗോപ്യപ്ഫൻ. .....അങ്ങനെ തന്ത്രത്തിനുമപ്പുറം പല മേഖലകളിലും പാടേരിക്കാരുണ്ടായിരുന്നു. പഴയ കാലത്തല്ല ഇപ്പോഴും. ചെന്നൈ അണ്ണാനഗറിലെ അയ്യപ്പക്ഷേത്രത്തിൽ മേൽശാന്തിയായ പരമേശ്വരൻ നമ്പൂതിരിപ്പാടന്റെ പു

## ടിപ്പുവിന്റെ പടയോട്ടം

ടിപ്പുവിന്റെ പടയോട്ടവുമായി ബന്ധപ്പെട്ടും ചിലതുണ്ട്. പാടേരിയിലെ മരുമകനായ തെഞ്ചീരി ഇല്ലത്ത് ശക്തൻ നമ്പൂതിരി ടിപ്പുവിന്റെ വിശ്വസ്തനായിരുന്നു. പിന്നീട് ടിപ്പുവുമായി തെറ്റിയ അദ്ദേഹം സാമൂതിരിയുമായി സഖ്യമുണ്ടാക്കി. ഇക്കാരണത്താൽ ടിപ്പു ശക്തൻ നമ്പൂതിരിയെ ആക്രമിക്കാൻ വന്നു. അദ്ദേഹത്തിന്റെ ഇല്ലമെന്ന് തെറ്റിദ്ധരിച്ച് ടിപ്പു എത്തിയത് പാടേരിയിൽ. ഇവിടത്തെ അമ്പലവും ഇല്ലവും ആക്രമിച്ചു. അന്ന് ടിപ്പുവിന്റെ പട്ടാളം തമ്പടിച്ച സ്ഥലം ആ പേരിൽ ഇപ്പോഴുമുണ്ട്. പുഴയുടെ അക്കരെ കൂഴക്കോട്ടുള്ള പട്ടാളപ്പാടത്തിന് ആ പേര് വന്നത് അങ്ങനെയാണ്. വടക്കു ഭാഗം പുഴയും ബാക്കി മൂന്നുഭാഗവും കിടങ്ങുമായി തെഞ്ചീരിയുടെ പറമ്പും ഇന്നുണ്ട്. പാടേരിപ്പറമ്പിനോട് ചേർന്ന് തെഞ്ചീരി മഠം പറമ്പായി അറിയപ്പെടുന്നത് അതാണ്.

ഖിലാഫത്ത് കാലത്തെ അതിക്രമ സമയത്ത് പാടേരി ഇല്ലത്തുള്ളവരെല്ലാം സാമൂതിരി കോവിലകത്തായിരുന്നു താമസം. വിശ്വസ്തനായ ഒരു മുസ്ലീം ആയിരുന്നു ഇല്ലത്ത് കാവൽ. ലഹളക്കാർ ആക്രമിക്കാൻ വന്നപ്പോൾപള്ളിയറയുടെ ഉള്ളിൽ നിന്ന് കുപ്പിച്ചില്ലും കല്ലും എറിയാൻ തുടങ്ങി! ലഹളക്കാർ ഓടി. അവർ പടിപ്പുരയുടെ സമീപത്തെത്തിയപ്പോൾ അവിടെയുള്ള പാലയുടെ കൊമ്പ് ലഹളക്കാരുടെ ദേഹത്തേക്ക് പൊട്ടി വീണു. അക്രമികൾ പേടിച്ച് സ്ഥലം വിട്ടു. അന്ന് തകർത്ത പടിപ്പുര പിന്നീട് പുനർനിർമ്മിച്ചിട്ടില്ല.

ത്രൻ രാകേഷ് സിനിമയിലാണ് പയറ്റുന്നത്. പ്രമുഖ തമിഴ് സംവിധായകൻ എ.എൽ.വിജയിന്റെ ടീമിൽ അസോസിയേറ്റ് ഡയറക്ടറാണ്. തന്ത്രവിദ്യാപീഠത്തിൽ നിന്ന് അക്കാഡമിക് ആയി തന്ത്രം പഠിച്ചവർ, എൻജിനീയറിംഗിലും മാനേജ്മെന്റിലും ബിരുദം നേടിയവർ,സ്കൂളിലും കോടതിയിലും ജോലി ചെയ്യുന്നവർ. ..

തന്ത്രത്തിലും മന്ത്രത്തിലും മാത്രമല്ല പാടേരിപ്പെരുമ.

തന്ത്രത്തിൽ മാത്രമെടുത്താൽ ഇരുന്നൂറോളം ക്ഷേത്രങ്ങൾ.

പണ്ട് പുഴായി ദേശത്തിലെ 18 ഇടങ്ങളിലും തന്ത്രം പാടേരിക്കോ പാതിരിശ്ശേരിക്കോ ആയിരുന്നു. അറയിൽ ഭഗവതി,മൂവന്തിക്കാളി തുടങ്ങി നിരവധി കാവുകൾ. സാമൂതിരിയുടെ സാമന്തന്മാരായിരുന്ന പുഴായി അങ്ങ് വയനാടൻ അതിരോളം നീളും. പക്ഷേ, പാടേരിയുടെ താന്ത്രിക പരിധി അതിനുമപ്പുറം കടക്കും. മത്സ്യാവതാരം തൊട്ട് നരസിംഹാവതാരം വരെ നിരവധി അവതാരക്ഷേത്രങ്ങൾ. കർണ്ണാടകത്തിലെ ഭട്കൽ പദ്മാവതി ക്ഷേത്രം തൊട്ട് മണ്ണാർക്കാട് നാലുശ്ശേരി ഭഗവതി ദേവീക്ഷേത്രം വരെ ദക്ഷിണ കാനറയും മലബാർ മുഴുവനും വ്യാപിച്ചു കിടക്കുന്നവ. കോഴിക്കോട്,മലപ്പുറം,വയനാട്,പാലക്കാട് തുടങ്ങി വിവിധ ജില്ലകളിൽ. വയനാട്ടിലെ മീനങ്ങാടി മത്സ്യാവതാര ക്ഷേത്രം,കോഴിക്കോട് അഴകൊടി ദേവീക്ഷേത്രം , പന്തലായനി അഘോരശിവക്ഷേത്രം, താമരശ്ശേരി കോട്ടയിൽ വിഷ്ണുക്ഷേത്രം, പെരുമൺപുറ വിഷ്ണുക്ഷേത്രം, ചീരാൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രം , മുട്ടിൽ വിഷ്ണു ക്ഷേത്രം, വിളയിൽ ദുർഗ്ഗാ ഭഗവതി ക്ഷേത്രം, പാണ്ടിക്കാട് നെന്മിനി അഖിലേശ്വരി ക്ഷേത്രം, ചുങ്കത്തറ പെരുമ്പത്തൂർ മഹാദേവക്ഷേത്രം.... അങ്ങനെയങ്ങനെ.

പഴയ ചില വിശേഷകഥകളിലും പാടേരിക്കാരുണ്ട്.

അതിലൊന്നാണ് 'പാടേരിക്കൊമ്പൻ'.

പഴയൊരു കാരണവർ ഒപ്പിച്ച കുസൃതിയാണ് ആ വിളിപ്പേരിനു പിന്നിൽ. അക്കാലത്ത് തളിയിലെ തന്ത്രം പാടേരി ഇല്ലക്കാർക്കായിരുന്നു. ഇവിടത്തെ ഒരു കാരണവർ തളിയിലെ ഉത്സവത്തിനു പോയി . എഴുന്നള്ളിക്കുന്ന ആനയ്ക്ക് ഉത്സവത്തിൽ ഊട്ടുണ്ട്. അക്കാലത്ത് ഇന്നത്തെ പോലെ ഹോട്ടലും ഭക്ഷണസൗകര്യവുമൊന്നുമില്ല. വിശപ്പു സഹിക്കാതായപ്പോൾ നമ്പൂതിരിപ്പാട് ഒരു പണി പറ്റിച്ചു. ആനയ്ക്കു വച്ച ചോറെടുത്ത് അകത്താക്കി. എഴുന്നള്ളിപ്പ് കഴിഞ്ഞ് ആനയൂട്ടിന് നോക്കുമ്പോൾ ചോറു കാണാനില്ല. ആത്രയും അളവിൽ ചോറ് കഴിച്ചത് അന്ന് വലിയ സംസാരമായി. കൊമ്പനു വച്ച ചോറ് മുഴുവൻ ഉണ്ടതോടെ പാടേരിക്ക് അന്ന് മുതൽ ഒരു ഇരട്ടപ്പേര് കിട്ടി .പാടേരിക്കൊമ്പൻ. ആ ഇരട്ടപ്പേരിന്റെ കഥ പറയാൻ ഒട്ടും ചമ്മലില്ല അദ്ധ്യാപകൻ കൂടിയായ വാസുദേവൻ നമ്പൂതിരിപ്പാടിന്. പഴയ

## 'തന്ത്രി മനുഷ്യൻ'

വേറെയും ചിലരുണ്ട് പാടേരിയിൽ.

അധികമാരും അറിയാത്തവർ.

അങ്ങനെയൊരാളാണ് 'തന്ത്രി മനുഷ്യൻ'.

യന്ത്രമനുഷ്യൻ എന്ന് നമ്മളൊക്കെ കേട്ടിട്ടുണ്ട്. മനുഷ്യനെപ്പോലെ പ്രവർത്തിക്കുന്ന യന്ത്രം. എന്നാൽ 'തന്ത്രി മനുഷ്യൻ'!! ഇങ്ങനെയൊരു സംജ്ഞ മലയാളത്തിലില്ല . അതുകൊണ്ടുതന്നെ ആരും കേൾക്കാനുമിടയില്ല. ഇങ്ങനെയൊരു തസ്തികയുണ്ട് തളി ക്ഷേത്രത്തിൽ. തന്ത്രിയോ മേൽശാന്തിയോ കീഴ്ശാന്തിയോ ഒന്നുമല്ല 'തന്ത്രി മനുഷ്യൻ'. അതൊരു പ്രത്യേക പദവിയാണ്. പണ്ടേ ഉള്ളതാണ്. തളിയിലെ ശിവന്റെയും കൃഷ്ണന്റെയും പന്തീരടിപ്പൂജയ്ക്കുള്ള നവകം 'തന്ത്രി മനുഷ്യൻ' ആണ് ചെയ്യേണ്ടത്. ഉത്സവ കാലത്ത് സാധാരണഎല്ലാ അമ്പലങ്ങളിലും ഉച്ചപൂജയ്ക്കാണ് നവകവും പഞ്ചഗവ്യവും. തളി അമ്പലത്തിന്റെ ഒരു പ്രത്യേകതയാണ്,നിത്യവും ഉള്ള നവകം കൂടാതെ ഉച്ചപൂജയ്ക്ക് നവകവും പഞ്ചഗവ്യവും. ദിവസവും വേണ്ടതിനാൽ പാടേരിയിലെ ഒരാൾ തളിയിൽത്തന്നെയാണ് താമസം. പാടേരി കൃഷ്ണൻ നമ്പൂതിരിപ്പാടാണ് ഇപ്പോൾ 'തന്ത്രി മനുഷ്യൻ'.

തലമുറയിലെ ചിലർ ഒപ്പിക്കുന്ന കുസൃതി ,അങ്ങനെയേ കാണുന്നുള്ളൂ .

കുസൃതിയും വികൃതിയുമൊക്കെ അക്കാലത്ത് നമ്പൂതിരിമാരുടെ കൂടെപ്പിറപ്പാണ്.

നവതിയിലെത്തി നിൽക്കുന്ന റിട്ട. ഡെപ്യൂട്ടി കലക്ടർ ടി.സി നാരായണൻ നമ്പൂതിരിക്ക് ഓർക്കാനുള്ളത് വേറിട്ടൊരു കാര്യമാണ്.

''വർഷങ്ങൾക്ക് മുമ്പാണ്.സ്വാതന്ത്ര്യം കിട്ടി അഞ്ചെട്ടു കൊല്ലമേ ആയിട്ടുള്ളൂ. ബ്രിട്ടീഷ് സമ്പ്രദായം പൂർണ്ണമായും മാറീട്ടില്ല. ഞാനന്ന് കുന്ദമംഗലം ഫർക്കയിലാണ്. റവന്യൂ ഇൻസ്പെക്ടർ. വല്യ അധികാരങ്ങളുണ്ട് റവന്യൂ ഇൻസ്പെക്ടർക്ക്. ഭൂമി സംബന്ധിച്ച കേസുകളിൽ റവന്യൂ ഇൻസ്പെക്ടറുടെ നിലപാട് പ്രധാനമാവും. അന്ന് ജന്മിമാർ റവന്യൂ ഇൻസ്പെക്ടർമാരെ സ്വാധീനിക്കാൻ ശ്രമിക്കും. കുടിയാന്മാരുമായുള്ള കേസുകളിൽ ഇടപെടാൻ.''

''ഒരു ദിവസം വൈകീട്ട് വരുമ്പോൾ.... അന്ന് മുണ്ടക്കൽക്കൂടിയാണ് വരിക. മുണ്ടക്കൽ പാടത്ത് നിന്ന് ഒരാൾ വിളിച്ചു. ഞാൻ നിന്നു. അപ്പോൾ ഓടിക്കിതച്ചു വരുന്നു ഗോപിനമ്പൂരി. അന്നത്തെ വലിയ കാരണവരാണ്. ഇപ്പഴത്തെ വാസുദേവന്റെ മുത്തശ്ശൻ.''

''എന്താ നമ്പൂരീ'' ഞാൻ ചോദിച്ചു.

''ഒന്നൂല്യ , ഞാൻ തരുപ്പേ കാണാൻ വിളിച്ചതാ'' നമ്പൂരി പറഞ്ഞു

''ആളെ അയച്ചാൽ മതിയായിരുന്നല്ലോ.ഞാൻ അവിടെ വരുമായിരുന്നു'' എന്നായി ഞാൻ. വല്ല പാട്ടക്കേസോ കുടിയാന്മാരുടെ പ്രശ്നമോ പറയാനുണ്ടാവുമെന്നാണ് ഞാൻ വിചാരിച്ചത്. എന്നെക്കാണാൻ വേണ്ടി നമ്പൂതിരിപ്പാട് വരമ്പത്ത് കാത്തു നിൽക്കേണ്ടി വന്നതിൽ വിഷമം തോന്നി.

''ഞാൻ അവിടെ വരുമായിരുന്നു . ഒന്നു പറഞ്ഞാൽ'' വിഷമത്തോടെ ഞാൻ വീണ്ടും പറഞ്ഞു.

''അതിന്, അവിടെ വരുമ്പം താൻ ഈ വേഷത്തിലാവില്യല്ലോ. ഈ വേഷം കാണാനാ വന്നത്.''

കാക്കി ഷോട്ട്സും ഇൻ ചെയ്ത ഷർട്ടും വട്ടത്തൊപ്പിയും മറ്റ് അധികാര ചിഹ്നങ്ങളുമൊക്കെയുണ്ടായിരുന്നു അന്ന് റവന്യൂ ഇൻസ്പെക്ടർക്ക്. ബ്രിട്ടീഷുകാരുടെ കാലത്തെപ്പോലെത്തന്നെ. അതൊന്ന് അടുത്ത് കാണാൻ വന്നതാണത്രെ. വലിയൊരു ജന്മി കുടുംബത്തിലെ കാരണവർക്ക് മുന്നിൽ പ്രായം കൊണ്ട് എത്രയോ ചെറിയ ആളായിരുന്ന തനിക്ക് ജാള്യം തോന്നി.പാടേരിയിലെ തിറയും അവിലിന്റെ രുചിയുമൊക്കെ മനസ്സിലുണ്ടെങ്കിലും അന്ന് ഗോപ്യപ്ഫൻ കാണിച്ച ആ കുസൃതിയാണ് നവതിക്കാലത്തും മായാതെ നിൽക്കുന്നത്.

## ഇറങ്ങാതിരുന്ന പീഠം

വെഴുപ്പൂർ ശിവക്ഷേത്രത്തിലെ തന്ത്രം പാടേരിക്കാണ്. ഒരിക്കൽ അവിടെ നവീകരണ കലശം നടന്നു. പ്രതിഷ്ഠ സമയത്ത് പീഠം ഇറക്കണം. എത്ര ശ്രമിച്ചിട്ടും പീഠം ഇറങ്ങുന്നില്ല. പീഠത്തിന്റെ പിൻഭാഗത്ത് എന്തോ മുഴച്ചു നിൽക്കും പോലെ. അളവെടുത്ത് ഉണ്ടാക്കിയ പീഠമാണ്.ഇനി എന്തു ചെയ്യും.തന്ത്രി ആകെ കുഴങ്ങി. അപ്പോൾ കഴകക്കാരൻ നിർദ്ദേശിച്ചു. കുട്ടിച്ചാത്തന് ഒരു പൂജ കഴിച്ചാലോ? അതുശരിയെന്ന് നമ്പൂതിരിപ്പാടിനും തോന്നി. പത്മമിട്ട് കുട്ടിച്ചാത്തന്മാർക്ക് ഒരു പൂജ. പിന്നെ പീഠം ഒന്നു കൂടി പരീക്ഷിച്ചു. അദ്ഭുതം! നേരത്തെ ഇറങ്ങാതിരുന്ന പീഠം ഇപ്പോൾ ബഹുപാകം. അതിനു ശേഷം പാടേരിക്കാർ എവിടെ തന്ത്രത്തിനു പോയാലും അവിടെയാക്കെ ഒരു പദ്മം ചാത്തന്മാർക്കായി മാറ്റി വച്ചിട്ടുണ്ടാവും.

തന്ത്രത്തിന്റെയും മന്ത്രത്തിന്റെയും ഓർമ്മയല്ല, മരുന്നിന്റെ മണമാണ് മങ്ങത്തായ കൃഷ്ണനുണ്ണി നമ്പൂതിരിയുടെ ഉള്ളിൽ.

യോഗക്ഷേമസഭയുടെ സംസ്ഥാന മുൻ ജനറൽ സെക്രട്ടറിയായ അദ്ദേഹം പറയുന്നു.

''എന്റെ കുട്ടിക്കാലത്ത് ഒരിക്കൽ അവിടെ പോയി. തിറയ്ക്കോ താന്ത്രികാവശ്യത്തിനോ ഒന്നുമല്ല. അന്നത്തെ രാവുണ്ണ്യപ്ഫൻ വല്യ മന്ത്രവാദിയായിരുന്നു. മന്ത്രവാദവും ചികിത്സയുമുണ്ടായിരുന്നു അദ്ദേഹത്തിന്. അക്കാലത്ത് അപസ്മാരത്തിന് രാവുണ്ണ്യപ്ഫന്റെ ഒരു ഒറ്റമൂലിയുണ്ട്. ഒരു പ്രത്യേക പച്ചമരുന്നു ചേർത്ത തിരി. അത് പുകച്ച് രോഗിയുടെ മൂക്കിലേക്ക് ഊതുന്നതായിരുന്നു രീതി. ഒരു പ്രത്യേക വാസനയു

ള്ള പുക. ആ പുകയേൽക്കുന്നതോടെ അപസ്മാരരോഗി അടങ്ങും''

ഭ്രാന്ത്, അപസ്മാരം തുടങ്ങി അസുഖങ്ങളുള്ളവരെ തിറ കെട്ടുന്നവർ 'പൊന്തി' കൊണ്ട് അടിച്ച് ഒഴിപ്പിക്കുമെന്ന് തെയ്യം കെട്ടുകാരൻ പ്രകാശനും സാക്ഷ്യപ്പെടുത്തുന്നു. 35 വർഷമായി പറക്കുട്ടിയുടെ തിറ കെട്ടുന്നത് പെരുമൺപുറയിലെ പ്രകാശനാണ്. പാടേരിയിലെ അവകാശികളാണ് പ്രകാശന്റെ കുടുംബം. തിറ കുറിച്ചാൽ മുടങ്ങാൻ പാടില്ലെന്നാണ് വിശ്വാസം.ഇന്നു വരെ മുടങ്ങാത്തതിന്റെ ആത്മവിശ്വാസമുണ്ട് പ്രകാശന്റെ വാക്കുകളിൽ.

''തിറയുടെ അന്ന് രാവിലെയാണ് തിറ കുറിയ്ക്കുക. 'എണ്ണേം കയ്യിഷ്ടം' എടുക്കലാണ് ആദ്യം. അവിടത്തെ കാര്യസ്ഥന്മാരായ നായന്മാരാണ് അതെല്ലാം തരിക. പിന്നെ കുളിച്ച് പുറപ്പെട്ട് വരും. പറക്കുട്ടിയുടെ ഉടുത്തുകെട്ടിന് ചില പ്രത്യേകതയുണ്ട്. പാളയും കുരുത്തോലയും മാത്രമാണ് അതിന് ഉപയോഗിക്കുക. പിന്നെ തിറ കെട്ടുന്ന കാലത്ത് വ്രതം നോൽക്കണം. ചില നിഷ്ഠകളൊക്കെയുണ്ട്. ഭ്രാന്ത് അപസ്മാരം തുടങ്ങി അസുഖങ്ങളുള്ളവരെ നടക്കൽ ഇരുത്തും.തിറ കെട്ടുന്നവർ 'പൊന്തി' കൊണ്ട് അടിച്ച് അവയെ ഒഴിപ്പിക്കും. അതോടെ ഉന്മാദവും മറ്റും മാറും.''

ഓരോരുത്തർക്കും അവനവന്റേതായ എന്തെങ്കിലും അനുഭവം കാണും പറയാൻ.

പത്രപ്പരസ്യം വച്ചു നോക്കുമ്പോൾ തൃശ്ശൂരാണ് ചാത്തന്മാരുടെ നഗരം. പത്രങ്ങളിൽ പരസ്യം ചെയ്യുന്ന നിരവധി മഠാധിപതികളുണ്ട് അവിടെ. ഇന്ന സ്ഥലത്ത് ബസ്സിറങ്ങി ഇത്ര മീറ്റർ സഞ്ചരിച്ചാൽ വലിയ വടവൃക്ഷം കാണാമെന്നും അവിടന്ന് ബോർഡ് നോക്കി നടന്നാൽ മഠത്തിലെത്താമെന്നുമാവും അറിയിപ്പ്. വഴി ചോദിച്ചാൽ തെറ്റിക്കാൻ അന്നാട്ടിലൊക്കെ ആളുണ്ട്. എന്നാൽ ഒഴലൂർ പാടേരിയ്ക്ക് പത്രപ്പരസ്യവുമില്ല , വഴി കാണിക്കാൻ ബോർഡുമില്ല. തിറദിവസമാണെങ്കിൽ പോവാൻ ആരും വഴി ചോദിക്കേണ്ടതില്ല.അന്ന് എല്ലാ വഴിയും ചെന്നു ചേരുന്നത് ചാത്തന്റെ സവിധത്തിലാവും. പിന്നെ തിറ കഴിയുവോളവും അവിടെയാണ്. കോഴിക്കോട് നിന്ന് കൂഴക്കോട്ടേക്ക് അത്രയൊന്നും ദേശാടനം വേണ്ട. നമ്പൂതിരിപ്പെരുമയിലെ 21 ദേശങ്ങളിൽ ഒന്നാണ് കൂഴക്കോട്.

## വഴി കാണിച്ച കുട്ടിച്ചാത്തൻ

മുത്തശ്ശന്റെ കാലം തൊട്ട് കേൾക്കുന്ന കുട്ടിച്ചാത്തന്റെ സിദ്ധികളാണ് പ്രമുഖ ഭാഗവതജ്ഞൻ പാലാഞ്ചേരി സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ ഓർമ്മയിൽ .

''പണ്ടൊക്കെ വഴിപോക്കരായി നമ്പൂതിരിമാർ ആരെങ്കിലും രാത്രിയിലുമുണ്ടാവും.ഒരിക്കൽ ഒരു നമ്പൂരിയെത്തി. ശുദ്ധമാവണമെങ്കിൽ മുങ്ങിക്കുളിക്കണം. പാടേരി ഇല്ലപ്പറമ്പിനോട് ചേർന്ന പുഴയിലാണ് അക്കാലത്ത് കുളി. മക്കളേ,പുഴക്കലേക്ക് ചൂട്ടു കാണിച്ചു കൊടുക്കൂ എന്നായി പാടേരിയിലെ കാരണവർ. ചൂട്ട് മുന്നിൽ , നമ്പൂതിരി പിന്നിൽ.അങ്ങനെ കുളിച്ചെത്തി. ചൂട്ടു പിടിച്ച കുട്ടികളെയൊന്നും ഒപ്പം കണ്ടില്ല. നമ്പൂതിരിക്ക് സംശയമായി . ആരാണ് പിന്നെ പുഴ വരെ ചൂട്ടുമായി വന്നത്. കാരണവരോട് ചോദിച്ചു. മക്കളേ എന്നു വിളിച്ചത് കുട്ടിച്ചാത്തന്മാരെയാണത്രെ! അപ്പോൾ ചൂട്ടുമായി വഴി കാണിച്ചതോ?? ആ നമ്പൂതിരി അന്ന് നേരം വെളുപ്പിക്കാൻ പാടുപെട്ടു. കുട്ടിച്ചാത്തന്മാരായിരുന്നു മനസ്സിൽ. തീയും ചൂട്ടുമൊക്കെയാണ് കുട്ടിച്ചാത്തന്മാരുടെ ഉപകരണങ്ങൾ. തീക്കളിയാണ് അവരുടേത്.''

പെൺകുട്ടികളുണ്ടാവാൻ ആരെങ്കിലും വഴിപാടു നേരാറുണ്ടോ .

പെണ്ണ് പിറക്കാനും പുല്ല് മുളക്കാനും വഴിപാട് വേണ്ടെന്നാണ് ചൊല്ല്.

പക്ഷേ, പാടേരിയിലെ പറക്കുട്ടിയുടെ തിറ കെട്ടുന്നത് പെൺകുട്ടിയുണ്ടാവാൻ ആണത്രെ!

അതേപ്പറ്റി പാടേരി വാസുദേവൻ നമ്പൂതിരിപ്പാട് പറയുന്നു:

''പത്തു മുപ്പതു കൊല്ലം മുമ്പാണ്. ഇവിടത്തെത്തന്നെ ബന്ധുവായ ഒരാൾ വഴിപാട് നേർന്നു. അദ്ദേഹത്തിന് മൂന്ന് ആൺകുട്ടികളാണ്. അപ്പോൾ ഒരു പെൺകുട്ടിയുണ്ടാവാൻ മോഹം. അങ്ങനെ നേർന്നതാണ് പറക്കുട്ടിച്ചാത്തന്റെ തിറ. അതിനു മുമ്പ് പറക്കുട്ടിയുടെ തിറ ഉണ്ടായിരുന്നില്ല.''



*പാടേരി വലിയ ശങ്കരൻ നമ്പൂതിരിപ്പാട് ഇല്ലത്തിനു മുന്നിൽ*

''എന്നിട്ടോ''

''ഒന്നല്ല  ഇരട്ടക്കുട്ടികൾ. രണ്ടും പെൺകുട്ടികൾ.അതോടെ പലരും പെൺകുട്ടികളുണ്ടാവാനായി പറക്കുട്ടിച്ചാത്തന് വഴിപാട് നേരാൻ തുടങ്ങി.''

ഈ കഥയ്ക്ക് ഒരു അനുബന്ധം കൂടി ചേർക്കുന്നു പാലാഞ്ചേരി.

''ആ രണ്ടു പെൺകുട്ടികൾക്കും നല്ല യോഗ്യന്മാരായ ഇരട്ടകളെ വരന്മാരായി ലഭിക്കുകയും ചെയ്തു.''

പാലാഞ്ചേരിയുടെ പുത്രവധുവായ അമൃതയ്ക്ക് മറ്റൊന്നു പറയാനുണ്ട്. പാടേരിയെപ്പറ്റിത്തന്നെ.

''രണ്ടുമാസം മുമ്പാണ്. ഇവിടത്തെ ഒരു മാല കാണാനില്ല. തലമുറകളായി കൈമാറി വന്ന സ്വർണ്ണം കെട്ടിയ രുദ്രാക്ഷം. എല്ലാ സ്ഥലത്തും തിരഞ്ഞു. മേശയിലും അളമാറിയിലും എല്ലാ മുക്കിലും മൂലയിലും.രണ്ടു ദിവസം അരിച്ചു പെറുക്കി. പക്ഷേ, കിട്ടിയില്ല. അപ്പോൾ പാടേരി കുട്ടിച്ചാത്തനെ ധ്യാനിച്ച് ഒരു സംഖ്യ ഉഴിഞ്ഞു വച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അളമാറയ്ക്കു ചുവട്ടിൽ നിന്ന് ആ മാല കിട്ടി.''

അളമാറയ്ക്കു ചുവട്ടിൽ ആദ്യം തിരയാൻ വിട്ടുപോയി എന്നു വിശ്വസിക്കാനല്ല അമൃതക്കിഷ്ടം. കുട്ടിച്ചാത്തന്മാർ കാട്ടിത്തന്നുവെന്ന് ഉറച്ചു വിശ്വസിക്കുന്നു ഈ പുതു തലമുറയിലെ പെൺകുട്ടി. തന്റെ അമ്മയുടെ അനുഭവ സാക്ഷ്യങ്ങളുമുണ്ട് അമൃതയ്ക്ക്. കണ്ണിപറമ്പ് മുല്ലപ്പള്ളിയാണ് ഇല്ലം. ഒരിക്കൽ അമ്മയുടെ പേഴ്സ് നഷ്ടപ്പെട്ടു. നല്ലൊരു തുകയുണ്ടായിരുന്നു അതിൽ. പാടേരി കുട്ടിച്ചാത്തന്മാർക്ക് വഴിപാട് നേർന്നതും മൂന്നാം നാൾ പേഴ്സ് കിട്ടി. ഒരു രൂപ പോലും നഷ്ടമാവാതെ.

പരമ്പരാഗതമായി കേട്ടു വന്ന കഥകളുണ്ടാവും പരിസരത്തെ അന്തർജനങ്ങൾക്ക്. എന്നാൽ കോയമ്പത്തൂരിലെ ബാലസുബ്രഹ്മണ്യനോ? ആൾ തമിഴ് നാട്ടുകാരൻ. ഏതോ കാര്യസാദ്ധ്യത്തിന് ആരോ പറഞ്ഞു കേട്ടാണ് പാടേരിക്ക് വഴിപാട് നേർന്നത്. അത് ഫലിച്ചതിന്റെ സ്മരണ ഇപ്പോഴും തുടരുന്നുണ്ട് അയാൾ. എല്ലാ മാസവും അയാളുടെ നാളിന് പാടേരി കുട്ടിച്ചാത്തന്മാർക്ക് ത്രികാല പൂജ!

കൊണ്ടോട്ടിയിലെ ഒരു ബസ്സുടമ. കുറെക്കാലം ഗൾഫിലായിരുന്നു.ആളാകട്ടെ മുസ്ലീമും. ആരോ പറഞ്ഞു കേട്ടാണ് പാടേരിയിലെത്തിയത്. വഴിപാടുകൾ ചെയ്തതോടെ ബസ് ലാഭത്തിലായി. ഇനി എന്താണ് ചെയ്യേണ്ടതെന്ന് സന്തോഷത്തോടെ ചോദിക്കുന്നു അയാൾ. ചാത്തൻ മഹിമക്ക് കഥകൾ ഒന്നല്ല ഒരായിരമുണ്ട്. മലപ്പുറത്ത് നിന്ന് സ്ഥിരമായി എത്തുന്ന മുസ്ലീം സ്ത്രീ,കൊല്ലത്തു നിന്നും തിരുവനന്തപുരത്തു നിന്നും എത്തുന്ന വഴിപാടുകാർ. അങ്ങനെ ആരൊക്കെയോ പറഞ്ഞ് ആളുകളെത്തുന്നു.

ഇവിടെ വഴി കാട്ടാൻ ബോർഡില്ല.
വഴി തിരിച്ചു വിടാൻ വിരോധികളുമില്ല. ●

❐ മീര താമരക്കുളം

# ആനന്ദവും ഊർജ്ജവും നൽകിയ ഒരു മുങ്ങിക്കുളി



ഉത്തർപ്രദേശിലും രാജസ്ഥാനിലുമായി വ്യാപിച്ചു കിടക്കുന്ന വ്രജമണ്ഡലത്തിലെ ഏറ്റവും പാവനമായ സ്ഥലമാണ് വൃന്ദാവനം. കിടക്കുന്ന കാളയുടെ ആകൃതിയിലുള്ള എട്ടുയോജന നീളവും (അഞ്ചു യോജന വീതിയും രണ്ടു യോജന ഉയരവുമുണ്ടായിരുന്ന (ഇന്ന് അത് വളരെ ചെറുതായിരിക്കുന്നു) ഗോവർദ്ധന പർവ്വതത്തെ പരിക്രമണം ചെയ്യുന്നത് വൃന്ദാവന തീർത്ഥയാത്രയുടെ മുഖ്യഭാഗമാണ്.

മഥുരയിലും അമ്പാടിയിലും വൃന്ദാവനത്തിലുമായി ദർശനം നടത്തുവാൻ അയ്യായിരത്തോളം ക്ഷേത്രങ്ങളുണ്ട്. കൃഷ്ണന്റേയും രാധയുടെയും ജീവിതവുമായി എന്തെങ്കിലും ബന്ധം പറയാനില്ലാത്ത ഒരു ക്ഷേത്രവും ഒരിടവും കാണാൻ കഴിയില്ല, അവിടെ.

ആയിരത്താണ്ടുകളായി രാധാകൃഷ്ണന്മാരുടെ അനശ്വര പ്രണയ ജീവിതത്തിന്റെ നിത്യസ്മാരകമായി വ്രജഭൂമിയെ നിലനിർത്തിയത്. തലമുറകളായി അവിടെ ജീവിക്കുന്ന മറ്റൊരിടത്തേക്കും കുടിയേറാൻ മനസ്സില്ലാത്ത, രാധാകൃഷ്ണന്മാരുടെ പിൻതലമുറക്കാരായ ജനസമൂഹമത്രേ. ഇവർക്ക് രാധാകൃഷ്ണന്മാർ ഇപ്പോഴും തങ്ങളുടെ കുടുംബത്തിലെ അംഗങ്ങളാണ്.

ശ്രീകൃഷ്ണൻ അവതരിക്കുന്നതിന് മുൻപു തന്നെ ലക്ഷ്മീദേവി നൂറ്റി എട്ട് സഖികളോടൊത്ത് (അവരത്രെ ഗോപികമാർ) രാധാറാണിയായി വൃന്ദാവനത്തിലെ റാവൽ എന്ന സ്ഥലത്ത് ജന്മമെടുത്തുവെന്നാണ് ഐതിഹ്യം. ലക്ഷക്കണക്കിന് പശുസമ്പത്തുള്ള വൃഷഭാനുവിന്റേയും കീർത്തീദേവിയുടേയും ഓമനമകളായിരുന്നു രാധാറാണി. മുട്ടുകുത്തി നടക്കുന്ന പ്രായത്തിലുള്ള രാധാറാ



*രാസലീല നടന്ന നിധിവനം*

ണിയുടെ അപൂർവ്വ പ്രതിഷ്ഠയുള്ള ക്ഷേത്രമാണി വിടെയുള്ളത്. രാസലീലക്കു പോകുവാൻ രാധ അണിഞ്ഞൊരുങ്ങിയ സ്ഥലത്ത് രംഗമഹൽ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. രാധാകൃഷ്ണൻമാരുടെ എന്തെല്ലാം ധ്യാനത്തിലുള്ള ക്ഷേത്രങ്ങളാണെന്നോ ഇവിടെ?

- രാധ കൃഷ്ണനെ ആദ്യമായി കണ്ടുമുട്ടിയ സ്ഥലത്ത് 'സങ്കേത്വട്' ക്ഷേത്രം
- രാധയുടെ മുടിയിൽ ശ്രീകൃഷ്ണൻ ആദ്യമായി പൂചൂടിയ സ്ഥലത്തെ 'സേവാകുഞ്ജ്' മന്ദിർ
- രാധാകൃഷ്ണന്മാർ സല്ലാപം നടത്തിയ പുളിമരസ്ഥാനത്തെ 'ഇമ്‌ലി കാ മന്ദിർ'
- ശ്രീകൃഷ്ണന്റെ ഓടക്കുഴൽ രാധ ഒളിപ്പിച്ചുവെച്ച സ്ഥലത്തെ 'ബാംസുരി ചോരീ മന്ദിർ'
- ബ്രഹ്മാവിന്റെ കാർമ്മികത്വത്തിൽ രാധാകൃഷ്ണ വിവാഹം നടന്ന 'ബിന്ദി ആനന്ദ്ജി മന്ദിർ'
- രാധാകൃഷ്ണന്മാർക്കു ചുറ്റും രാധയുടെ എട്ടു സഖിമാരുടെ വിഗ്രഹങ്ങളുള്ള 'രാധാ അഷ്ടസഖീ മന്ദിർ'



*ഉഖൽഘട്ട്*

- വിരഹാർത്തയായ രാധയുടെ മുമ്പിൽ ശ്രീകൃഷ്ണൻ പ്രത്യക്ഷനായപ്പോൾ ആനന്ദക്കണ്ണീർ കൊണ്ട് രൂപം കൊണ്ട 'പ്രേമസരോവർ'.
- രാധാകിശോരീവല്ലഭക്ഷേത്രം. രാധാവല്ലഭക്ഷേത്രം, രാധാ ആനന്ദവല്ലഭക്ഷേത്രം, രാധാജീവൻ വല്ലഭ ക്ഷേത്രം, രാധാ ശ്യം സുന്ദർ ക്ഷേത്രം- ഇവയെല്ലാം രാധാകൃഷ്ണ പ്രേമത്തിന്റെ നിത്യസ്മാരകങ്ങൾ! യാദവകുലഗുരുവായ ഗർഗ്ഗമുനിയാൽ വിരചിതമായ 'ഗർഗ്ഗഭാഗവത' ത്തിലാണ് രാധാറാണിയുടെ കഥകൾ വിവരിക്കുന്നത്.



തീർത്ഥാടകർ വൃന്ദാവനത്തിലെ പ്രേമമന്ദിരത്തിൽ

അർദ്ധനാരീശ്വരന്മാരെ അനുസ്മരിപ്പിക്കുന്ന ഒരു 'രാധാകൃഷ്ണവൃക്ഷ' വും വൃന്ദാവനത്തിലുണ്ട്. വൃക്ഷത്തിന്റെ ഒരു വശത്തിന് കറുപ്പുനിറമാണെങ്കിൽ മറുവശം വെളുപ്പു നിറം.

ശ്രീകൃഷ്ണനെ ഭർത്താവായി കിട്ടണമെന്ന് ഗോപികമാർ വ്രതം നോറ്റ് പ്രാർത്ഥിച്ച 'കാർത്ത്യായനി മന്ദിർ' യമുനാനദിക്കരയിലുണ്ട്. ശ്രീകൃഷ്ണൻ 'അരയാലിൻ കൊമ്പത്തിരുന്നോരോ ശീലക്കേടുകൾ കാണിച്ച' ഗോപീ വസ്ത്രാപഹരണം നടന്ന 'ചീർഘട്ടി' ലെ കടമ്പുവൃക്ഷത്തിന്മേൽ തീർത്ഥാടകർ ഒരു തുണ്ട് തുണിയെങ്കിലും കെട്ടിതൂക്കാതെ മടങ്ങാറില്ല.

ഗോപികമാരെ ഭക്തി പഠിപ്പിക്കാൻ ചെന്ന് അവരിൽ നിന്നും കൃഷ്ണഭക്തി പാഠങ്ങൾ ഉദ്ധവർക്ക് പഠിക്കേണ്ടി വന്ന ഇടമാണ് 'ജ്ഞാനഗുഡരി'. ഉദ്ധവർ ഗോപികമാരുടെ പാദസ്പർശമേറ്റ മണ്ണിൽ വീണുരുണ്ട് നിർവൃതികൊണ്ടത്രെ!

ഗർഗ്ഗമുനി രാമ-കൃഷ്ണന്മാരുടെ പേരിടൽ ചടങ്ങു നടത്തിയ നന്ദഗോപരുടെ പശുത്തൊഴുത്ത്, യശോദ വെള്ളം കോരിയിരുന്ന അടുക്കളക്കിണർ. ഉണ്ണികൃഷ്ണനെ കെട്ടിയ ഉരൽ ഉള്ള 'ഉഖൽഘട്ട്', കൃഷ്ണൻ പ്രാണനപഹരിച്ചപ്പോൾ പൂതന രാക്ഷസാകാരം പൂണ്ട് ചത്തുവീണ പൂതനാമോക്ഷസ്ഥാനം, കാളിയമർദ്ദനം നടന്ന കാളിയഘട്ട്, കെട്ടിപ്പിണഞ്ഞു കിടക്കുന്ന യുഗ്മവൃക്ഷങ്ങൾ നിറഞ്ഞ 'നിധിവനം' എന്ന രാസലീല നടന്ന സ്ഥലം, രംഗനാഥ് ജി ക്ഷേത്രത്തിനടുത്തുള്ള 'ഗജേന്ദ്രമോക്ഷം' നടന്ന വലിയ ചിറ, മണ്ണുതിന്ന ഉണ്ണിക്കണ്ണന്റെ വായിൽ യശോദാദേവി ബ്രഹ്മാണ്ഡം മുഴുവൻ കണ്ട 'ബ്രഹ്മാണ്ഡഘട്ട്' എന്നിവയെല്ലാം കാണേണ്ടവയാണ്. 84 തൂണുകളിലായി ദേവശിൽപ്പിയായ വിശ്വകർമ്മാവ് പണിത 'ചൌരാസീമന്ദിർ' എന്ന ഒരു ക്ഷേത്രം ഇവിടെയുണ്ട്. കുനിഞ്ഞ് മുട്ടുകുത്തി ചെന്ന് തൊഴേണ്ട ഒരു ക്ഷേത്രമാണിത്. ഉണ്ണിക്കണ്ണനെ ഊഞ്ഞാലാട്ടലാണ് ഇവിടത്തെ ഒരു അനുഷ്ഠാനം. ശ്രീമദ്ഭാഗവതം സമ്പൂർണ്ണമായി പിച്ചളത്താളുകളിൽ ചുമരുകളിൽ ആലേഖനം ചെയ്തിട്ടുള്ള മഥുരയിലെ 'ഭാഗവത ഭവന'മാണ് മറ്റൊരു കാണേണ്ട സ്ഥലം.

പുലർച്ചെ നാലുമണിക്ക് ഗോവർദ്ധനത്തെ നമസ്കരിച്ചു കൊണ്ടാണ് 22 കിലോമീറ്ററുള്ള പരിക്രമണം തുടങ്ങുന്നത്. കുസുമ സരോവരം, മാനസീഗംഗ, മുഖാരവിന്ദക്ഷേത്രം, ശൃംഗാര മണ്ഡലം, ചന്ദ്രസരോവരം, ബഹുലവനം, കുമുദവനം, ഉപവനം, കാമവനം, ഉദ്ധവകുണ്ട് എന്നിവയാണ് പരിക്രമണത്തിലെ പ്രധാന തീർത്ഥ സ്ഥാനങ്ങൾ.

രാധാകുണ്ഡ്, ശ്യാംകുണ്ഡ് എന്നറിയപ്പെടുന്ന ഇരട്ടചിറയിലെ സ്നാനം-രാധാകുണ്ഡിൽ ഇറങ്ങി മുങ്ങിയശേഷം ശ്യാംകുണ്ഡിൽ മുങ്ങി വീണ്ടും രാധാകുണ്ഡിൽ മുങ്ങിതോർത്തുന്നതാണ് രീതി- കഴിയുന്നതോടെ നമുക്കു കിട്ടുന്ന ആനന്ദവും ഊർജ്ജവും പറഞ്ഞറിയിക്കാനാവില്ല. പരിക്രമണം തുടങ്ങിയ സ്ഥലത്തെത്തി വീണ്ടും ഗോവർദ്ധനത്തെ നമസ്കരിച്ചുകൊണ്ടാണ് ഗോവർദ്ധന പരിക്രമണം സമാപിപ്പിക്കുന്നത്. ●

### വ്രജമണ്ഡലത്തിലെ 12 വനങ്ങൾ

1. മഹാവനം
2. താലവനം
3. ലോഹവനം
4. ബേൽവനം
5. വൃന്ദാവനം
6. കാമ്യവനം
7. കോകിലവനം
8. നന്ദൻവനം
9. ചന്ദനവനം
10. ഭദ്രവനം
11. ഭാണ്ഡീരവനം
12. മധുവനം

### രാധാറാണിയുടെ അഷ്ടസഖിമാർ

1. സുദേവി
2. തുംഗവിദ്യ
3. ഇന്ദുലേഖ
4. വിശാഖ
5. ലളിത
6. ചിത്ര
7. ചെമ്പകലത
8. രംഗാദേവി



❐ പി.എം. സാവിത്രി അന്തർജ്ജനം

# അദിതി

ഏറെ വാത്സല്യം ചൊരിഞ്ഞൊരമ്മ
എങ്ങോ മറഞ്ഞു , മരിച്ചു പോയീ
അച്ഛന്നു പത്നിയായ് വന്നു ചേർന്നൂ
റംലയാം ദേവിക പൂതനയോ?

വാത്സല്യമെല്ലാം കവർന്നെടുത്തൂ
ക്രൂരമാം പീഡനം ചെയ്തു പോന്നൂ.
കുഞ്ഞാണവളെന്നതോർത്തതില്ല
കല്ലാണവരുടെ നെഞ്ചിനുള്ളിൽ.

ഒന്നു പൊട്ടിക്കരഞ്ഞീടുവാനോ
വയ്യ, അനുവാദമില്ലതിന്നും.
പൊള്ളുന്ന ചൂടുള്ള ചട്ടുകത്തിൻ
തിയ്യാണ് കാലിൽ, കരളിനുള്ളിൽ.

വേലകൾ ചെയ്തു വലഞ്ഞു പാവം
കോലമോ വല്ലാതെയായി മാറീ
വീണ്ടും നനഞ്ഞു കുതിർന്നിടുന്നൂ
കുഞ്ഞുടുപ്പിൽ ചുടുകണ്ണുനീരോ?

അമ്മ തന്നോർമ്മയിൽ ഉള്ളുനീറീ
അച്ഛനെക്കാൺകിലോ പേടിയായീ
രണ്ടാമതാമമ്മ റംലയുമ്മ
കണ്ണിൽപ്പെടുന്നതും പൊള്ളലായീ.

അങ്ങനെ നാളുകൾ നീണ്ടുപോയീ
ആഴ്ച , മാസങ്ങൾ കടന്നു പോയീ.
വേണ്ടാ പഠിപ്പെന്നു പുത്തനമ്മ
വിദ്യാലയത്തിൽ അയച്ചിടാതായ്.

അക്ഷരമന്നവുമാരോഗ്യവും
'അദ്ദിതി'ക്കുട്ടിയ്ക്കകലെയായീ.
അന്നാളൊരിക്കലവൾക്കരികിൽ
വന്നു വിദ്യാലയക്കൂട്ടുകാരും.


കാൺമാനയച്ചീലവരെയൊന്നും
ആട്ടിയകറ്റിപ്പറഞ്ഞു വിട്ടു.
വന്നോരയൽക്കാരവർകളെയും
നന്നായ് ശകാരിച്ചുവിട്ടുറംല.

വീണ്ടും ദിനങ്ങൾ കടന്നു പോയീ
നാളുകൾ ദുസ്സഹമായി മാറീ
വേലയും പീഡയും മാറിമാറി
രാവും പകലുമില്ലാതെയായീ.

നിദ്രയോ ദുസ്വപ്നഭീതിയായീ
ഉള്ളിലോ പൊള്ളുന്ന നീറ്റലായീ
കുഞ്ഞുടുപ്പാകെ നനഞ്ഞു കണ്ണീർ
തോരാതെ പെയ്തൂ കവിളിണയിൽ.

ഏറെക്കഴിഞ്ഞില്ല പിന്നൊരുനാൾ
ആരും നിനയ്ക്കാതിരുന്ന നേരം.
പൂവൊരു നോവായ് കൊഴിഞ്ഞു വീണൂ
പാവമദിതിയെൻ നൊമ്പരമായ്?


അദിതിമകളിനി ദേവാതിഥി
സ്വർല്ലോകബാലിക പൊന്നോമന.
കഷ്ടത തീർന്നവൾ മുക്തയായീ
ദുഷ്ടയാം റംല തുറുങ്കിലായീ. ●



ആദ്യത്തെ റേഡിയോ അനുഭവം എന്റെ പത്താംവയസ്സിലാണുണ്ടാകുന്നത്. അങ്ങാടിയിലൊരു ബാർബർ ഷോപ്പിൽ മുടിവെട്ടിയ്ക്കാൻ പോയപ്പോൾ ഒരു വശത്തു വെച്ചിരുന്ന വലിയൊരു പെട്ടിയിൽ നിന്ന് തമിഴ്ഗാനങ്ങൾ ഒഴുകി വരുന്നു. റേഡിയോ സിലോണിലൂടെ കേൾക്കാൻ കഴിഞ്ഞപാട്ടുകളിൽ ഒന്നെനിയ്ക്കിപ്പോഴും ഓർമ്മയുണ്ട്. 'തൂങ്കാതെ തമ്പി തൂങ്കാതെ' കോളേജ് പഠനത്തിനായി തൃശൂർ നഗരത്തിലെത്തിയപ്പോഴാണ് റേഡിയോ എനിയ്ക്കൊരഭിഗമ്യ വസ്തുവായിത്തീർന്നത്.

❐ **പി.എം. നാരായണൻ**

# റേഡിയോ സ്മരണകൾ



**എ**ന്റെ ബാല്യകാലത്ത് ഞങ്ങളുടെ ഗ്രാമത്തിൽ വൈദ്യുതിയൊന്നും എത്തിയിട്ടുണ്ടായിരുന്നില്ല. റേഡിയോ മിക്കവാറുമെല്ലാവർക്കും ഒരത്ഭുതവസ്തുവായിരുന്നു. ജീവനില്ലാത്തൊരു പെട്ടിയിൽ നിന്നാർത്തലച്ചുവരുന്ന ശബ്ദം കേട്ട് പേടിച്ചോടിയ പല കാരണവന്മാരെപ്പറ്റിയുള്ള കഥകൾ ഞാനെന്റെ കുട്ടിക്കാലത്ത് കേട്ടിട്ടുണ്ട്.

ആദ്യത്തെ റേഡിയോ അനുഭവം എന്റെ പത്താം വയസ്സിലാണുണ്ടാകുന്നത്. അങ്ങാടിയിലൊരു ബാർബർ ഷോപ്പിൽ മുടിവെട്ടിയ്ക്കാൻ പോയപ്പോൾ ഒരു വശത്തു വെച്ചിരുന്ന വലിയൊരു പെട്ടിയിൽ നിന്ന് തമിഴ്ഗാനങ്ങൾ ഒഴുകി വരുന്നു. റേഡിയോ സിലോണിലൂടെ കേൾക്കാൻ കഴിഞ്ഞപാട്ടുകളിൽ ഒന്നെനിയ്ക്കിപ്പോഴും ഓർമ്മയുണ്ട്. 'തൂങ്കാതെ തമ്പി തൂങ്കാതെ'കോളേജ് പഠനത്തിനായി തൃശൂർ നഗരത്തിലെത്തിയപ്പോഴാണ് റേഡിയോ എനിയ്ക്കൊരഭിഗമ്യ വസ്തുവായിത്തീർന്നത്. റോഡുകൾക്കിരുവശവുമുള്ള ഷോപ്പുകളിൽ നിന്നെല്ലാം ഏതുനേരവും സംഗീതവും വാർത്തകളും നാട്ടിൻപുറവും മറ്റും ആർത്തലച്ചുവരുന്നു. ഞങ്ങളുടെ ലോഡ്ജിലെ സമ്പന്നനായൊരന്തേവാസിയ്ക്ക് സ്വന്തമായൊരു ട്രാൻസിസ്റ്ററുണ്ടായിരുന്നു. അയാളുടെ മുറിയിൽ നിന്ന് നേരിയ ശബ്ദത്തിൽ എപ്പോഴും പാട്ടുകളോ നാടകങ്ങളോ ചലച്ചിത്ര ശബ്ദരേഖയോ പുറത്തുവന്നു കൊണ്ടിരിയ്ക്കും. നല്ല നേരമാണെങ്കിൽ ചിലപ്പോഴെല്ലാം അയാൾ ഞങ്ങളെ വിളിച്ച് റേഡിയോ കേൾപ്പിച്ചു തറാറുണ്ട്. സ്വന്തമായൊരു റേഡിയോ എന്റെ വലിയൊരാഗ്രഹമായിത്തീർന്നത് അന്നാണ്.

വൈകുന്നേരമായാൽ ഞങ്ങളെല്ലാം തേക്കിൻകാട് മൈതാനിയുടെ പടിഞ്ഞാറുവശത്തുള്ള പുൽത്തകിടിയിൽ ചെന്നിരിയ്ക്കും. സ്വരാജ് റൗണ്ടിലെ ഒരു പരസ്യക്കമ്പനി അവരുടെ പരസ്യങ്ങൾ തുടർച്ചയായി പ്രദർശിപ്പിക്കുന്നുണ്ടാവും. ഇടവേളകളിൽ വിവിധ ഭാരതിയിൽ നിന്നുള്ള ഗാനങ്ങൾ അവർ പ്രക്ഷേപണം ചെയ്യും. കുളിർകാറ്റേറ്റും ഗാനങ്ങൾ കേട്ടും കുറെ നേരം സൊറപറഞ്ഞിരുന്നതിനുശേഷം വളരെ ഉന്മേഷത്തോടെയാണ് ഞങ്ങളന്ന് ലോ

ഡ്ജിലേയ്ക്ക് മടങ്ങാറ്.

1965 ൽ ജോലികിട്ടി കോഴിക്കോട്ടെത്തിയപ്പോൾ ഞാനാദ്യം ചെയ്ത കാര്യങ്ങളിലൊന്ന് 100 ക കൊടുത്ത് ഒരു ചെറിയ ട്രാൻസിസ്റ്റർ സ്വന്തമാക്കുകയാണ്. ട്രാൻസിസ്റ്റർ അക്കാലത്ത് എന്റെ സന്തതസഹചാരിയായിരുന്നു. ആഴ്ചയിലൊരിയ്ക്കൽ അങ്ങാടിയിൽ ബസ്സിറങ്ങി ട്രാൻസിസ്റ്ററിൽ പാട്ടുംവെച്ച് നാട്ടിൻ പുറത്തെ ചെത്തുവഴിയിലൂടെ വീട്ടിലേയ്ക്കു നടക്കുന്നതും പഴയ കൂട്ടുകാർ അസൂയയോടെ എന്നെ നോക്കിനില്ക്കുന്നതും ഇന്നലെ കഴിഞ്ഞപോലെ ഞാനോർക്കുന്നു.

1966–67 കാലത്താണ് പരിമിതമായ തോതിൽ ഞാനെന്റെ സാഹിത്യ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അന്ന് കോഴിക്കോട് കലയുടെയും സാഹിത്യത്തിന്റെയും കേദാരഭൂമിയായിരുന്നു. കോഴിക്കോട്ടെ പ്രശസ്തമായ സൗഹൃദക്കൂട്ടായ്മയായ 'കോലായ' യിൽ അംഗമാകാൻ എനിക്കു കഴിഞ്ഞു. പ്രശസ്ത കവി ആർ. രാമചന്ദ്രനായിരുന്നു 'കോലായ' യുടെ നേതാവ്. എം.ജി.എസ്. നാരായണൻ, എൻ.പി. മുഹമ്മദ്, ടി. വേണുഗോപാലൻ, ടി.കെ. രവീന്ദ്രൻ, അരവിന്ദൻ, ആർ വിശ്വനാഥൻ മുതലായവർ അംഗങ്ങൾ. പ്രശസ്തമായ മറ്റു രണ്ടു കൂട്ടായ്മകൾ ആകാശവാണിയേയും മാതൃഭൂമിയേയും കേന്ദ്രീകരിച്ചായിരുന്നു. ആകാശവാണിയിൽ ഉറൂബ്, അക്കിത്തം, കക്കാട്, തിക്കോടിയൻ, കൊടുങ്ങല്ലൂർ എന്നിവരുണ്ട്. മാതൃഭൂമിയിൽ എൻ.വി, എം.ടി, നമ്പൂതിരി, എ.എസ്. എന്നിവരും ഇവരെല്ലാവരുമായി ഏറിയും കുറഞ്ഞും സൗഹൃദം സ്ഥാപിയ്ക്കാനും അവരുടെ വാത്സല്യത്തിനു പാത്രമാവാനും എനിക്കു കഴിഞ്ഞു. എന്നെ ഞാനാക്കി മാറ്റിയതിൽ ഈ അന്തരീക്ഷത്തിനു വലിയ പങ്കുണ്ട്.

റേഡിയോ പ്രോഗ്രാമിൽ പങ്കെടുക്കാൻ കഴിയുക എന്നത് വലിയൊരു കാര്യമായിരുന്നു അന്നൊക്കെ. ആദ്യമായി എന്നെ ഒരു പ്രോഗ്രാമിനു വിളിയ്ക്കുന്നത് ഉറൂബാണ്. 'ഞാൻ കാണാത്ത ഗാന്ധി' എന്ന പേരിലുള്ള ഒരു ചർച്ചയായിരുന്നു അത്. ഗാന്ധിജിയെ ജീവിതത്തിലൊരിയ്ക്കലും കാണാൻ കഴിയാത്ത നാലു ചെറുപ്പക്കാർ ഗാന്ധിജിയെക്കുറിച്ചും സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പരിണാമത്തിൽ ഗാന്ധിജിയുടെ പ്രസക്തിയെക്കുറിച്ചും സംസാരിക്കുന്ന ഒരു ചർച്ച. മറ്റു മൂന്നു പേർ ആരൊക്കെയായിരുന്നുവെന്ന് ഇന്നെനിയ്ക്കോർമയില്ല. പിന്നീട് മാതൃഭൂമി ആഴ്ചപ്പതിപ്പിലെ സബ് എഡിറ്ററും പത്രപ്രവർത്തകനുമായിത്തീർന്ന വി.ആർ. ഗോവിന്ദനുണ്ണിയായിരുന്നു ഒരാൾ എന്നറിയാം. മോഡറേറ്റർ പ്രശസ്ത ഗാന്ധിയും രാമനാട്ടുകര സേവാമന്ദിറിന്റെ തലവനുമായ കെ. രാധാകൃഷ്ണമേനോൻ. പക്ഷെ നിർദ്ദേശങ്ങളെല്ലാം തന്നത് ഉറൂബ് തന്നെ. അദ്ദേഹം ഞങ്ങളെയെല്ലാം പ്രോഗ്രാമിന്റെ തലേദിവസം രാവിലെ സ്റ്റുഡിയോവിലേയ്ക്കു വിളിച്ചുവരുത്തി. ഞങ്ങളെഴുതിക്കൊണ്ടുപോയതെല്ലാം വായിച്ച് വേണ്ട തിരുത്തലുകൾ വരുത്തി. ഓരോരുത്തരെക്കൊണ്ടും മൈക്കിനു മുന്നിൽ സ്ക്രിപ്റ്റ് വായിപ്പിച്ചു. പ്രോഗ്രാം നേരിട്ടുള്ള പ്രക്ഷേപണമായതിനാൽ വളരെ ശ്രദ്ധിക്കണമെന്ന് ഓരോരുത്തരേയും ഓർമ്മപ്പെടുത്തി. പിറ്റേന്നു പ്രക്ഷേപണ സമയത്ത് അദ്ദേഹം മുൻകൂട്ടി പറഞ്ഞപ്രകാരം സ്ക്രിപ്റ്റ് വായിക്കുക എന്ന ജോലിയേ ഞങ്ങൾക്കുണ്ടായിരുന്നുള്ളൂ. എത്ര ആത്മാർത്ഥതയോടും അർപ്പണബോധത്തോടും കൂടിയാണ് ഉറൂബിനെപ്പോലുള്ളവർ തങ്ങളുടെ ജോലി ചെയ്തിരുന്നതെന്ന് അത്ഭുതാദരങ്ങളോടെ ഞാനോർക്കുകയാണ്.

എത്ര വലിയ സാഹിത്യകാരന്റെയും സ്ക്രിപ്റ്റ് ഉറൂബ് തിരുത്തുമായിരുന്നു. ഒരിയ്ക്കൽ വി.ടി. ഭട്ടതിരിപ്പാട് ഒരു പ്രഭാഷണത്തിന്റെ കയ്യെഴുത്തു പ്രതിയുമായി റേഡിയോ സ്റ്റേഷനിലെത്തി. അഴിമതിക്കാരായ രാഷ്ട്രീയക്കാരെപ്പറ്റി വി.ടി. പ്രയോഗിച്ച ഒരു വാക്ക് മാറ്റണമെന്ന് ഉറൂബ്. അതു മാറ്റുന്നതിൽ ഭേദം പ്രഭാഷണം ചെയ്യാതിരിയ്ക്കലാണെന്നു വി.ടി. അങ്ങിനെ ഒരു വാക്കിന്റെ പേരിൽ പ്രഭാഷണം തന്നെ ഒഴിവാക്കി വി.ടിയ്ക്കു നാട്ടിലേയ്ക്കു മടങ്ങേണ്ടി വന്നു. രണ്ടു പേരും തങ്ങളുടെ ജോലിയോട് അങ്ങേയറ്റം അർപ്പണബോധമുള്ളവരായാൽ ഇങ്ങിനെ ചില ദുരന്തങ്ങളും സംഭവിയ്ക്കും.

അക്കാലത്തെ പ്രശസ്തമായൊരു പ്രോഗ്രാമായിരുന്നു. വൈകുന്നേരം 6 മണി മുതൽ 7 മണിവരെയുള്ള 'നാട്ടിൻപുറം'. ഗ്രാമീണ കർഷക ജനതയുടെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരങ്ങളും

കുടുംബാന്തരീക്ഷത്തിൽ കഥാപാത്രങ്ങളിലൂടെ ആവിഷ്കരിക്കുന്ന ആ പരിപാടി നാട്ടിൻപുറങ്ങളിലെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ ഉപകാരപ്രദമായിരുന്നു. പുതിയ കൃഷിസമ്പ്രദായങ്ങളും വിത്തിനങ്ങളും വളപ്രയോഗങ്ങളും സസ്യങ്ങൾക്കു വരുന്ന രോഗങ്ങളും അവയ്ക്കുള്ള ഔഷധങ്ങളും കുടുംബാസൂത്രണത്തിന്റെ ആവശ്യകതയും മറ്റും കർഷകജനതയെ പരിചയപ്പെടുത്തുകയും പുതിയൊരു കാർഷിക സംസ്കാരത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുകയും ചെയ്യുന്നതിൽ നാട്ടിൻപുറം വഹിച്ച പങ്ക് ചെറുതല്ല. നാട്ടിൻപുറം പരിപാടി കഴിഞ്ഞേ ആർട്ടിസ്റ്റുകളെല്ലാം സ്റ്റേഷനിൽ നിന്നു പുറത്തിറങ്ങിയിരുന്നുള്ളൂ. ഉറൂബ്, അക്കിത്തം, കക്കാട്, തിക്കോടിയൻ മുതൽ പേർ നാട്ടിൻപുറം പരിപാടി കഴിഞ്ഞ് സമീപത്തെ സ്വാമിയുടെ ഹോട്ടലിൽ നിന്ന് ചായകുടിച്ച് തമാശപറഞ്ഞ് ബീച്ച് വഴി നടന്നു പോകുന്നത് പലപ്പോഴും ഞാൻ കാണാറുണ്ട്. ഒന്നുരണ്ടു തവണ അവരുടെ വർത്തമാനവും കേട്ട് അവരുടെ കൂടെ നടക്കാനുള്ള ഭാഗ്യവും എനിയ്ക്കുണ്ടായിട്ടുണ്ട്.

അക്കാലത്തെ റേഡിയോ പ്രോഗ്രാമുകൾ മിക്കവാറും സാഹിത്യാധിഷ്ഠിതമായിരുന്നു. 'എന്റെ കവിത' എന്ന പരിപാടിയിൽ ലബ്ധപ്രതിഷ്ഠരായ കവികളാണ് 15 മിനിട്ടുവീതം തങ്ങളുടെ കവിതകൾ അവതരിപ്പിച്ചിരുന്നത്. എൻ.വി. കൃഷ്ണവാരിയരുടെ നീണ്ട കവിതകൾ, ഇടശ്ശേരിയുടെ പൂതപ്പാട്ട്, കക്കാടിന്റെ പാതാളത്തിന്റെ മുഴക്കം, 1963 എന്നിങ്ങനെ പിൽക്കാലത്ത് മലയാള കവിതയിലെ നാഴികക്കല്ലുകളായിത്തീർന്ന പല രചനകളും റേഡിയോവിലൂടെ അവതരിപ്പിക്കപ്പെട്ടവയാണ്. ഒരോണക്കാലത്ത് അക്കിത്തത്തിന്റെ ദീർഘകവിതയായ 'ബലിദർശനം'അഞ്ചു ദിവസങ്ങളിലായി പതിനഞ്ചുമിനിട്ടു വീതം തുടർച്ചയായി പ്രക്ഷേപണം ചെയ്യപ്പെട്ടു. മലയാള കവിതയുടെ വളർച്ചയ്ക്ക് മാതൃഭൂമി ആഴ്ചപ്പതിപ്പിനെപ്പോലെ തന്നെ ആകാശവാണിയും നൽകിയ സംഭാവനകൾ വളരെയേറെ വിലപ്പെട്ടവയാണ്.

1975 മുതൽ 1990 വരെ ജോലി സംബന്ധമായി ഞാൻ കോഴിക്കോട്ടുണ്ടായിരുന്നില്ല. അക്കാലത്തും ആകാശവാണിയുമായുള്ള എന്റെ ബന്ധം സുദൃഢമായിത്തന്നെ നിലനിന്നിരുന്നു. ആദ്യകാലങ്ങളിൽ ആറുമാസത്തിലൊരിക്കലെങ്കിലും 'സാഹിത്യ രംഗ'ത്തിലേയ്ക്ക് ഞാനെന്റെ കവിതകൾ അയച്ചിരുന്നു. വളരെ പ്രാധാന്യത്തോടെ സീനിയർ ആർട്ടിസ്റ്റുകളുടെ ആരുടെയെങ്കിലും ശബ്ദത്തിൽ അവ പ്രക്ഷേപണം ചെയ്യപ്പെട്ടു. പിന്നീട് 'സാഹിത്യ മണ്ഡപ'ത്തിൽ സ്വന്തം കവിത അവതരിപ്പിക്കാനായി ഞാൻ ക്ഷണിക്കപ്പെട്ടു തുടങ്ങി. അങ്ങിനെ കോഴിക്കോട്ടു വരുന്ന ഓരോ വരവും എന്റെ ജീവിതത്തിലെ മറക്കാൻ കഴിയാത്ത അനുഭവങ്ങളാണ്. കവിതയും കൊണ്ട് ഞാൻ നേരെ കക്കാടിന്റെ മുറിയിലേയ്ക്കാണ് ചെല്ലാറ്. ഒന്നാം നിലയിലെ കക്കാടിന്റെ മുറിയ്ക്കപ്പുറം ബീച്ചും കടലുമാണ്. തുറന്നിട്ട ജനലിലൂടെ കാറ്റ് മുറിയിലേയ്ക്കു കടന്നു വന്നു കൊണ്ടിരിയ്ക്കും. എത്ര തിരക്കുണ്ടെങ്കിലും കക്കാട് ഒരു തിരക്കുമില്ലാത്ത പോലെ ധാരാളം വർത്തമാനം പറഞ്ഞ് കാന്റീനിൽ നിന്ന് ചായയും വാങ്ങിച്ചു തന്നേ സ്റ്റുഡിയോവിലേയ്ക്ക് എന്നെ നയിച്ചിരുന്നുള്ളൂ. സ്റ്റുഡിയോവിലും അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽത്തന്നെയായിരുന്നു എന്റെ കവിതാപാരായണം.

1990 കൾക്കു ശേഷം വചനാമൃതം പരിപാടിയ്ക്ക് എനിയ്ക്ക് കോൺട്രാക്ടുകൾ വരാൻ തുടങ്ങി. ആറുമാസത്തിലൊരിയ്ക്കൽ എന്നെപോലെ ഏതാണ്ടു പതിനഞ്ചു കൊല്ലം ഞാൻ വചനാമൃതം ചെയ്തിരുന്നു. അതോടൊപ്പം തന്നെ സ്വന്തം കവിതയും ഗൗരവമുള്ള വിഷയങ്ങളെപ്പറ്റിയുള്ള പ്രഭാഷണങ്ങളും. എനിയ്ക്കു തന്നെ തൃപ്തികരമെന്നു തോന്നിയ പല ലേഖനങ്ങളും ഞാനെഴുതിയത് ആകാശവാണിയ്ക്കു വേണ്ടിയാണ്.

രാവിലെ 5.50 ന് ആകാശവാണിയുടെ കൂവൽ ശബ്ദം കേൾക്കുമ്പോഴാണ് ഞാനിപ്പോഴും കണ്ണുതുറക്കാറ്. പക്ഷെ കിടയ്ക്കയിൽ നിന്ന് എണീയ്ക്കാറില്ല. പാതിമയക്കത്തിൽ വചനാമൃതവും പ്രഭാതഗീതവും ശ്രദ്ധയും സാദരവും വാർത്തയും മറ്റും കേട്ടുകൊണ്ടു കിടക്കുക എന്നത് എനിയ്ക്കിപ്പോഴും ഏറെ സന്തോഷം തരുന്നൊരു കാര്യമാണ്. അങ്ങിനെ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ എന്തോ എവിടെയോ മറന്നുവെച്ചപോലൊരു നഷ്ടബോധം ദിവസം മുഴുവൻ എനിയ്ക്കനുഭവപ്പെടാറുണ്ട്. ●

❑ കമലം. പി. നമ്പൂതിരി

# അർദ്ധനാരീശ്വരപൂജയുടെ മലയാളത്തനിമ



കേരളത്തിലും തമിഴ്നാട്ടിലും പണ്ടു മുതൽ ആഘോഷിച്ചു വരുന്ന തിരുവാതിര (തിരു+ആതിര)ക്ക് ആർദ്രാവ്രതം, ആർദ്രാജാഗരണം, ആർദ്രാ ദർശനം എന്നിങ്ങനെ മൂന്നു ഭാഗങ്ങളുണ്ട്. തമിഴ് സാഹിത്യവും പുരാലിഖിതങ്ങളും, അനുസരിച്ച് ആയിരത്തഞ്ഞൂറു വർഷത്തെ പഴക്കമെങ്കിലും ഈ ആഘോഷങ്ങൾക്ക് ഉണ്ട്. 'ആതിരൈയൻ' എന്ന് ശിവനെ വിശേഷിപ്പിക്കുന്നുണ്ട്. ശിവ പാർവ്വതിമാരെ സ്തുതിക്കുന്ന വ്രതങ്ങളും ചടങ്ങുകളും ആണ് കേരളത്തിൽ കണ്ടു വരുന്നത്.

തിരുവാതിരക്കു മുമ്പ് കന്യകമാർ ഒമ്പതു ദിവസം പകൽ ഉപവസിച്ച് പത്താംനാൾ 'തിരുവാതിരൈ എളുങ്കരിക്കൂട്ടു' കഴിച്ച് വ്രതം അവസാനിപ്പിക്കലാണ് തമിഴ്നാട്ടിലെ രീതി (അരി, ശർക്കര, ചെറുപയർ പരിപ്പ്, നെയ്യ്, നാളികേരം, ഏലക്കാപൊടി എന്നിവ ചേർത്താണ് ഈ വിഭവമുണ്ടാക്കുക)

ധനുമാസത്തിൽ വെളുത്ത വാവിനോട് (പൗർണ്ണമി) ചേർന്നാണ് തിരുവാതിരവരുന്നത്. 'ഭഗവാൻ തന്റെ തിരുനാളാണ്, ഭഗവതിക്ക് തിരുനോൽമ്പാണ്. ഉണ്ണരുത്, ഉറങ്ങരുത്, കുളിക്കേണം പോൽ, പാടേണംപോൽ, ആടേണം പോൽ, ചെറുകുളത്തിൽ ഇടിമുഴങ്ങി, ചെറുകുന്നത്തു വെയിൽപരന്നു. ഉണരുണരൂ ഭഗവതിയെ, ഉണരുണരൂ ശിവപാർവ്വതി'- കുളിർകോരിച്ചൊരിയുന്ന ധനുമാസ പ്രഭാതങ്ങൾ ഈ തരത്തിലുള്ള പാട്ടുകൾ കേട്ട് പ്രകാശപൂരിതമാകാറുണ്ട്.

മംഗല്യസ്ത്രീകൾ തിരുവാതിര ആഘോഷിക്കണം. ഉമാമഹേശ്വര പ്രീതി ദീർഘസുമംഗലത്തിന് അനിവാര്യമത്രെ. ആബാലവൃദ്ധം തിരുവാതിര നോൽക്കുന്നതായിരുന്നു പാരമ്പര്യം.

നവവധുവിന്റെ ആദ്യ തിരുവാതിര 'പുത്തൻ തിരുവാതിര'യും ഋതുമതിയുടേത് 'പൂത്തിരുവാതിര' യുമത്രെ. പുത്തൻതിരുവാതിരക്കു ബന്ധുമിത്രാദികളെ ക്ഷണിക്കാറുണ്ട്.

പ്രഭാതത്തിലെ തുടിച്ചുകുളി ഔഷധസേവയുടെ ഫലം ചെയ്യും. സ്ത്രീയുടെ ആരോഗ്യപരിരക്ഷയും ഈ ആഘോഷം ലക്ഷ്യമാക്കുന്നു. ഉഷ്ണസംബന്ധികളായ രോഗങ്ങൾ സ്ത്രീകളിൽ കൂടുതലായി ഉണ്ടാവാൻ സാദ്ധ്യതയുണ്ടെന്ന് വൈദ്യശാസ്ത്രം പറയുന്നുണ്ട്. ഗർഭാശയം സ്ഥിതി ചെയ്യുന്ന ശരീരഭാഗങ്ങൾക്ക് വളരെയധികം തണുപ്പു നൽകാൻ മുങ്ങിക്കുളിയും തുടിച്ചു കുളിയും സഹായിക്കുന്നു. 'എന്നും തുടിച്ചു കുളിച്ചാൽ സുഖിച്ചു മരിക്കാം'എന്നൊരു ചൊല്ലുതന്നെയുണ്ട്.

തെക്കൻ കേരളത്തിൽ സ്ത്രീകൾ അതിരാവിലെ വിളക്കുമെടുത്ത് പുഴയോരത്തുപോയി വിളക്കു കത്തിച്ചു വെച്ചു ഇരുന്നു പാടും. പിന്നീടാണ് വെള്ളത്തിലിറങ്ങി തുടിച്ചു കുളിക്കൽ. പാതിരാ പൂ ചൂടുന്നതിലും ചെറിയ വ്യത്യാസങ്ങൾ കാണാം. തെക്കൻ കേരളത്തിൽ ഊഞ്ഞാലാട്ടം ഓണക്കാലത്താണ്. പാതിരാപ്പൂ ചൂടുന്നതിന് അലങ്കാരങ്ങളും അണിയലുകളും വടക്കൻ കേരളത്തിലുണ്ട്. 'എട്ടങ്ങാടി'ഉണ്ടാക്കി ഒരു വിളക്കു കത്തിച്ചു വെച്ച് തിരുവാതിരക്കു തലേന്നാൾ നിവേദിക്കുന്നതും പല പാട്ടുകൾ പാടി കളിക്കുന്ന



*പാതിരാപ്പൂ ചൂടൽ*

തും ചിലയിടങ്ങളിലുണ്ട്. നൂറ്റെട്ടു വെറ്റില മുറക്കുന്നത് എല്ലായിടത്തുമില്ല.

പാർവ്വതിയുടെ കഠിന തപസ്സിൽ സന്തുഷ്ടനായ ശിവൻ പാർവ്വതിക്കു ദർശനം നൽകി പത്നിയായി സ്വീകരിച്ച ദിവസം, കാമദേവന് പുനർജന്മം ലഭിച്ച ദിവസം ഒക്കെയാണ് ഐതിഹ്യമനുസരിച്ച് തിരുവാതിര. രതിക്ക് കാമദേവനെ നൽകി ദീർഘസുമംഗലിയാവാൻ ശിവപാർവ്വതിമാർ അനുഗ്രഹം നൽകി. വിവാഹം കഴിഞ്ഞയുടനെ ഭർത്താവു മരിച്ച തോഴിക്കു വേണ്ടി പാർവ്വതി ശിവന്റെ മുമ്പിൽ ഒരു 'സത്യഗ്രഹം' തന്നെ നടത്തി ജീവൻ വീണ്ടെടുത്തു കൊടുത്തതായ ഐതിഹ്യവും ഉണ്ട്.

'എന്നുടെ ചങ്ങാതിയായവളെ
ഇന്നലെ കർമ്മ വിവാഹം ചെയ്തു
ഇന്നവൾ കണവൻ തൻ ഉയിരും പോയി
ഇന്നവൾ ഈറൻ നനച്ചുടുക്കിൽ
ഞാനും നനച്ചു പിഴിഞ്ഞുടുക്കും
ഇന്നവൾ കൂന്തൽ നിലത്തിടുകിൽ
ഞാനുമെൻ കൂന്തൽ നിലത്തിടുവൻ
ഇന്നവൾ ഓലത്തടുക്കിലാകിൽ
ഞാനുമെൻ ഓലത്തടുക്കിലാണ്
ഇന്നവൾ കണവനിണ പിരികിൽ
ഞാനും തിരുമേനി തീണ്ടുകില്ല'

എന്നിങ്ങനെയുള്ള പാർവ്വതിയുടെ വാശിക്കുമുമ്പിൽ ശിവൻ പ്രസന്നനായി തോഴിയുടെ ഭർത്താവിന്റെ ജീവൻ തിരിച്ചു നൽകാൻ കാലനോട് ആജ്ഞാപിച്ചു വത്രെ! അങ്ങിനെ പാർവ്വതിയും തോഴിയും തങ്ങളുടെ കണവന്മാരുമൊത്ത് കല്യാണാഘോഷങ്ങൾ പൂർണ്ണമാക്കിയ ദിവസം കൂടിയാണ് ധനുമാസ തിരുവാതിര. മങ്കമാർ തങ്ങളുടെ മംഗല്യസൗഭാഗ്യത്തിനു വേണ്ടി തിരുവാതിര നോറ്റ് ശിവപാർവ്വതിമാരെ സ്തുതിക്കുന്നു.

## ചടങ്ങുകൾ

ധനുമാസത്തിലെ അശ്വതി മുതൽ അതിരാവിലെ ഉണർന്ന് കുളത്തിലോ പുഴയിലോ തുടിച്ചു കുളിക്കണം. 'തൈരു കടയലും' 'മലരുവറുക്കലും' എല്ലാ വെള്ളംകൊണ്ടുള്ള കളികളാണ്. അശ്വതിനാൾ അഹസ്സു പകരുന്നതിന് മുമ്പ്, ഭരണി നാൾ വെള്ളയുദിക്കുന്നതിനു മുമ്പ്, കാർത്തിക നാൾ കാക്ക കരയുന്നതിനു മുമ്പ്, രോഹിണി നാൾ രോമം കാണും മുമ്പ്, മകീരം നാൾ മക്കൾ ഉണരും മുമ്പ് വേണം നീരാട്ട്. മകീരം നാൾ വൈകുന്നേരം തിരുവാതിര തുടങ്ങുമെങ്കിൽ അപ്പോൾ വിളക്ക്, അഷ്ടമംഗല്യം, അണിഞ്ഞ ആവണ പലക എന്നിവ തയ്യാറാക്കിവെക്കണം. 108 വെറ്റില എണ്ണി ഒരു നാക്കിലയിലാക്കി ചുണ്ണാമ്പ്, കളിയടയ്ക്ക എന്നിവ വെയ്ക്കുന്നു. എത്ര സുമംഗലികൾ ഉണ്ടോ അത്രയും ഇലകളിൽ ഇവ വെയ്ക്കണം. കൂവ വെരകിയതും ഒരു പാത്രത്തിൽ വെക്കണം. തിരുവാതിര തുടങ്ങാറായാൽ എല്ലാവരും കാലും മുഖവും കഴുകി അലക്കിയ മുണ്ടുടുത്തു വന്ന് അഞ്ചു തിരിയിട്ട വിളക്കു കൊളുത്തുന്നു. വിളക്കിനു മുമ്പിൽ പഴം, ഇളനീർ, കൂവ വിരകിയത്, 108 വെറ്റില വെച്ച ഇലകൾ, എല്ലാം വെച്ച് നിവേദിക്കുന്നു. മുതിർന്ന സുമംഗലികൾ ആണ് നിവേദിക്കുക. പിന്നീട് എല്ലാവരും വാൽക്കണ്ണാടി പിടിച്ച് ആവണ പലക മേൽ ഇരുന്ന് താലിപിടിച്ചു ജപിക്കുന്നു. അതിനു ശേഷം നിവേദിച്ച വിഭവങ്ങൾ കഴിക്കുന്നു. ചില സ്ഥലങ്ങളിൽ ഈ സന്ദർഭത്തിൽ വായ്ക്കുരവ ഇടാറുണ്ട്. കൈ കഴുകി വന്ന് എണ്ണിവെച്ച വെറ്റിലയിൽ നിന്നും വാൽക്കണ്ണാടി പിടിച്ച കയ്യോടെ വെറ്റില എടുത്തു നാമം ജപിച്ച് മുമ്മൂന്നു വെറ്റില വീതം മൂന്നു പ്രാവശ്യം മുറുക്കണം. വെരകിയതോ, പഴമോ, ഇളനീരോ ഒക്കെ കഴിക്കാമെന്നല്ലാതെ രാത്രിഭക്ഷണം കഴിക്കാറില്ല. തിരുവാതിര തുടങ്ങുന്നതിനു മുമ്പ് അരിഭക്ഷണം കഴിക്കുന്നവരുണ്ട്. രാത്രി ഉറങ്ങാൻ പാടില്ല. അർദ്ധരാത്രി തിരുവാതിര ഉള്ളപ്പോഴാണ്. ചന്ദ്രൻ തലക്കു മുകളിൽ വരുമ്പോൾ പാതിരാപ്പൂ ചൂടൽ. അതുവരെ പല വിനോദങ്ങളിലും ഏർപ്പെടാം.

പാതിര ആകുമ്പോഴേക്കും നടുമുറ്റത്തോ ഉമ്മറമുറ്റത്തോ അണിഞ്ഞു വിളക്ക്, അഷ്ടമംഗല്യം, കറുകമാലകൾ, കുറിതൊടാനുള്ള ചന്ദനം, കൺമഷി, ചാന്ത്, കുങ്കുമം, ദശപുഷ്പമാല അണിഞ്ഞ

പലകകൾ എല്ലാം ഒരുക്കിവെക്കണം. അണിഞ്ഞതിനു നടുവിലായി അമ്മിക്കുട്ടി അണിഞ്ഞ് പ്രതിഷ്ഠിക്കണം. ശിവപാർവ്വതി സങ്കല്പമായി. എല്ലാവരും കോടി അലക്കിയ വസ്ത്രങ്ങൾ ധരിക്കണം എന്നാണ് ചിട്ട. പാതിരാപ്പൂവ് ഒരു വലിയ നാക്കിലയിലാക്കി അടക്കമണിയും അതിൽവെച്ച് കെട്ടിപൊതിഞ്ഞ് അധികം ദൂരെയല്ലാതെ ആൽത്തറയിലോ, പടിപ്പുര പരിസരത്തോ കൊണ്ടുവെയ്ക്കുന്നതാണ് രീതി. ശിവപാർവ്വതി പ്രതിഷ്ഠയ്ക്കടുത്തായി ഗണപതിക്ക് ഒരു വിളക്ക് കത്തിച്ചുവെക്കണം.

പാതിരാപ്പൂവെടുക്കാൻ പോകുമ്പോൾ പുത്തൻ തിരുവാതിരക്കാരി കിണ്ടിയിൽ വെള്ളമെടുക്കും, വിളക്കും അഷ്ടമംഗല്യവും ചെറുപ്പക്കാരികൾ എടുക്കും 'ഒന്നാകും തൃശ്ശൂർ ഒന്നിലല്ലേ ആവിലഞ്ഞി, ആവിലഞ്ഞി പൂപറിക്കാൻ പോരിൻ പോരിൻ തോഴിമാരെ' എന്ന് പത്തുവരെ പാടിക്കൊണ്ട് എല്ലാ സ്ത്രീകളും പെൺകിടാങ്ങളും ചേർന്നുകൊണ്ടാണ് ഈ ഘോഷയാത്ര. പാതിരാപ്പൂ ഇലയിൽ അടുക്കിവെച്ച സ്ഥലത്തെത്തിയാൽ പുവിന്മേൽ വെള്ളം തളിക്കണം. പുത്തൻ തിരുവാതിരക്കാരി കിണ്ടി വേറൊരാൾക്കു കൊടുത്ത് ഇലക്കെട്ട് എടുക്കുന്നു. തിരിച്ചു പോരുമ്പോൾ വഞ്ചിപ്പാട്ടാണ് പാടുക.

('അമ്പിളിത്തെല്ലണിയുന്ന തമ്പുരാന്റെ മകനൊറ്റ......' തുടങ്ങിയ പാട്ടുകൾ) അണിഞ്ഞ സ്ഥലത്ത് തിരിച്ചെത്തിക്കഴിഞ്ഞാൽ ഒരു പ്രാവശ്യം എല്ലാവരും കൂടി പ്രദക്ഷിണം വെച്ച് ശിവപാർവ്വതി പ്രതിഷ്ഠയുടെ വലതു വശത്തായി നാക്കിലത്തുമ്പ് കിഴക്കോട്ടാക്കി വെക്കുന്നു. ഗണപതിക്കു സങ്കല്പിച്ച് കൊളുത്തിവെച്ച നിലവിളക്കിനു മുമ്പിൽ പഴം, ഇളനീർ, കളിയടക്ക, വെറ്റില എന്നിവ വെയ്ക്കണം. ഭദ്രദീപങ്ങൾ വേറേയും വേണം. രണ്ടു കിണ്ടിയിൽ വെള്ളം, ശംഖ്, ചന്ദന ഓടം, താലത്തിൽ പൂജാപുഷ്പങ്ങൾ കരുതിവെക്കണം. ആവണപ്പലകയിൽ ഇരുന്ന് മുതിർന്ന അന്തർജ്ജനം പാതിരാപ്പൂവിനെ ശിവപാർവ്വതിമാർക്കായി സമർപ്പിക്കുന്നു. ഗണപതി-ശിവപാർവ്വതി മാർക്കായി പുഷ്പാർച്ചനയും നിവേദ്യാദികളും ചെയ്യുമ്പോഴും പാതിരാപ്പൂ ചൂടുമ്പോഴും വാൽക്കണ്ണാടി കയ്യിൽ പിടിക്കണം.

ഋതുമതികളായ പെൺകിടാങ്ങളാണ് ആദ്യം പാതിരാപ്പൂ ചൂടുന്നത്. അണിഞ്ഞ പലകകളിൽ കിഴക്കോട്ട് അഭിമുഖമായി ഇരുന്ന് വാൽക്കണ്ണാടി വലതു കയ്യിൽ പിടിച്ച് കണ്ണെഴുതി, കുറിതൊട്ട്, കറുകമാല ചൂടണം. അടക്കാമണിയൻ ചെറുകഴുത്തായി എടുത്ത് മൂന്നു പ്രാവശ്യം ചന്ദനവെള്ളം തളിച്ച് ഗണപതിക്കും ശിവപാർവ്വതിമാർക്കും ചാർത്തുക. ഇതേപോലെ പാതിരാപ്പൂവും വെള്ളം തളിച്ച് ചാർത്തുക. അടക്കാമണിയനും പൂവും എടത്ത് വെള്ളം തളിച്ച് അവനവനും ചൂടുക. ദശപുഷ്പത്തിന്റെ രണ്ടു അടുക്കുകൾ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ അതും ഗണപതിക്കും ശിവപാർവ്വതിമാർക്കും സമർപ്പിച്ചശേഷം സ്വയം ചൂടാം.

## കയ്യും വളയും കാട്ടൽ

പാതിരാപ്പൂ ചൂടിയശേഷം എഴുന്നേറ്റു നിന്ന് അടക്കാമണിയൻ എടുത്ത് ഏട്ടു ദിക്കുകളിലേയും ദിക്പാലകരെ ആരാധിക്കണം. അതിനു ശേഷം അടക്കാമണിയന്റെ രണ്ടു വലിയ കഴുത്തുകൾ എടുത്ത് അണിഞ്ഞിട്ടുള്ള സ്ഥലത്തെ പ്രദക്ഷിണം വെച്ച് കിഴക്കോട്ടു തിരിഞ്ഞു നിന്ന് മേലോട്ടു നോക്കി ചന്ദ്രനേയും രോഹിണിയേയും കാണുന്നു എന്ന് സങ്കല്പിച്ച് വലതു കയ്യിൽ വാൽക്കണ്ണാടിയും ഒരു അടക്കാമണിയന്റെ കഴുത്തും പിടിച്ച് ഇടതു കൈ വലത്തോട്ടും വലതുകൈ ഇടത്തോട്ടും മൂന്നു പ്രാവശ്യം ആക്കിയശേഷം രണ്ടു കൈകൊണ്ടും കഴുത്തുകൾ എടുത്ത് ചന്ദ്രനും രോഹിണിക്കും ചാർത്തുന്നു എന്ന് സങ്കല്പിച്ച് മേലോട്ടെറിഞ്ഞ് നമസ്കരിക്കുന്നു.'കയ്യും വളയും കാട്ടുക' എന്നാണ് ഈ ചടങ്ങിനു പറയുന്നത്. പൂവ്വ് (കഴുത്തുകൾ) താഴെ വീഴുന്നതിനു മുമ്പായി നമസ്കരിക്കണം. പന്ത്രണ്ടു വയസ്സിനു താഴെയുള്ള കുട്ടികളെ കുറി തൊടുവിച്ച് പാതിരാപ്പൂചൂടിച്ചാൽ മതിയാകും. മംഗല്യസ്ത്രീകൾ 108 വെറ്റിലയിൽ നിന്നും എടുത്തു മുറുക്കാം. മറ്റുള്ളവർ താലത്തിൽ വെച്ച വെറ്റില, അടക്ക, ചുണ്ണാമ്പ് എടുത്തു മൂന്നും കൂട്ടാം. 108 വെറ്റില മുറുക്കുമ്പോഴും വാൽക്കണ്ണാടി കയ്യിലുണ്ടാവണം. പിന്നീട് എല്ലാവരും കിഴക്കോട്ടു തിരിഞ്ഞു നിന്ന് 'മംഗല ആതിര', വിവിധ സ്വയംവരങ്ങൾ എന്നിവ പാടിക്കളിക്കണം. കൈകൂപ്പി പതിഞ്ഞ ചുവടുവെച്ചാണ് കളിക്കുക. കുറച്ചു പാടിക്കഴിഞ്ഞാൽ വട്ടത്തിൽ ചുറ്റി കളിക്കാം. അതിരാവിലെ കുളിക്കാൻ പോകുന്നതുവരെ കൈകൊട്ടിക്കളി, കഥകളി പദങ്ങൾ കൈകൊട്ടിക്കളിയുടെ ഈണത്തിലാക്കി പാടിക്കളിക്കൽ, തുമ്പി തുള്ളൽ, പെണ്ണിനെ തേടൽ, തെരുപ്പറക്കൽ തുടങ്ങിയ കേളീവിനോദങ്ങളിൽ ഏർപ്പെട്ട് പാതിരാവിനെ പകലാക്കി മാറ്റി മങ്കമാർ മതിമറന്ന് ആനന്ദിക്കുന്നു.

മൂന്നു മണികഴിഞ്ഞാൽ കോടിയോ കോടി അലക്കിയതോ ആയ ഇടാനുള്ള വസ്ത്രങ്ങൾ, അഷ്ടമംഗല്യം, വിളക്ക്, കുറിതൊടാനുള്ള വസ്തുക്കൾ,

(ശേഷം പേജ് 56 ൽ)

# പാണിഗ്രഹണം

പേര് : സതീഷ് തായാട്ട്, വിശ്വാമിത്രഗോത്രം, ജനനത്തീയതി : 28.06.1982 (1157 മിഥുനം 14 ചന്ദ്രവാരം പകൽ 1.20), നക്ഷത്രം : അത്തം, ഉയരം : 168 സെ.മീ., യോഗ്യത : മ്യൂറൽ പെയിന്റിംഗിൽ അഞ്ചു വർഷത്തെ നാഷണൽ ഡിപ്ലോമ (ഗുരുവായൂർ ദേവസ്വം), ജോലി : എയ്ഡഡ് സ്കൂൾ ചിത്രകലാ അധ്യാപകൻ (ആനന്ദപുരം, തൃശൂർ ജില്ല). അച്ഛൻ : പരേതനായ വാസുദേവൻ നമ്പൂതിരി, അമ്മ : സാവിത്രി അന്തർജനം, സഹോദരൻ : കോഴിക്കോട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ക്ലാർക്ക് (വിവാഹിതൻ), സഹോദരി: ഒരാൾ (വിവാഹിത). അഡ്രസ്: ടി.സന്തോഷ്, തായാട്ട് ഇല്ലം, ചേവരമ്പലം, കോഴിക്കോട്- 673017, ഫോൺ: 0495 2374007, മൊബൈൽ: 9495857502, 7293751990, സിന്ധു രാമൻ നമ്പൂതിരി, പടിഞ്ഞാറേ നകർണി മന, കല്ലേറ്റുംകര (പി.ഒ.), വല്ലക്കുന്ന്, തൃശൂർ ജില്ല, ഫോൺ: 0480 - 2880398

| | | | |
|---|---|---|---|
| | | ബു ശു | ര സ |
| | ഗ്രഹസ്ഥിതി | | |
| | | | |
| ശി | | ഗു മാ | ല.ച കു.മ |

| | | | |
|---|---|---|---|
| ശു | സ | ച.മാ | കു |
| | അംശകം | | ബു.മ |
| ര | | | ല |
| ഗു | | ശി | |

ശിഷ്ടദശ : ചന്ദ്രദശ 7-4-20

---

പേര് : ശ്രീകാന്ത് കെ, ഗോത്രം : വിശ്വാമിത്ര ഗോത്രം, ജനനത്തീയതി : 1988 മാർച്ച് 15 (1163 മീനം 2), ജനന സമയം : 12.12. പകൽ, ഉയരം : 175 സെ.മീ. വിദ്യാഭ്യാസ യോഗ്യത : ബി.ടെക് (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ), ജോലി : സീനിയർ എഞ്ചിനീയർ (Tata Elxsi, Bangalore), അച്ഛൻ : വാസുദേവൻ നമ്പൂതിരി, അമ്മ : ഉഷ അന്തർജനം, മാരാമിറ്റത്ത് മന, സഹോദരൻ : ശ്രീനാഥ് (എം.എസ്.സി, ബി.എഡ്.- അവിവാഹിതൻ). അഡ്രസ് : കളശ്ശേരി ഇല്ലം (മൊളേരി മന), പയ്യോളി പി.ഒ., കോഴിക്കോട് - 673522, ഫോൺ: 0496 2601503, മൊബൈൽ: 9846621936, ഇ-മെയിൽ: sreekanth.kc@gmail.com (1163 മീനം 2)

| | | | |
|---|---|---|---|
| ര | ഗു ശു | | ല മാ |
| ബു സ | ഗ്രഹസ്ഥിതി | | |
| ച | | | ശി |
| കു മ | | | |

| | | | |
|---|---|---|---|
| | മാ | | ഗു മ സ |
| | അംശകം | | ര ച |
| | | | ശു |
| ശി | ബു | ല കു | |

ചന്ദ്രശിഷ്ടദശ : 1-0-0

---

പേര് : ഹരിഗോവിന്ദൻ, ഗോത്രം : കശ്യപഗോത്രം, ജനനത്തിയതി: 1988 ജൂലൈ 26 (1163 കർക്കടകം 11) ജനനസമയം : 12.03 പകൽ, നക്ഷത്രം : മൂലം, വിദ്യാഭ്യാസയോഗ്യത : എം.എസ്.സി, സുവോളജി, ജോലി : സിവിൽ സർവ്വീസ് അക്കാദമി അദ്ധ്യാപകൻ, അച്ഛൻ : പരേതനായ മാധവൻ നമ്പൂതിരി കക്കാട്ടില്ലം, അമ്മ : പങ്കജം, സഹോദരൻ : ശ്രീകേശവൻ, അഡ്രസ് : പങ്കജം, ശ്രീമാധവം, കുതിരവട്ടം (പി.ഒ), കോഴിക്കോട് - 16, ഫോൺ : 9747323486.

| | | | |
|---|---|---|---|
| കു | | ഗു ശു | |
| സ | ഗ്രഹസ്ഥിതി | | ര ബു |
| | | | ശി |
| ച മ | | ല മാ | |

| | | | |
|---|---|---|---|
| ഗു | ചമ സ | | |
| | അംശകം | | ബു |
| ല | | | |
| | | കു ശി | ര ഗു |

കേതുശിഷ്ടദശ : 6-6-7

ശുക്ലപക്ഷ ദ്വാദശി തിഥി

---

❒ കാർത്തിക പി.എസ്.

# ബലിക്കാക്ക...

വിശപ്പിന്റെ വിളിയിൽ
ചിറകടിച്ചതും.
പറന്നിറങ്ങി, കണ്ണുകൾ
ഇടംവലംപായിച്ചതും
നിനക്കുവേണ്ടി...

അപൂർണ്ണതയിൽദഹിച്ച
അകാലമൃത്യുവിലും
ആത്മാവൊടുങ്ങാത്ത
അന്ത്യനിമിഷത്തിലും
എന്നെകറുപ്പുടുപ്പിച്ച്


എന്റെ നടപ്പാതകളിൽ
ഭയപ്പാടിളക്കി
എന്റെ ഉള്ളുകത്തുന്ന
നിലവിളികളിൽ നീ വിരുന്നൊരുക്കി...

എന്നിട്ടും
വംശഭേദങ്ങളിൽ
കഴുത്തിൽ
കറുപ്പുമങ്ങിയതിന്റെ  പേരിൽ ഞാൻ
മണ്ണടിഞ്ഞവരുടെ ആത്മാവു പേറി..
നാക്കിലയിൽ രണ്ടുരുള ചോറുരുട്ടി നീ
കൈകൊട്ടി വിളിയക്കുമ്പോൾ
കാരണവരായ്കനിഞ്ഞരുളി...

ഞാൻ ഇണതേടുന്ന വിളികളെ
കാലന്റെ മരണമൊഴിയാക്കി
എന്റെ സ്വപ്നങ്ങൾക്ക്
നിന്റെ സൗഭാഗ്യങ്ങളുടെ
രുചിചേർത്തമനുഷ്യാ...

അനശ്വരതയുടെ അടയാളമായ്
ഞാൻ ഇനിയുമുണ്ടാകും...
അന്ധതയ്ക്കു നീ കൽപ്പിച്ച
പര്യായങ്ങളും പേറി...

നിന്റെ പ്രതിരൂപമായി...
ബലിക്കാക്കകൾ ഇനിയും
കറുപ്പുതീണ്ടും..
●



# യോഗക്ഷേമസഭാ വിശേഷം

## ചാരിതാർത്ഥ്യത്തോടെ

നിലവിലുള്ള ജില്ലാ കമ്മിറ്റി അധികാരമേറ്റിട്ട് 6 മാസം. കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ജില്ലയിലെ യോഗക്ഷേമസഭാ പ്രവർത്തനം സജീവമാക്കാൻ ജില്ലാ കമ്മിറ്റി ശ്രമിക്കുന്നു. ജില്ലാ ആസ്ഥാന മന്ദിരമില്ല എന്നതു കൊണ്ട് യോഗസ്ഥലം തിരഞ്ഞെടുക്കാൻ പ്രയാസം നേരിടുന്നുണ്ട്. എങ്കിലും യോഗങ്ങൾ ഉപസഭകളിലേക്ക് വ്യാപിപ്പിച്ച് പ്രവർത്തനം നടത്താൻ ജില്ലാസഭ തീരുമാനിച്ചിരുന്നു.

പോഷക സംഘടനകളുടെ പ്രസിഡന്റ്, സെക്രട്ടറിമാർ ഊർജ്ജസ്വലരായതിനാൽ അംഗങ്ങളുടെ സ്പന്ദനം ശരിക്കുമറിയുന്നു. ഉപസഭ പ്രസിഡന്റ്, സെക്രട്ടറിമാർ മാസത്തിലൊരിക്കൽ റിപ്പോർട്ടിംഗ് ചെയ്യുന്നതിനാൽ ഭരണം സുഗമമാകുന്നു. സംസ്ഥാന കൗൺസിൽ അംഗങ്ങൾക്ക് ചുമതലകൾ നൽകി കൂട്ടായ യത്നമാണ് കോഴിക്കോട് ജില്ലാ യോഗക്ഷേമസഭ നടത്തിവരുന്നത്. എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ചുമതലകൾ നൽകി ഹാജർ നില മുൻകാലങ്ങളെ അപേക്ഷിച്ച് കൂടിയിട്ടുണ്ടെങ്കിലും സെക്രട്ടറി സന്തോഷവാനല്ല. തെരഞ്ഞെടുക്കപ്പെട്ടവർ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് ആത്മ പരിശോധന നടത്തേണ്ട സമയമാണ് അർദ്ധവാർഷിക കൗൺസിൽ യോഗം- ജനുവരി 22 ഞായറാഴ്ച. ഇതേ ദിവസം സഭയുടെ പ്രതിഫലനം സ്വസ്തി ത്രൈമാസികയിലൂടെ വെളിച്ചം വീശുന്നു. ജില്ലാ എക്സിക്യൂട്ടീവിന്റെ നിയന്ത്രണത്തിൽ രണ്ടു വീതം നിരീക്ഷകരെ ഓരോ ഉപസഭകളിലേയ്ക്കും നിയോഗിച്ചിരിക്കുന്നു. സഭയുടെ വാട്സ് അപ്പ് ഗ്രൂപ്പ് ആശയ വിനിമയത്തിന് സഹായകമാകുന്നു. പുതിയ ഒരു ഉപസഭയ്ക്ക് അംഗീകാരം കൊടുക്കുവാനും ഈ കാലയളവിൽ ജില്ലാ സഭയ്ക്ക് കഴിഞ്ഞു. തിനൂർ ഉപസഭ. പോഷക സംഘടനകൾ സമൂഹത്തിലെ പ്രശ്നങ്ങൾക്ക് നേരെ ശക്തമായി പ്രതികരിക്കുന്നു. സമുദായാംഗങ്ങൾക്ക് താങ്ങും തണലുമായി ഓരോ പ്രവർത്തകനും യത്നിക്കണം. ഇതുവഴി സഭാ പ്രവർത്തനം ധന്യമാവുന്നു. അടിസ്ഥാന യൂണിറ്റ് പ്രവർത്തനം സജ്ജമായാൽ മേൽഘടകങ്ങൾ തനിയെ അംഗീകരിക്കും. നല്ല ഉപസഭാ പ്രവർത്തകരും നല്ല ഉപസഭകളും നിറഞ്ഞ് യോഗക്ഷേമ സഭ കോഴിക്കോട് ജില്ലയുടെ പ്രവർത്തനം ധന്യമാകാൻ ജഗദ്ഗുരു ശങ്കരാചാര്യ സ്വാമികൾ അനുഗ്രഹിക്കട്ടെ.

**കോരമ്പറ്റ ശങ്കരൻ നമ്പൂതിരി**
**കോഴിക്കോട് ജില്ലാ സെക്രട്ടറി**

## ജില്ലാ വനിതാ വിഭാഗം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലയിലെ വനിതാവിഭാഗത്തിന്റെ പ്രവർത്തന ചരിത്രത്തിലെ ഒരു മാറ്റത്തിന്റെ കാലഘട്ടമായിരുന്നു 2015-16. ഓരോ ഉപസഭകളുമായി കൂടുതൽ ഇടപഴകാനും അറിയാനും ജില്ലാ വിഭാഗം ശ്രമിച്ചു. മാസയോഗങ്ങൾ ഉപസഭകളിലേക്ക് മാറ്റി. അന്തർജ്ജനങ്ങളുടെയും കുട്ടികളുടെയും സൃഷ്ടികളടങ്ങിയ 'അകത്തളം' എന്ന പുസ്തകത്തിന്റെ പ്രകാശനം, ജില്ലാ മാതൃകമ്മറ്റിക്ക് വിവിധ കാരണങ്ങളാൽ നടത്താൻ കഴിയാതെപോയ കലാമേള ചെറിയ രീതിയിലെങ്കിലും നടത്താൻ കഴിഞ്ഞത്, ഒരു ദിവസത്തെ വിനോദയാത്ര തുടങ്ങിയവ 2015-16 കാലത്തെ വനിതാ ജില്ലാ കമ്മിറ്റിയുടെ പ്രധാന പ്രവർത്തനങ്ങളായിരുന്നു. ഇതെല്ലാം ഉപസഭകളുമായുള്ള ജില്ലയുടെ ബന്ധം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു. അതുപോലെ തന്നെ പ്രവർത്തനങ്ങളിൽ നിന്ന് സ്വരൂപിച്ച സംഖ്യയുടെ ബാക്കിയും ചില വനിതാസഭാ പ്രവർത്തകരുടെ സംഭാവനയും ചേർത്ത് ചെറിയൊരു സംഖ്യ ചൂലൂർ സദാശിവ ബാലസദനത്തിന് കൈമാറി വനിതാ വിഭാഗം മാതൃക കാണിച്ചു.

കഴിഞ്ഞ ആറുമാസമായി നിലവിൽ വന്ന പുതിയ കമ്മിറ്റിയും പഴയ കമ്മിറ്റിയുടെ പാത തന്നെ പിന്തുടർന്ന് പുതിയ പ്രവർത്തനങ്ങളിലേയ്ക്ക് കാലൂന്നിയിരിക്കുന്നു. അംഗബലം കൊണ്ട് ഇന്ന് ജില്ലാ വനിതാ വിഭാഗത്തിന്റെ യോഗങ്ങൾ സജീവമാണ്. 'സ്വസ്തി' എന്ന മുഖപത്രത്തിന്റെ ആശയം വനിതാ വിഭാഗമാണ് മുന്നോട്ടുവച്ചത്. ജില്ലാ മാതൃസഭ അത് ഏറ്റെടു

ത്തുവെന്നാലും സ്വസ്തിയുടെ പിന്നിൽ ഞങ്ങളുടെ പൂർണ്ണവും ആത്മാർത്ഥവുമായ പ്രവർത്തനം ഉണ്ട് എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. 2017 ഇല്ലങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ വനിതാവിഭാഗവും യുവജന വിഭാഗവും സംയുക്തമായി നടത്താൻ തുടങ്ങി. വനിതകളിലെ വായനാശീലം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു മൊബൈൽ ലൈബ്രറി യൂണിറ്റും ഇന്ന് ജില്ലാ വനിതാ വിഭാഗത്തിന്റെ കീഴിലുണ്ട്. യോഗക്ഷേമസഭക്കു വേണ്ടി കൂടുതൽ ഊർജ്ജത്തോടെ പ്രവർത്തിക്കാൻ ഞങ്ങൾ വനിതകൾ തയ്യാറാണ്.

**ഉമശ്രീ കിഴക്കുമ്പാട്ട്**
**ജില്ലാ വനിതാ സെക്രട്ടറി**

## യുവജനസഭ വിഭാഗം

കോഴിക്കോട് യുവജന സഭ യോഗക്ഷേമ സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന് ആശയങ്ങൾ കൊണ്ടും പ്രവർത്തന മികവുകൊണ്ടും കൂട്ടായ്മ രൂപപ്പെടുത്തി കരുത്താർജ്ജിച്ച പ്രസ്ഥാനമാണ്. ഇന്നത്തെ യുവജനസഭ നൂതന സംരംഭങ്ങൾ ഉൾപ്പെടുത്തി സഭയുടെ ചട്ടക്കൂടിൽ നിന്നുകൊണ്ട് കാര്യണ്യ പ്രവർത്തനങ്ങളും സമ്പർക്കപരിപാടികളും ക്യാമ്പുകളും നടത്തുന്നു. പെൺകുട്ടികൾക്ക് തുല്യപ്രാധാന്യം കൊടുത്തുകൊണ്ട് യുവശക്തി എന്ന കൂട്ടായ്മയും ഒത്തുചേർന്ന് വരുംതലമുറക്ക് പ്രചോദനമാകുംവിധം ഒട്ടനവധി പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. യുവജന പ്രസ്ഥാനത്തിന്റെ തുടർ പ്രവർത്തനങ്ങളാണ് യുവജനവാരാഘോഷം, യുവശക്തി ക്യാമ്പ്, വിനോദയാത്ര, സൗഖ്യയുടെകാരുണ്യ പ്രവർത്തനങ്ങൾ തുടങ്ങിയവ.

**വിനീത് രാജ് കൻമന**
**ജില്ലാ യുവജനസഭ പ്രസിഡന്റ്**

## കൊയ്ത്തുത്സവം

ഉച്ചക്കാവുകാരുടെ കൂട്ടായ്മയുടെ വിജയമായിരുന്നു അവിടുത്തെ നെൽകൃഷിയിറക്കലും കൊയ്ത്തുത്സവവും. ഉപസഭയുടെ നേതൃത്വത്തിൽ കൃഷിയിറക്കി, നമ്പൂതിരിമാരും അന്തർജ്ജനങ്ങളും കുട്ടികളും ഞാറു നടാനും പിന്നീട് കൊയ്യാനും വയലിലേക്കിറങ്ങിയത് ഉപസഭയുടെ ചരിത്രത്തിൽ തന്നെ പുതിയ ഒരനുഭവമായി. പുതിയ തലമുറയ്ക്ക് കൃഷിയുടെ അറിവുകൾ പകർന്നുകൊടുക്കാനും ഈ പ്രവർത്തനം സഹായകമായി. നാട്ടിപാട്ടിന്റെ ഈണം ശ്രവിച്ചുകൊണ്ട് പുതിയ തലമുറ ഞാറുനടാൻ കാണിച്ച ഉത്സാഹം അടുത്ത കൃഷിയിറക്കാൻ വേണ്ടി ഉപസഭയ്ക്ക് പ്രചോദനം നൽകി. വിളവ് ഉപസഭാംഗങ്ങൾ പങ്കുവെച്ച് പുത്തൻ നെല്ലുകൊണ്ട് അവിലിടിച്ച് അതും പങ്കുവെച്ച് ഒത്തൊരുമയുടെ പൊൻവെളിച്ചം ഉപസഭയിലുടനീളം പരത്തുവാൻ ഈ പ്രവർത്തനംകൊണ്ട് കഴിഞ്ഞു. പ്രായവ്യത്യാസം മറന്ന്, പ്രായത്തിന്റെ അവശതകൾ മറന്ന് എല്ലാവരും കൊയ്ത്തുത്സവത്തിന്റെ ഭാഗമായത് ഉപസഭയുടെ പുണ്യം!

**വിഷ്ണു നമ്പൂതിരി നടുവിലേടം**
**ഉച്ചക്കാവ് ഉപസഭ**

## പൂക്കളോടൊപ്പം

യോഗക്ഷേമസഭാ അംഗങ്ങൾ എന്നും സമൂഹത്തിന്റെ ഭാഗമാണ് എന്നത് നാം എപ്പോഴും ഓർക്കേണ്ടതുണ്ട്. അതുകൊണ്ടു തന്നെയാണ് കൊയിലാണ്ടി ഉപസഭ വാർഷിക പ്രവർത്തന കലണ്ടറിൽ സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി വരുന്നത്. ഈ വർഷം കൊയിലാണ്ടിയിലെ മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കു വേണ്ടി പ്രവർത്തിക്കുന്ന NEST എന്ന സംഘടനയുടെ Day Care സെന്ററാണ് ഞങ്ങൾ തെരഞ്ഞെടുത്തത്. അവിടുത്തെ കൊച്ചുകുട്ടികൾക്കൊപ്പം ആടിയും പാടിയും അവരെ ഊട്ടിയും അവരുടെ പ്രശ്നങ്ങൾ പങ്കുവച്ചും അവരുടെ രക്ഷിതാക്കളുമായി സംവദിച്ചും ഒരു ദിനം. 2016 ജൂലൈ 30. നമ്മുടെ പ്രവർത്തകരുടെ മനസ്സിൽ എന്തെല്ലാം ചിത്രങ്ങളാണ് അന്നു വരച്ചു ചേർക്കപ്പെട്ടത്!

NEST ലെ നൂറോളം അന്തേവാസികൾക്ക് ഭക്ഷണം നൽകുക എന്ന ലക്ഷ്യവുമായാണ് ഞങ്ങൾ 35 പേർ അന്ന് കർമ്മനിരതരായത്. ഭക്ഷണവുമായി ഞങ്ങൾ അവിടെ എത്തിയപ്പോൾ മനസ്സിനെ മാറ്റി മറിക്കുന്ന ചിത്രങ്ങളായിരുന്നു മുന്നിൽ. ചിലർ കളിയും ചിരിയും. ചിലർ കരച്ചിലാണെങ്കിൽ ചിലർ മൂകരായിരിക്കുന്നു. പലരുടേയും അവ്യക്തമായ സംസാര രീതി. ഞങ്ങൾ അവർക്കിടയിലേക്ക് ഇറങ്ങി ചെന്നു. ചിലർ കുട്ടികൾക്ക് വേണ്ടി പാടി. ചിലർ നൃത്തം ചെയ്തു. കഥകൾ പറഞ്ഞു. ഭക്ഷണം കൊടുത്തു. NEST പ്രവർത്തകരും ഞങ്ങളോടൊപ്പം ചേർന്നു. ഞങ്ങൾ അവരെ ഊട്ടി അവർക്കൊപ്പമുണ്ട്. ഞങ്ങളുടെയെല്ലാം മനസ്സ് നിറഞ്ഞു. ഉപസഭയിലെ കുട്ടികൾക്കും മറക്കാനാവാത്ത ഒരനുഭവമായി.

**എടവല്യം പുരുഷോത്തമ ശർമ്മ**
**കൊയിലാണ്ടി ഉപസഭ**

## അനുസ്മരണം

ബാലുശ്ശേരി: ഉപസഭയിലെ ഒത്തൊരുമ പ്രതിഫലിച്ച ഒരു മികച്ച പരിപാടിയായിരുന്നു കുടുംബസംഗമം. കാലയവനികയിൽ മറഞ്ഞുപോയ ബാലുശ്ശേരിയിലെ മഹത്‌വ്യക്തികളെ അനുസ്മരിച്ചുകൊണ്ട് ഛായാ ചിത്രങ്ങൾക്കു മുൻപിൽ ദീപം തെളിയിച്ചുകൊണ്ടാണ് പരിപാടികൾ തുടങ്ങിയത്. ഈ മഹദ്‌വ്യക്തികൾ സാമൂഹിക സാംസ്കാരിക മേഖലകളിൽ ചെയ്ത പങ്കിനെക്കുറിച്ച് അനുസ്മരിക്കാൻ ഈ കുടുംബ സംഗമത്തിന് കഴിഞ്ഞു. പഴയ തലമുറയുടെ നൻമയുടെ സന്ദേശം പുതുതലമുറയിലേക്കെത്തിക്കുവാനും കഴിഞ്ഞു. സാമൂഹ്യ - രാഷ്ട്രീയ പുരോഗതിയിൽ മൺമറഞ്ഞ മഹദ് വ്യക്തികൾ ചെയ്ത പങ്ക് പുതുതലമുറയെ അത്ഭുതപ്പെടുത്തി. യുവജനങ്ങളുടെയും വനിതകളുടെയും സംഘാടന മികവ് തെളിയിക്കുവാൻ കുടുംബ സംഗമത്തിലൂടെ കഴിഞ്ഞു. ഉപസഭാംഗങ്ങളുടെയും കുട്ടികളുടെയും മികച്ച് കലാപ്രകടനത്തിലൂടെ കുടുംബ സംഗമത്തിന്റെ വേദി ധന്യമായി.

**വേണുനാഥ്**
**ബാലുശ്ശേരി ഉപസഭാ സെക്രട്ടറി**

---

## മൊബൈൽകൊണ്ടു കളിക്കരുത്

കോഴിക്കോട് സിറ്റി: തീകൊണ്ടു കളിക്കരുത് എന്നാണ് പണ്ടുകാലത്ത് മുതിർന്നവർ കുട്ടികളെ ഉപദേശിച്ചിരുന്നത്. എന്നാൽ ഇപ്പോൾ കുട്ടികളോട് മൊബൈൽ കൊണ്ടു കളിക്കരുത് എന്ന് തിരുത്തി ഉപദേശിക്കേണ്ട ഗുരുതരമായ അവസ്ഥയാണ് രക്ഷിതാക്കൾക്കു വന്നു ചേർന്നിരിക്കുന്നത്- പ്രസിദ്ധ സൈബർ ഫോറൻസിക്ക് വിദഗ്ദ്ധൻ ഡോ. പൊല്പായ വിനോദ് ഭട്ടതിരിപ്പാട് യോഗക്ഷേമസഭ കോഴിക്കോട് സിറ്റി ഉപസഭ സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടിയിൽ എടുത്തു പറഞ്ഞു.

'മൊബൈലും ജയിലും' എന്ന പുസ്തകത്തിന്റെ രചയിതാവായ ഡോ. വിനോദ് ഭട്ടതിരിപ്പാട് പ്രസ്തുത പുസ്തകത്തിന്റെ പത്തുകോപ്പികൾ സിറ്റി ഉപസഭയിലെ 10 മേഖലകളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകർക്കു ഒപ്പിട്ടു നൽകി. കഴിയുന്നത്ര പേരെ പുസ്തകം വായിപ്പിച്ച് മൊബൈൽ ചതിക്കുഴിയിൽ നിന്നും രക്ഷിക്കാനുള്ള പരിപാടിക്കു തുടക്കം കുറിച്ചു. ഡോ. കെ. മാധവൻ പുസ്തകത്തെ വിലയിരുത്തി പ്രഭാഷണം നടത്തി. സഭാംഗങ്ങളുടെ ഇതു സംബന്ധമായി പ്രകടിപ്പിച്ച സംശയങ്ങൾക്ക് ഡോ. ഭട്ടതിരിപ്പാട് ആധികാരികമായി മറുപടി നൽകി. 2016 സെപ്തംബർ 21 ന് കോഴിക്കോട് സിവിൽ സ്റ്റേഷൻ പരിസരത്തെ പള്ളിപ്പാട് അയ്യപ്പക്ഷേത്ര ഹാളിൽ നടന്ന ഓണാഘോഷത്തിൽ ഉപസഭാ അദ്ധ്യക്ഷ പങ്കജം കക്കാട് അദ്ധ്യക്ഷത വഹിച്ചു.

ഉപസഭാ സെക്രട്ടറി സ്വാഗതം പറഞ്ഞു. യുവജന സഭാ പ്രസിഡന്റ് കൃതജ്ഞത രേഖപ്പെടുത്തി. ലഘുഭക്ഷണവും പാനകവും ഭാസൻ കരിപ്പത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയത് ശ്രീനാരായണ ഗുരുസമാധി നാളിലെ പ്രസാദ ഊട്ട് ഹൃദ്യമാക്കി.

**കെ.എം.പരമേശ്വരൻ**
**സിറ്റി ഉപസഭാ സെക്രട്ടറി**




നിങ്ങളുടെ ഇല്ലങ്ങളെ
പ്ളാസ്റ്റിക് മുക്തമാക്കൂ...

## പാലക്കാടിന്റെ പൈതൃകം തേടി

**പൈ**തൃകത്തിന്റെ നൻമയറിഞ്ഞ് പാലക്കാടൻ കാറ്റിന്റെ സുഖമറിഞ്ഞ് ഒരു യാത്ര... പാലക്കാടിന്റെ മണ്ണിലൂടെ രണ്ടു ദിവസത്തെ യാത്ര മുക്കത്തെ നമ്പൂതിരിമാരുടെ കൂട്ടായ്മയ്ക്ക് മിഴിവേകി...

നാലുകെട്ടിന്റെ എല്ലാ ആഢ്യത്തവും കാത്തു സൂക്ഷിച്ചിരിക്കുന്ന ഏലംകുളം മനയിൽ നിന്നാണ് നാൽപ്പത്തെട്ടുപേർ അടങ്ങിയ യാത്രാസംഘം അവരുടെ കാഴ്ചക്ക് തുടക്കം കുറിച്ചത്. കേരളീയ കലകളുടെ പഠനകളരിയായ കലമണ്ഡലം, കൂനത്തറയിലെ തോൽപാവ നിർമ്മാണ കേന്ദ്രം എന്നീ സ്ഥലങ്ങൾ സന്ദർശിച്ചശേഷം 96 ദേശങ്ങളുടെ അധിപൻമാരായിരുന്ന കൂവളപ്പാറ നായൻമാരുടെ കൊട്ടാരത്തിലെത്തി. കാടു പിടിച്ചും ഇടിഞ്ഞു പൊളിഞ്ഞും കിടക്കുന്നുണ്ടെങ്കിലും ആ കൊട്ടാരം ഒരു ചരിത്രസ്മാരകമായി നിലകൊള്ളുന്നു. ആദ്യ ദിവസത്തെ ഉച്ചഭക്ഷണം വരിക്കാശ്ശേരി മനയിലെ നാലുകെട്ടിനകത്ത് വച്ച് കഴിച്ച് അവിടുത്തെ കാഴ്ചകൾ കണ്ട് മലമ്പുഴയുടെ മനോഹരിതയും കണ്ടു കഴിഞ്ഞപ്പോഴേയ്ക്ക് സമയം സന്ധ്യയാകാറായി. പാലക്കാടിന്റെ ഹൃദയഭാഗത്തെ കോട്ടയും കണ്ട് അന്നത്തെ യാത്ര അവസാനിപ്പിച്ചു.

കൽപാത്തി രഥോത്സവ വീഥികൾ, ചെമ്പൈഗ്രാമം, തിരുവില്വാമല, കുഞ്ചൻനമ്പ്യാരുടെ കലക്കത്ത് ഭവനം, ഒളപ്പമണ്ണ, ലോഹകണ്ണാടി നിർമ്മാണ കേന്ദ്രമായ അടക്കാപുത്തൂർ, കഥകളികോപ്പ് നിർമ്മാണ കേന്ദ്രമായ വെള്ളിനേഴി ഗ്രാമം എന്നീ സ്ഥലങ്ങളിലെ സന്ദർശനം യാത്രികർക്ക് പുതിയ അനുഭവങ്ങളും വിജ്ഞാനവും പകർന്നു. യോഗക്ഷേമസഭയുടെ അനിഷേധ്യ നേതാവായിരുന്ന ആര്യ പള്ളത്തിന്റെ 'അഭയ'ത്തിലെ വൃദ്ധരും മാനസികാസ്വാസ്ഥ്യമുള്ളവരുമായ അന്തേവാസികൾ ഈ യാത്രയിലെ ഒരു നീറ്റലായി എല്ലാവരിലും മാറി.

അംഗങ്ങൾക്കിടയിലെ കൂട്ടായ്മയും സന്തോഷവും ആഹ്ലാദപ്രകടനങ്ങളും ഈ യാത്രയിലുടനീളം കണ്ടു. പരമാവധി കാഴ്ചകൾ ഉൾപ്പെടുത്തിയത് ഈ യാത്രയുടെ പ്രധാന നേട്ടമായി. അടുത്ത യാത്രക്കുള്ള ഊർജ്ജം ഉൾക്കൊണ്ടായിരുന്നു എല്ലാവരും പിരിഞ്ഞത്.

**ടി.വി. ദിവാകരൻ നമ്പൂതിരി**
**ഉപസഭാ പ്രസിഡന്റ്**

# അർദ്ധനാരീശ്വരപൂജയുടെ മലയാളത്തനിമ

(50-ാം പേജിൽ നിന്ന്)

കറുകമാലകൾ, എല്ലാം എടുത്ത് കുളത്തിലോ പുഴയിലോ പോയി പാട്ടുകൾ പാടി തുടിച്ചു കുളിക്കുന്നു. വെള്ളത്തിൽ ഇറങ്ങി തുടിക്കുന്നതിനും 'തൈരുകടയു' ന്നതിനും 'മലരു വറുക്കുന്ന' തിനും വെവ്വേറെ പാട്ടുകൾ ഉണ്ട്.

കുളികഴിഞ്ഞ ശേഷം പുതുവസ്ത്രങ്ങൾ ധരിച്ച് കുറിതൊടലും കറുകമാല ചൂടലും കഴിഞ്ഞ ശേഷം വിളക്കുകൊളുത്തിവെച്ചു കിഴക്കോട്ടു തിരിഞ്ഞു നിന്ന് പതിഞ്ഞ കാൽവെപ്പോടെ കൈകൾ കൂപ്പി ഗണപതി, സരസ്വതി, സ്വയംവരങ്ങൾ തുടങ്ങിയ പാട്ടുകൾ പാടികളിക്കുന്നു. പിന്നീട് ഓട്ടമാണ്. ഊഞ്ഞാലാടാൻ. ഊഞ്ഞാലിൽ ആടുമ്പോഴും പാടുവാൻ പാട്ടുകളുണ്ട്.

ഗൃഹത്തിൽ എത്തിയാൽ ഇളനീര്, പഴം, എട്ടങ്ങാടി ചുട്ടത് (ചേന, ചേമ്പ്) മൂന്നു തരം കിഴങ്ങുകൾ (ശർക്കരക്കിഴങ്ങ്, കപ്പക്കിഴങ്ങ്, തൊപ്പക്കിഴങ്ങ്, കാച്ചിൽ, കൂർക്കൽ, നേന്ത്രക്കായ) തുടങ്ങിയവ നിവേദിച്ചു കഴിക്കുന്നു. ഉച്ചക്ക് ചാമ, ഈന്ത്, ഗോതമ്പ് എന്നിവ മാത്രമേ കഴിക്കുകയുള്ളൂ. തിരുവാതിര കഴിയുന്നതു വരെ അരിഭക്ഷണം ഇല്ല.

അർദ്ധനാരീശ്വരന്മാരെ മാതൃകയാക്കാനാണ് പണ്ടുള്ള കുടുംബിനികൾ ശ്രമിച്ചിരുന്നത്. പൊരുത്തക്കേടുകൾ അതിജീവിച്ച് സ്നേഹം, സഹനശക്തി, അർപ്പണ മനോഭാവം എന്നിവ പരിരക്ഷിക്കപ്പെടുമാറാകട്ടെ. കുടുംബ ഭദ്രതയുണ്ടാകട്ടെ. ആത്മീയതയുടെ പരിവേഷം നിലനിർത്തി കുടുംബാംഗങ്ങളുടെ ഒത്തുചേരലിലൂടെ ആഘോഷിക്കുന്ന തിരുവാതിര വനിതകളുടെ മാനസികോല്ലാസത്തിനും, വ്യക്തിത്വ വികസനത്തിനും എന്നും ഒരു മുതൽക്കൂട്ടാണ്. ●



# തളി പൂജാ സ്റ്റോഴ്സ് & ഗിഫ്റ്റ് സെന്റർ

- ഗണപതിഹോമം, ഭഗവതിസേവ തുടങ്ങി എല്ലാവിധ പൂജകൾക്കും ആവശ്യമായ ദ്രവ്യങ്ങൾ മിതമായ വിലയ്ക്ക് ലഭ്യമാണ്.
- **ശബരിമല യാത്രയ്ക്കുള്ള കെട്ടുനിറ സാധനങ്ങൾ, മാല, മുണ്ട് തുടങ്ങിയവയും ലഭ്യമാണ്.**
- പിച്ചള സാധനങ്ങൾ, ഗിഫ്റ്റ് സാധനങ്ങൾ, ഫോട്ടോകൾ, വിഗ്രഹങ്ങൾ തുടങ്ങിയവയും മിതമായ വിലയ്ക്ക് ലഭ്യമാണ്.
- ഓർഡർ പ്രകാരമുള്ള സാധനങ്ങൾ നിർദ്ദേശാനുസരണം എത്തിച്ചുകൊടുക്കുന്നതാണ്.
- ക്ഷേത്രങ്ങൾ, കാവുകൾ തുടങ്ങി സ്ഥിരാനുഷ്ഠാന സംവിധാനങ്ങൾക്ക് പ്രത്യേക നിരക്കിൽ പൂജാദ്രവ്യങ്ങൾ ലഭ്യമാണ്.
- പൂജാദ്രവ്യങ്ങൾ അനുയോജ്യമായ വിധം കൃത്യമായും പവിത്രമായും ഉത്തരവാദിത്വത്തോടുകൂടി മാത്രം കൈകാര്യം ചെയ്യുന്നു.

**ശ്രീകൃഷ്ണ ബിൽഡിംഗ്, 18/712 EF, തളി ശിവക്ഷേത്രത്തിനു പിറകുവശം, സമൂഹം റോഡ്**
**തളി, കോഴിക്കോട് – 673002. ഫോൺ: 04952701224, 9349125151**

**എല്ലാവർക്കും സർവ്വ ഐശ്വര്യങ്ങളും നേരുന്നു**

fssai 11316011000561

An ISO 22000- 2005 HACCP Certified Company

മൂല്യങ്ങൾ പോലെ™
പരിശുദ്ധമാവട്ടെ ഭക്ഷണവും

# Devan's™

**FOOD STUFF AND SUPER MARKET**

PATANJALI® ഉത്പന്നങ്ങൾ ലഭ്യമാണ്




**Namboodiris™**
Food & Home Products Pvt Ltd.
namboodiripvt@gmail.com

കരുമല
04962646750, 9847669690, 9544986866

**ദേവൻസ് പൂജാ സ്റ്റോർസ്**
devanspooja@gmail.com




Distributor enquiries solicited from unpresented areas in India & Abroad. For trade enquiries : + 91 994 62 32 233, ed@rggroup.co